**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച:**

വയനാട് ദുരന്തമേഖലയിലെ പുനരധിവാസ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തൽ

ശ്രീ. ടി. സിദ്ദിഖ്: സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്കായി സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയിൽ പങ്കെടുക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങളോട് അഭ്യർത്ഥിക്കാനുള്ളത് സമയകൃത്യത പാലിക്കണമെന്നതാണ്. സബ്മിഷൻ അവതരിപ്പിക്കുമ്പോൾ അംഗങ്ങളും അതിന് മറുപടി നൽകുമ്പോൾ മന്ത്രിമാരും സമയകൃത്യത പാലിക്കണമെന്നുള്ളത് ചെയർ നേരത്തെയും അഭ്യർത്ഥിച്ചിരുന്നു. നിർഭാഗ്യവശാൽ അതുകേൾക്കാൻ അംഗങ്ങളും മന്ത്രിമാരും തയ്യാറായിട്ടില്ല. ഇവിടെ സൂചിപ്പിക്കാനുള്ളത്, സമയത്തിനനുസരിച്ചുള്ള പ്രസംഗം നിങ്ങൾ സ്ട്രക്ച്ചർ ചെയ്യുക. ഒരുകാരണവശാലും അധിക സമയം അനുവദിക്കുന്നതല്ല.

ശ്രീ. ടി. സിദ്ദിഖ്: സർ, 2024 ജൂലൈ മാസം 30-ാം തീയതി പുലർച്ചെ ഇന്ത്യാരാജ്യം കണ്ട ഏറ്റവും വലിയ പ്രകൃതി ദുരന്തമായ ഉരുൾപൊട്ടൽ മേപ്പാടി പഞ്ചായത്തിലെ ചൂരൽമല-മുണ്ടക്കൈ പ്രദേശത്തെ മൂന്ന് വാർഡുകളിൽ നിരവധി മനുഷ്യജീവനുകളെടുക്കുകയും നിരവധി വീടുകളും കൃഷി സ്ഥലങ്ങളും ആവാസവ്യവസ്ഥയും സമ്പൂർണ്ണമായി തകർച്ചയ്ക്ക് ഇടവരുത്തുകയും ഇന്നും അതിന്റെ ആഘാതത്തിൽനിന്ന് മുക്തരാവാതെ ഒരു ജനതയും പ്രദേശവും മുന്നോട്ടുപോകുന്ന ഗൗരവതരമായിട്ടുള്ള സാഹചര്യമാണുള്ളത്. ഇന്നേയ്ക്ക് 76 ദിവസം പിന്നിടുകയാണ്. മരിച്ചവരോടുള്ള ആദരാഞ്ജലിയും ഗുരുതരമായി പരിക്കുപറ്റിയ ആളുകളോടുള്ള സഹാനുഭൂതിയും രേഖപ്പെടുത്തിക്കൊണ്ടാണ് സംസാരിക്കാൻ ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഉപനേതാവും മന്ത്രിമാരും മന്ത്രിസഭാ ഉപസമിതിയുൾപ്പെടെ നിരവധി എം.എൽ.എ.-മാരും രാഷ്ട്രീയ പ്രസ്ഥാനങ്ങളും സന്നദ്ധ സംഘടനകളും ബഹുമാന്യനായ പ്രധാനമന്ത്രി, പ്രിയപ്പെട്ട ശ്രീ. രാഹുൽഗാന്ധി, ശ്രീമതി പ്രിയങ്ക ഗാന്ധി, ശ്രീ. കെ. സി. വേണുഗോപാൽ എന്നിവരുൾപ്പെടെ എല്ലാവരുടെയും സാന്നിദ്ധ്യവും പ്രവർത്തനങ്ങളും ഏകോപനങ്ങളുമൊക്കെയായി

അവിടെ ധാരാളം നല്ല രീതിയിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ സാധിച്ചുവെന്നുള്ളത് നന്ദിയോടുകൂടി ഈ സന്ദർഭത്തിലെടുത്ത് പറയാൻ ആഗ്രഹിക്കുന്നു. നമുക്ക് തുടക്കത്തിൽ ആവേശമുണ്ടാകും, അതുകഴിഞ്ഞ് മന്ദഗതിയിലാകുകയും പിന്നീട് വിസ്മൃതിയിലേക്ക് പോകുകയും ചെയ്യും. ചൂരൽമല-മുണ്ടക്കൈയിലെ ആളുകൾ അങ്ങനെയാകരുതെന്നുള്ള ഏറ്റവും വലിയ വികാരമാണ് ഈ അടിയന്തരപ്രമേയത്തിന്റെ പ്രധാനപ്പെട്ട ആധാരം. ഞാൻ ഒരു ഉദാഹരണം ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. 2019-ൽ പുത്തുമലയിൽ ബഹുമാന്യനായ മന്ത്രിയുൾപ്പെടെ അവിടെവന്ന് ഏകോപനം നടത്തുമ്പോൾ അങ്ങും കേട്ടിരിക്കും കണ്ടിരിക്കും ഗുരുതരമായ പ്രയാസങ്ങളും വേദനകളും, അങ്ങയോടും സംസാരിച്ചിട്ടുണ്ട്. ഗുരുതരമായി പരിക്കേറ്റ ശ്രീ. ഷൗക്കത്ത് എന്നുപറയുന്ന ഒരു വ്യക്തി ചികിത്സയ്ക്ക് പണമില്ലാതെ ഇപ്പോഴും മുന്നോട്ടുപോകുന്ന ഗുരുതരമായ സാഹചര്യമുൾപ്പെടെ നമ്മുടെ മുമ്പിലുണ്ട്. ആ ഒരു സാഹചര്യത്തിൽ ഗൗരവതരമായ ചർച്ചയ്ക്ക് വിധേയമാക്കണം എന്നുള്ളതാണ്. സമയബന്ധിതമായ പുനരധിവാസമെന്നുള്ളത് കേവലം ഒരു കോൺക്രീറ്റ് ഭവനമല്ല. അവരുടെ വിദ്യാഭ്യാസ പുരോഗതി, ആരോഗ്യപുരോഗതി,

സാംസ്കാരിക വികാസം, സാമൂഹിക വികാസം എന്നിങ്ങനെ തുടങ്ങി സമഗ്രതലസ്പർശിയായിട്ടുള്ള വികാസ പ്രവർത്തനമാണ് പുനരധിവാസമെന്നുള്ളത്. ആ പുനരധിവാസ പ്രവർത്തനം നല്ലരീതിയിൽ നടക്കുന്നുവെന്നുള്ളത് ഉറപ്പുവരുത്തുന്നതിനുവേണ്ടി വലിയതരത്തിലുള്ള പ്രവർത്തനങ്ങളുടെ ഏകോപനം ഇനിയുണ്ടാകണമെന്നത് പ്രത്യേകം എടുത്തുപറയാൻ ആഗ്രഹിക്കുന്നു. നമുക്ക് പറ്റിയ പ്രയാസകരമായ ഒരു വീഴ്ച ..., 200 മില്ലിമീറ്റർ മഴ പെയ്താൽ അവിടെ landslide-prone area ആയി മാറുമെന്നുള്ളതാണ്. 24 മണിക്കൂറിൽ 200 മില്ലിമീറ്ററിലധികം മഴ ആ സ്ഥലത്ത് പെയ്തുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. പ്രഭവ കേന്ദ്രമായ പുഞ്ചിരിമറ്റം, Geological Survey of India (GSI)-യുടെ റിപ്പോർട്ടുപ്രകാരം ഉരുൾപൊട്ടലിന് ഏറ്റവും സാധ്യതയുള്ള ഒരു പ്രദേശംകൂടിയാണ്. 2019-ൽ പുത്തുമലയിലെ ഉരുൾപൊട്ടൽ നടന്നത് ഇതിനുതൊട്ടടുത്താണ്. 2020-ൽ ഇതേ സ്ഥലത്തുതന്നെ ഉരുൾപൊട്ടി. കവളപ്പാറ ഇതിന്റെനേർ അപ്പുറത്തുള്ള പ്രദേശത്താണ്. ഇത്രയും ഗുരുതരമായ സാഹചര്യം പ്രസ്തുത സ്ഥലത്തുണ്ടായിട്ടും മഴയെ അളക്കാനും നിർവചിക്കാനും അതിനനുസരിച്ചിട്ടുള്ള ക്രമീകരണങ്ങൾ

വരുത്താനും നമുക്ക് കഴിയാതെ പോയതാണ് ഈ വലിയ ദുരന്തത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് എന്നുള്ളത് വേദനയോടുകൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ഒരുകാര്യം പ്രത്യേകമെടുത്ത് സൂചിപ്പിക്കാനുണ്ട്. കാലാവസ്ഥാവ്യതിയാനവും അതിന്റെ സാഹചര്യങ്ങളും ചെറിയ അളവിലല്ല നമ്മെ ബുദ്ധിമുട്ടിക്കുന്നത്. അറബിക്കടലിൽ ആഗോളതാപനം അതിന്റെ ഊഷ്മാവിന്റെ വർദ്ധനവിൽ 1.2 ഡിഗ്രി സെൽഷ്യസ് മുതൽ 1.5 ഡിഗ്രി സെൽഷ്യസ് വരെയുണ്ടാകുകയും അവിടെനിന്നുണ്ടാകുന്ന നീരാവി മേഘങ്ങളായി അറബിക്കടലിൽ പടിഞ്ഞാറ് ഭാഗത്തുനിന്നുവന്ന് അത് നിലമ്പൂർ വാലിയിലും മുണ്ടക്കൈ പ്രദേശത്തും മേഘങ്ങൾ നേരെ മറിയുന്നതായിട്ടുള്ള വലിയ പ്രയാസകരമായ സാഹചര്യമാണ്. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശമാണ് ആ പ്രദേശം. India Meteorological Department (IMD)-യാണ് കാലാവസ്ഥാപ്രവചനത്തിന് ആധാരമാക്കുന്നത്. വയനാട്ടിൽ, ആകെ ആധികാരികമായിയെടുക്കുന്ന ആ സ്ഥലങ്ങളിൽ ഈ മുണ്ടക്കൈ-പുഞ്ചിരിമട്ടം-ചൂരൽമല ഏരിയ ഉണ്ടോയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ചോദ്യം.

ഇതില്ലാത്തത് നമ്മുടെ പ്രധാനപ്പെട്ടതായിരിക്കുന്ന വീഴ്ചയാണ്. ആ വീഴ്ച ചെറിയ വീഴ്ചയല്ല; Rain shadow region-ആണ് അമ്പലവയൽ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ. അവിടെയുണ്ടായ മഴയുടെ അളവെടുത്താൽ ഇവിടെയുണ്ടായിരിക്കുന്ന മഴയുടെ അളവുമായി അത് തുല്യമാക്കാൻ സാധിക്കില്ല. ആകെ 25 ദിവസത്തിൽ അമ്പലവയലിൽ ലഭിച്ച മഴയുടെ അളവ് 892.3 മില്ലിമീറ്റർ മഴയാണെങ്കിൽ ഇതിന്റെ തൊട്ടടുത്ത് rain-gauge ഉള്ളതായിരിക്കുന്ന കള്ളാടിയിൽ ലഭിച്ച മഴ 1980 മില്ലിമീറ്ററാണ്. ഇത് തമ്മിലൊരു അന്തരമുണ്ട്. ആ അന്തരം അലെർട്ടിലും ബാധിച്ചുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. KSDMA (Kerala State Disaster Management Authority)-യുടെ ആർക്കൈവ്, വയനാട് കളക്ടേറ്റിന്റെ instagram handle ആണ് ഞാനിവിടെ സൂചിപ്പിക്കുന്ന കാര്യം. 29-ാം തീയതി ഉച്ചയ്ക്ക് ഒരുമണിക്ക് ഓറഞ്ച് അലെർട്ടാണ്. ഈ ഓറഞ്ച് അലെർട്ട് എന്നുപറയുമ്പോൾ 200 മില്ലിമീറ്ററോളം മഴ പെയ്യുവെന്നുള്ളതാണ്. 200 മില്ലിമീറ്റർ മഴ പെയ്താൽ അവിടെ റെഡ് അലെർട്ടിന്റെ സാധ്യത തെളിഞ്ഞുവെന്നുള്ളതാണ്. ഓറഞ്ച് അലെർട്ടുള്ളതായിരിക്കുന്ന ഒരു സ്ഥലത്ത് ഇനി പെയ്യുന്ന മഴയുടെ അളവ്

കൃത്യമായി എടുക്കാനും പെയ്ത മഴയുടെ അളവ് അനുസരിച്ച് റെഡിലേക്ക് വരുമോയെന്നുള്ളത് നിരീക്ഷിക്കാനും എന്ത് സംവിധാനമാണ് നമ്മൾ ചെയ്തത്? ഒരു സംവിധാനവും നമ്മൾ ചെയ്തില്ലെന്നുള്ളത് മാത്രമല്ല, അവസാനം ഉരുൾപൊട്ടിയതിനുശേഷം റെഡ് അലെർട്ട് പ്രഖ്യാപിക്കുന്ന അതീവ ഗൗരവതരമായ സാഹചര്യമുണ്ടാകുകയും ചെയ്തു. ഞാൻ ഒരു കാര്യം പ്രത്യേകം ഈ സഭയുടെ മുമ്പിൽ എടുത്തുപറയാൻ ആഗ്രഹിക്കുന്നു. ഇങ്ങനെ നമുക്ക് പോകാൻ കഴിയുമോ....., കൽപ്പറ്റയിൽ Hume Centre of Ecology and Wildlife Biology ഉണ്ട്. അതിന്റെ ഡയറക്ടർ ശ്രീ. സി. കെ. വിഷ്ണുദാസ് ആണ്. ഞാൻ അദ്ദേഹവുമായി രണ്ട് മണിക്കൂർ ചെലവഴിച്ചയാളാണ്. അങ്ങേയ്ക്കും റവന്യൂ മന്ത്രിയ്ക്കും അറിയാം. അന്ന് വൈകുന്നേരം അപകടം വരുന്നു, ശ്രദ്ധിക്കണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനോട് അവർ പറഞ്ഞു. കളക്ടറേറ്റിലേയ്ക്ക് വിളിച്ചുപറഞ്ഞു, ബഹുമാനപ്പെട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റും പഞ്ചായത്ത് പ്രസിഡന്റും ഭരണ സമിതി അംഗങ്ങളും നിങ്ങൾ മാറണം, മാറാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അവിടെ പോയി പറഞ്ഞു. പക്ഷേ അവർ പറയുന്നത് പരിമിതമായാണെങ്കിലും കുറെ കാര്യങ്ങൾ

ചെയ്തു. അവിടെയുള്ള മുഴുവൻ ടൂറിസം സെന്ററുകളും അടയ്ക്കണമെന്ന് പഞ്ചായത്ത് ജില്ലാ കളക്ടറേറ്റിലേയ്ക്ക് മെയിൽ അയച്ചു. ഗൗരവതരമായിട്ടുള്ള ഏകോപനത്തിന്റെ പ്രശ്നമുണ്ടായെന്നാണ് ഞാൻ പറഞ്ഞത്. ഞാൻ ഒരു കാര്യം പ്രത്യേകമായി ചൂണ്ടിക്കാണിക്കുന്നു. critical zone ആയിട്ടുള്ള ജില്ലകളിലെ ജില്ലാ ചെയർമാൻ എന്നുപറയുന്നത് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ചെയർമാനായ ജില്ലാ കളക്ടറാണ്. മൂന്ന് ജില്ലാകളക്ടർമാർ തുടർച്ചയായി വയനാട് ജില്ലയിൽ വന്നു. അവരെയൊക്കെ മാറ്റിയ സമയം നിങ്ങൾ ഒന്നാലോചിക്കണം. ശ്രീമതി എ. ഗീത എന്ന ജില്ലാ കളക്ടറെ നിങ്ങൾ മാറ്റിയത് മാർച്ച് അവസാനത്തിലാണ്. Critical മുഹൂർത്തം വരുന്നതിന്റെ തൊട്ടുമുമ്പ് നിങ്ങൾ ശ്രീമതി രേണുരാജിനെ മാറ്റി ഇപ്പോൾ ശ്രീമതി മേഘശ്രീ ഐ.എ.എസ്. വന്നു. നല്ല കളക്ടർമാരാണ് അവരൊക്കെ, നന്നായി ജോലി ചെയ്യുന്നു. പക്ഷേ ശ്രീമതി മേഘശ്രീ ഐ.എ.എസ്. വന്നത് ഈ മഴ വരുന്നതിന്റെ കേവലം ഇരുപത് ദിവസം മുമ്പാണ്. എങ്ങനെ അവർക്ക് ഈ ജില്ലയെക്കുറിച്ച് പഠിക്കാൻ കഴിയും, എങ്ങനെ അവർക്ക് മുന്നോട്ട് പോകാൻ കഴിയും. വിവിധ ജില്ലകളിൽ നിങ്ങൾ ദുരന്തനിവാരണത്തിന്റെ ഡെപ്യൂട്ടി

കളക്ടർമാരെ വച്ചു. ഏറ്റവും പ്രശ്നബാധിതമായ വയനാട് ജില്ലയിൽ ഒരു ഡെപ്യൂട്ടി കളക്ടറെ നിങ്ങൾ നിയമിച്ചോ? ദുരന്ത നിവാരണത്തിന്റെ ഒരു ഡിപ്പാർട്ടുമെന്റ് തുടങ്ങാൻ ആവശ്യമായ നടപടികൾ നിങ്ങൾ സ്വീകരിച്ചോ? Doppler radar-കൾ കേരളത്തിൽ രണ്ടിടത്താണുള്ളത്. ഒന്ന് തിരുവനന്തപുരത്തും മറ്റൊന്ന് കൊച്ചിയിലുമാണ്. ഏറ്റവും കൂടുതൽ പ്രയാസകരമായ സാഹചര്യം നേരിടുന്ന മലബാർ മേഖലയിൽ doppler radar-ന്റെ സാന്നിദ്ധ്യമുൾപ്പെടെ ഇന്ന് artificial intelligence-ന്റെ susceptibility map പ്രകാരമുള്ള ഡാറ്റായുടെ എല്ലാ സഹായത്തോടുംകൂടി landslide ഉൾപ്പെടെ പ്രവചിക്കാൻ കഴിയും. ആ landslide ഉൾപ്പെടെ പ്രവചിക്കാനും അതിനനുസരിച്ച് geo mapping നടത്താനും അതുപോലെ സ്ഥിരം ഷെൽട്ടറുകൾ സംവിധാനം ചെയ്യാനുമുള്ള അടിയന്തരമായ നടപടികൾ ഇതിന്റെ പശ്ചാത്തലത്തിൽ ഒരുക്കണമെന്ന് വിനീതമായി ഗവൺമെന്റിനോട് അഭ്യർഥിക്കുകയാണ്. ഒരു കാര്യം പ്രത്യേകമായി എടുത്ത് പറയേണ്ടതുണ്ട്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി വന്നു..., പ്രധാനമന്ത്രി അവിടെ സന്ദർശിച്ച് ഒന്നര മണിക്കൂർ അധിക സമയം എടുത്തു. ഞങ്ങൾ വലിയ ആശ്വാസത്തിലായിരുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മന്ത്രിമാർ, ജനപ്രതിനിധികൾ, ഞങ്ങൾ എല്ലാവരും ഉണ്ടായിരുന്നു. ഒന്നര മണിക്കൂറിൽ കൂടുതൽ സമയമെടുത്ത് പ്രദേശം സന്ദർശിച്ചു. ആശുപത്രിയിലും റിലീഫ് ക്യാമ്പിലും പോയി. അവസാനം യോഗം നടത്തി. ആ യോഗത്തിൽ നമ്മളോട് പറഞ്ഞത് നിങ്ങൾ ഒറ്റയ്ക്കല്ല. നിങ്ങളോടൊപ്പം ഇന്ത്യാ ഗവൺമെന്റ് കൂടെയുണ്ടെന്നാണ്. 229 കോടി രൂപ അടിയന്തര സഹായം വേണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടും ഇതുവരെ ഒരു നയാപൈസ നൽകിയില്ല. 1200 കോടി രൂപയുടെ നഷ്ടമുണ്ടായി. അവിടെ പുനഃക്രമീകരണത്തിന് 2000 കോടി രൂപ ആവശ്യമാണ്. ഒരു നയാ പൈസ കേന്ദ്ര സർക്കാർ നൽകിയില്ല. ഇപ്പോൾ വയനാട്ടിലെ ദുരന്തബാധിതർ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. ഇന്ത്യൻ പ്രധാനമന്ത്രി വന്നത് ഫോട്ടോ ഷൂട്ടിനായിരുന്നോ എന്നുള്ള ചോദ്യം അവിടെയുള്ള ദുരന്തബാധിതർ ചോദിക്കുകയാണ്. ഗൗരവതരമായ ഒരു സാഹചര്യം; ഇത്രയും പ്രയാസകരമായ സാഹചര്യം ഉണ്ടായിട്ടും കേന്ദ്ര സർക്കാർ അനങ്ങുന്നില്ലെന്നുള്ളത് ഏറെ വേദനിക്കുന്ന അനുഭവമാണ്. ഒരു കാര്യം ചൂണ്ടിക്കാണിക്കുന്നു. അവിടെയുള്ള ആളുകൾ വിവിധ ലോണുകൾ എടുത്തിട്ടുണ്ട്. അഗ്രികൾച്ചർ ലോൺ,

ബിസിനസ്സ് ലോൺ, surety ലോൺ, ഗോൾഡ് ലോൺ, മക്കളുടെ വിദ്യാഭ്യാസ ലോൺ, കൂടാതെ വിവിധതലങ്ങളിലുള്ള വെഹിക്കിൾ ലോണും മറ്റുമുണ്ട്. SLBC (State Level Bankers Committee) മീറ്റിംഗിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ കടങ്ങൾ എഴുതിത്തള്ളണമെന്ന് പറഞ്ഞു. എഴുതിത്തള്ളിയില്ല, ഇപ്പോഴും ആളുകളുടെ കൈയിൽനിന്നും പിടിച്ചെടുക്കുകയാണ്. അതിന് എത്ര ഉദാഹരണങ്ങളുണ്ട്. അതിന്റെ മുഴുവൻ ഉദാഹരണങ്ങളും സമയമില്ലാത്തതുകൊണ്ട് പറയുന്നില്ല. ദുരന്തബാധിതരുടെ പുനരധിവാസം ബാധ്യതയോടുകൂടിയുള്ള പുനരധിവാസമാണോ? വീടും ജീവനോപാധിയും എല്ലാം നഷ്ടപ്പെട്ട് നിലനിൽക്കാൻ സാധിക്കാത്തവരുടെ കടം എഴുതിത്തള്ളാതെ അവർ എങ്ങനെ മുന്നോട്ടുപോകും? ഞങ്ങൾ DLBC (District Level Bankers Committee) മീറ്റിംഗിൽ കൃത്യമായി ആവശ്യപ്പെട്ടു. ഒന്നുകിൽ സംസ്ഥാന സർക്കാർ മുതൽ എഴുതിതള്ളണം അല്ലെങ്കിൽ ബാങ്കുകൾ പലിശ എഴുതിതള്ളണം. ഏതെങ്കിലും ഒരു കോമ്പിനേഷൻ നിങ്ങളുണ്ടാക്കണം. ഒരു അഭ്യർഥനയുണ്ട്, ഈ പാവപ്പെട്ടയാളുകളുടെ കടങ്ങൾ മുഴുവൻ എഴുതിത്തള്ളാനാവശ്യമായ അടിയന്തരമായ നടപടികൾ സർക്കാർ

സ്വീകരിക്കണം എന്നുള്ളതാണ്. മറ്റൊരു പ്രധാനപ്പെട്ട കാര്യം സർക്കാർ മുമ്പാകെ ചൂണ്ടിക്കാണിക്കാനുള്ളത്, ഉരുൾപ്പൊട്ടൽ ദുരന്തത്തിൽ പെട്ടുപ്പോയ ആളുകളെ പുനരധിവസിപ്പിക്കാൻ രണ്ട് സ്ഥലങ്ങൾ സർക്കാർ ഐഡന്റിഫൈ ചെയ്തു. അത് ദുരന്തനിവാരണ ആക്റ്റ് പ്രകാരം ഏറ്റെടുക്കാനുള്ള നടപടികളിലേയ്ക്ക് സർക്കാർ പോകുന്നു. അവിടെ സർക്കാരിന്റെ ഒരു ജാഗ്രതയുണ്ടാകണം. നിയമപരമായ വൃത്തങ്ങളിലേയ്ക്ക് ഈ പുനരധിവാസ പ്രവർത്തനത്തെ കൊണ്ടുപോകാതെ സ്ഥലം കൃത്യതയോടുകൂടി സമവായത്തിലും സംസാരത്തിലും നിയമപരമായും എല്ലാ മാർഗ്ഗങ്ങളും അവലംബിച്ച് ഒരു രീതിയിലും നേരം വൈകാതെ ഈ സ്ഥലം ഏറ്റെടുത്ത് മുന്നോട്ടുപോകാൻ അടിയന്തരമായ നടപടിയുണ്ടാകണം. ഞാനിത് പറയുന്നത്.., മാനേജ്മെന്റുകളുമായി ചർച്ച നടത്താതെ മുന്നോട്ടുപോയി എന്നുള്ളതും അവർ നിയമ നടപടിയിലേയ്ക്ക് പോകുന്നുവെന്നുള്ളതും അങ്ങനെ പല രീതിയിലും കേൾക്കുന്നു. അങ്ങനെ നിയമനടപടിയിൽ ഇതിനെ കുരുക്കാതെ നോക്കാൻ സർക്കാരിന്റെ അടിയന്തരമായിട്ടുള്ള ഇടപെടൽ ഉണ്ടാകണം എന്നുള്ളത് പ്രത്യേകം എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. നിരവധിയായ പ്രയാസങ്ങൾ ആ

മേഖലയിൽ ഉണ്ടായി. സർക്കാർ പോസിറ്റീവായി ഇടപെട്ടതായിരിക്കുന്ന മേഖലയാണ് ശ്രുതിയുടെ കാര്യം. ശ്രുതി അതിജീവനത്തിന്റെ കരുത്തുള്ള പ്രതീകമാണ്. ശ്രുതിയ്ക്ക് ജോലി കൊടുക്കാനുള്ള സർക്കാരിന്റെ തീരുമാനത്തെ ഞാൻ അഭിനന്ദിക്കുകയാണ്. ഒറ്റക്കായി പോയ കുട്ടികൾ അതുപോലെ ഫാമിലിയുടെ breadwinner പോയി വലിയ മോശമായ സാഹചര്യത്തിലേയ്ക്ക് പോയതായിരിക്കുന്ന ആളുകൾ... അത്തരം ആളുകളുടെ കടങ്ങൾ ഏറ്റെടുക്കാനും അവർക്ക് ജോലി കൊടുക്കാനുള്ളതുമായ നടപടികൾ സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകണം. ഞാൻ ഒരൊറ്റ കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. തിരച്ചിൽ പ്രവർത്തനം, 1963-ാം ബാച്ചിലെ എം.ബി.ബി.എസ്. ഡോക്ടേഴ്സ് അവിടെ വന്നു. കൽപ്പറ്റയിലെ ലിയോ ഹോസ്പിറ്റലിൽ എം.ഡി. സഹായധനം കൊടുക്കാനായി ഒരു ലിസ്റ്റുണ്ടാക്കി നൽകാൻ ഡോക്ടറോട് പറഞ്ഞു. സഹായധനം കൊടുക്കാൻ അവർ തയ്യാറാണെന്നും പറഞ്ഞു. ഞങ്ങൾ ലിസ്റ്റുണ്ടാക്കി. അവർക്ക് ശ്രീ. സുരേന്ദ്രൻ ഡോക്ടറും ഞങ്ങളെല്ലാവരും കൂടി ലിസ്റ്റുണ്ടാക്കി കൊടുക്കുമ്പോൾ അവിടെ മുബീന എന്നുപറയുന്ന സ്ത്രീ വന്നു. ആ മുബീനയെന്ന സ്ത്രീ പറയുകയാണ് എന്റെ

രണ്ട് മക്കളെ കാണാതായിട്ട് അവരെ ഇതുവരെ കണ്ടെത്തിയിട്ടില്ല. തിരച്ചിൽ നടത്തി ആ കബറിടത്തിൽ ഒന്ന് പോയി പ്രാർഥിക്കാൻ ഒരവസരം നൽകണമെന്നവർ പറയുകയാണ്. പതിനാലാം തീയതി പ്രധാനമന്ത്രി വരുന്നതിന്റെ തലേ ദിവസം നമ്മൾ തിരച്ചിൽ അവസാനിപ്പിച്ചതാണ്. എനിക്കറിയാം നല്ലപോലെ അറിയാം നമ്മളൊക്കെ ഒരുമിച്ച് നിന്നവരാണ്. അവസാനം നിരന്തരം അഭ്യർഥിച്ചതുകൊണ്ടാണ് ഒരു ദിവസം പരിശോധന നടത്തിയത്. ആ പരിശോധന നടത്തിയപ്പോൾ അഞ്ച് ബോഡി ഭാഗങ്ങളാണ് ലഭിച്ചത്. ജനകീയ തിരച്ചിലൊക്കെ നടത്തിയതിനെ ഞാൻ വിലക്കുറച്ച് കാണുന്നില്ല. അതുകഴിഞ്ഞ് രണ്ട് ബോഡിയുടെ അവശിഷ്ടങ്ങൾ വീണ്ടും നിലമ്പൂർ ഭാഗത്ത് നിന്ന് കിട്ടി. ഉറ്റവർക്ക് സഹായധനം കിട്ടാൻ ഡിക്ലറേഷൻ ഉണ്ടാകണം. മാത്രമല്ല, തിരച്ചിൽ പൂർണ്ണമായി നടത്തി ഞങ്ങൾ ഇനി ഡിക്ലറേഷനിലേയ്ക്ക് പോകുന്നുവെന്ന് ആ കുടുംബത്തോട് പറയണം. നിരവധിയായ പ്രയാസങ്ങൾ നേരിടുകയാണ്. അത് മുഴുവൻ പരിഹരിക്കാൻ ഏകോപന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത് ഒറ്റക്കെട്ടായി ഒരു മനസ്സോടുകൂടി സർക്കാർ ചെയ്യുന്നതിന്റെ കൂടെ നിൽക്കും, അതിൽ തർക്കമില്ല.

ഏകോപനം നല്ല രീതിയിൽ നടത്തി ഈ പ്രശ്നം പരിഹരിച്ച് അവിടെയുള്ള ജനതയ്ക്ക് സംരക്ഷണം കൊടുക്കാൻ മുന്നോട്ട് വരണമെന്ന് അഭ്യർഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, നമ്മളെയെല്ലാം നടുക്കിയ വയനാട് ദുരന്തം സംബന്ധിച്ചുള്ള കാര്യങ്ങളിൽ ഗവൺമെന്റ് നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചട്ടം 300 പ്രകാരം സഭയിൽ ഗവൺമെന്റ് അവതരിപ്പിച്ചിട്ടുള്ളതാണ്. എങ്കിലും ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് അവിടെ വലിയ തോതിലുണ്ടായിട്ടുള്ള പ്രയാസങ്ങളും പുനരധിവാസത്തിന്റെ സങ്കീർണതകളുമെല്ലാം കണക്കിലെടുത്തുകൊണ്ട് ഈ അടിയന്തര പ്രമേയം ചർച്ച ചെയ്യുന്നതിനായി അനുമതി നൽകിയ ബഹുമാനപ്പെട്ട സ്പീക്കറെയും അതുപോലെതന്നെ ഈ വിഷയം സഭയിൽ ചർച്ച ചെയ്യാൻ അനുവാദം നൽകിയ മുഖ്യമന്ത്രിയെയും അഭിനന്ദിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. സിദ്ദിഖ് സഭ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ച കാര്യങ്ങളെല്ലാം ഗവൺമെന്റിന്റെ ശ്രദ്ധയിലുള്ളവയാണെന്നാണ് ചട്ടം 300 അനുസരിച്ചുള്ള

ഉപക്ഷേപംതന്നെ വ്യക്തമാക്കുന്നത്. നമുക്ക് ഒരുമിച്ചുചേർന്ന് ഈ ദുരന്തത്തിൽനിന്നും രക്ഷപ്പെടണം. ഈ പ്രകൃതി ദുരന്തങ്ങൾ ഭൂഗോളത്തിന്റെ എല്ലാ ഭാഗങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നാണ് നമ്മൾ കാണുന്നത്. തികഞ്ഞ സാങ്കേതികവിദ്യ നമ്മളെക്കാൾ കൂടുതലുള്ള പ്രദേശങ്ങളിൽപ്പോലും അപ്രതീക്ഷിതമായി വലിയ തോതിലുള്ള പ്രകൃതി ക്ഷോഭങ്ങളാണുണ്ടാകുന്നത്. ഭൂമിയുടെ അന്തരീക്ഷത്തിലുണ്ടായിട്ടുള്ള താപ വ്യതിയാനങ്ങളുടെയെല്ലാം ഭാഗമായിട്ടാണ് ഇങ്ങനെ സംഭവിക്കുന്നുണ്ട്. എങ്കിലും ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ നമുക്ക് കുറെക്കൂടി സാങ്കേതികവിദ്യകൾ വികസിപ്പിച്ചുകൊണ്ട് കഴിയാവുന്നത്ര ഈ ദുരന്തങ്ങളെ മുൻകൂട്ടി കാണാൻ കഴിയുമോയെന്ന് പരിശോധിക്കേണ്ടതുണ്ട്. എത്രതന്നെ ശ്രമിച്ചാലും ചില ദുരന്തങ്ങൾ നമുക്ക് മുൻകൂട്ടി പ്രവചിക്കാൻ കഴിയുന്നില്ലെന്ന വസ്തുതയുണ്ട്. നേരത്തെ പുത്തുമലയിൽ ദുരന്തമുണ്ടായപ്പോൾ ചൂരൽ മലയിൽ അത്തരത്തിലുള്ള ദുരന്തമുണ്ടാകുമെന്ന് നമ്മളാരും കരുതിയതല്ല. വയനാട് ജില്ലയുടെ വലിയ മേഖലകൾ ecologically fragile ആയി തുടരുകയാണ്. അതിൽ അങ്ങനെയല്ലെന്ന് കരുതിയ അപൂർവം ചില സ്ഥലങ്ങളിൽപ്പോലും

ഇപ്പോൾ അപകടമുണ്ടാകുന്നുവെന്നതാണ് വസ്തുത. ഇതുസംബന്ധിച്ച് സർക്കാർ, പഠനങ്ങൾ നടത്തി കൂടുതൽ വ്യക്തത വരുത്തേണ്ടതിന്റെ ആവശ്യകതയുണ്ട്. എന്നാൽ പുത്തുമലയിൽ ജൂലൈ 30-നുണ്ടായ ദുരന്തവുമായി ബന്ധപ്പെട്ട് സമാനതകളില്ലാത്ത രക്ഷാപ്രവർത്തനമാണ് എല്ലാവരുംചേർന്ന് നടപ്പാക്കിയത്. ദുരന്തമുണ്ടായ അന്നുതന്നെ ഒരുദിവസം പോലും വൈകാതെ ഈ പ്രവർത്തനങ്ങളുടെ ‘ Coordination of rescue operations’ എന്നുപറഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ മന്ത്രിയും ഡിസാസ്റ്റർ മാനേജ്മെന്റുമായി ബന്ധപ്പെട്ട് അടിയന്തരമായി ശ്രദ്ധിക്കേണ്ടുന്ന കാര്യങ്ങൾ നടപ്പാക്കുന്നതിനായി ഓഫീസിലെത്തി ആവശ്യമായ എല്ലാ നടപടികളും ഒറ്റദിവസം കൊണ്ടുതന്നെ സ്വീകരിക്കുന്നതിനുള്ള നേതൃത്വം കൊടുത്തു. മാതൃകാപരമായ പുന:രധിവാസ പ്രവർത്തനങ്ങളാണ് നമ്മൾ നടത്തിയിട്ടുള്ളതെന്ന് കാണാൻ സാധിക്കും. ദുരന്തമുണ്ടായ പല മേഖലകളെയും നമ്മൾ താരതമ്യം ചെയ്യുന്നില്ല. എങ്കിലും എത്രയോ ദിവസങ്ങൾ കഴിഞ്ഞാണ് പുന:രധിവാസ പ്രവർത്തനങ്ങളെപ്പറ്റി സമഗ്രമായ ആലോചനതന്നെ നടക്കുക. എന്നാൽ ഇവിടെ അങ്ങനെയല്ല, വളരെ

പെട്ടെന്നുതന്നെ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ നമുക്ക് സാധിച്ചു. നമ്മുടെ നാല് മന്ത്രിമാർ അവിടെ ക്യാമ്പ് ചെയ്തു. മന്ത്രിമാർ മാത്രമല്ല, വയനാട് ജില്ലയിലെ ബഹുമാനപ്പെട്ട ടി. സിദ്ദിഖ് എം.എൽ.എ.-യുടെ മണ്ഡലം കൂടിയാണ്, അദ്ദേഹം മുഴുവൻ സമയവും അവിടെനിന്ന് ഈ പ്രവർത്തനങ്ങൾക്കാകെ നേതൃത്വം നൽകിയെന്നത് അഭിനന്ദനാർഹമായ കാര്യമാണ്. അതുപോലെ ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി ശ്രീ. ഒ. ആർ. കേളുവും ശ്രീ. ഐ. സി. ബാലകൃഷ്ണൻ എം.എൽ.എ.-യും അവിടെ ക്യാമ്പ് ചെയ്ത് ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയുണ്ടായി. സംസ്ഥാനത്തിന്റെ എല്ലാ സന്നദ്ധതയും സാധ്യതകളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവിടെ വിന്യസിച്ചുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനം. കേന്ദ്ര ഏജൻസികളുമായും ബന്ധപ്പെട്ടു. കേന്ദ്ര സംസ്ഥാന സേനകളടക്കം 1800-ലധികം പേരാണ് ഔദ്യോഗികമായിത്തന്നെ ഈ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടത്. അതുകൊണ്ടാണ് ദുരന്തത്തിന്റെ ആഘാതത്തിൽ ചെറിയൊരു കുറവെങ്കിലും വരുത്താൻ സാധിച്ചത്. ഒരുപാട്

ജീവനുകളെ രക്ഷപ്പെടുത്താൻ സാധിച്ചു. ഒരുപാടുപേരെ കൃത്യ സമയത്ത് ആശുപത്രികളിൽ എത്തിക്കാൻ സാധിച്ചതുകൊണ്ട് ജീവൻ രക്ഷിക്കാൻ സാധിച്ചു. ലോകത്തിനുതന്നെ മാതൃകയായിട്ടുള്ള ഒരു സന്നദ്ധ/ദുരിതാശ്വാസ പ്രവർത്തനമാണ് അവിടെ നടന്നത്. നമ്മുടെ അഗ്നി രക്ഷാസേനകൾ, നമ്മുടെ രണ്ട് ഹെലികോപ്റ്ററുകൾ അവയെല്ലാം അതിനുവേണ്ടി പ്രയോജനപ്പെടുത്തി. എല്ലാവരും എത്ര പെട്ടെന്നാണ് അവിടെ ഇടപെട്ടതെന്ന് നമ്മൾ കാണുണ്ട്. ആശുപത്രികളിൽ ചികിത്സാ സൗകര്യമൊരുക്കി. അവിടെ ഗവൺമെന്റ് ആശുപത്രി മാത്രമല്ല, ഡോ. ആസാദ് മൂപ്പന്റെ ഉടമസ്ഥതയിലുള്ള Aster DM WIMS ആശുപത്രിയിൽനിന്നും വലിയ സഹായമാണ് ലഭിച്ചത്. സർക്കാരും ആ ആശുപത്രിയുമായി ബന്ധപ്പെട്ട് വലിയ സഹായമാണ് ഒരുക്കിയിട്ടുള്ളത്. വയനാട് മഹാദുരന്തത്തിൽ 224 മരണങ്ങളുണ്ടായിട്ടുണ്ടെന്നാണ് രേഖപ്പെടുത്തിയിട്ടുള്ള കണക്കുകൾപ്രകാരം അറിയാൻ സാധിച്ചത്. നേരത്തെ ഇവിടെ കണക്കുകൾ സൂചിപ്പിച്ചതുകൊണ്ട് എല്ലാ കണക്കുകളും സൂചിപ്പിക്കുന്നില്ല. നിരവധി കെട്ടിടങ്ങളും കൃഷിയിടങ്ങളും നശിച്ചുപോയി. എല്ലാം നഷ്ടപ്പെട്ട ഒരു ജനതയെയാണ് അവിടെ കാണാൻ സാധിക്കുന്നത്.

ഇതെല്ലാം സർക്കാരിന്റെ ശ്രദ്ധയിലുണ്ട്. വളരെ പെട്ടെന്നുതന്നെ ചെയ്യേണ്ടത് ചെയ്തിട്ടുണ്ട്. അതിൽ ആർക്കും ആക്ഷേപം പറയാൻ കഴിയില്ല. അടിയന്തരമായി ചെയ്യാൻ കഴിയുന്നതെന്താണ്; എല്ലാം നഷ്ടപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായമാണ്. നാലുലക്ഷം രൂപ സാധാരണ നൽകുന്ന രീതിയിലും രണ്ട് ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പ്രത്യേക സഹായമായും വളരെ പെട്ടെന്ന് അനുവദിക്കാൻ സാധിച്ചു. പരുക്കേറ്റവർക്ക് സൗജന്യമായി ചികിത്സ നൽകിയതോടൊപ്പംതന്നെ അത്യാവശ്യമായി 50,000 രൂപ ചികിത്സാ സൗകര്യത്തിനായി അനുവദിക്കാനും ഗവൺമെന്റ് തയ്യാറായി. മാതാപിതാക്കൾ രണ്ടുപേരും നഷ്ടപ്പെട്ട കുട്ടികൾക്ക് പത്തുലക്ഷം രൂപയും ഒരു രക്ഷിതാവ് നഷ്ടപ്പെട്ട കുട്ടിക്ക് അഞ്ചുലക്ഷം രൂപയുടെയും ധനസഹായം പ്രഖ്യാപിച്ചു. മാത്രമല്ല, ഈ കുട്ടികളുടെ വിദ്യാഭ്യാസം, അവരുടെ തുടർ ജീവിതം... ബഹുമാനപ്പെട്ട അംഗം പറഞ്ഞത് കേവലം ഒരു കോൺക്രീറ്റ് ബിൽഡിംഗ് എടുത്തുമാറ്റി തീർക്കാവുന്നതല്ല ഈ ദുരിതാശ്വാസ പ്രവർത്തനമെന്നാണ്. ഗവൺമെന്റും കാണുന്നത് അങ്ങനെതന്നെയാണ്. അതുകൊണ്ടാണ് ഈ ദുരിതത്തിലകപ്പെട്ട

ശ്രുതിയുടെ കാര്യത്തിൽ ഇത്രയേറെ ശ്രദ്ധിച്ചത്. ബഹുമാനപ്പെട്ട അംഗം അതിനെ അഭിനന്ദിച്ച് സംസാരിക്കുകയും ചെയ്തു. ആ പെൺകുട്ടി ഒറ്റപ്പെട്ടുപോയി, കഷ്ടമെന്ന് പറയട്ടെ, അവർക്ക് താങ്ങായി നിൽക്കാൻ തീരുമാനിച്ച ചെറുപ്പക്കാരന്റെ ജീവനും നഷ്ടപ്പെടുന്ന അവസ്ഥയുണ്ടായി. ആ പെൺകുട്ടിയെ ഗവൺമെന്റ് സംരക്ഷിക്കുമെന്ന് പ്രതിജ്ഞയെടുക്കുകയും അവൾക്ക് ജീവിക്കാനാവശ്യമായ തൊഴിൽ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തത് ഗവൺമെന്റിന്റെ ഈ കാര്യത്തിലുള്ള മനുഷ്യസ്നേഹപരമായ പ്രവർത്തനത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. അതിന് ഞാൻ ഈ ഗവൺമെന്റിനെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ശ്രുതിയെ സഹായിച്ചതിന് മാത്രമല്ല, ഇനി ഒറ്റപ്പെട്ടുപോയ കുട്ടികളുടെ പുന:രധിവാസവും അവരുടെ വിദ്യാഭ്യാസവും ഭാവിയുമെല്ലാം ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ടായിരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. നഷ്ടപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിന് എത്ര ദ്രുതഗതിയിലാണ് സർക്കാർ ഇടപെട്ടത്. എത്ര കാലം നിന്നാലും നഷ്ടപ്പെട്ടുപോയ രേഖകൾ കിട്ടാതെ അലയുന്ന മനുഷ്യരെ നമുക്ക് ഈ പ്രകൃതി ദുരന്തമുണ്ടായ സ്ഥലങ്ങളിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷെ ഇവിടെ

വളരെ പെട്ടെന്നുതന്നെ കാര്യങ്ങൾ നടപ്പാക്കിയ റവന്യൂ വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പുൾപ്പെടെയുള്ള എല്ലാ വകുപ്പുകളും ഇടപെട്ടുകൊണ്ട് രേഖകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കടാശ്വാസ നടപടിയുടെ കാര്യം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത് കേട്ടു. ഗവൺമെന്റിന്റെ നിർദ്ദേശങ്ങളിൽനിന്നും മനസ്സിലാക്കിയത് അവിടെയുള്ള ബാങ്കുകൾക്ക് ഈ കാര്യങ്ങൾ സാധാരണ ഗതിയിലാകുന്നതുവരെ കടത്തിന്മേലുള്ള ജപ്തി നടപടികൾ സ്വീകരിക്കാതിരിക്കാൻ ഗവൺമെന്റ് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടെന്നാണ്. അതുപോലെ ആർ.ബി.ഐ.-യുമായി ബന്ധപ്പെട്ട് കടം എഴുതിത്തള്ളുന്ന കാര്യം പരിഗണിക്കുന്നുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. നിസ്സംശയം ആ കാര്യത്തിൽ എല്ലാവർക്കും യോജിപ്പാണ്. ഈ സമയത്ത് അവരിൽനിന്നും കടം തിരിച്ചുപിടിക്കാൻ പുറപ്പെടുന്നത് ക്രൂരതയായിരിക്കും ഗവൺമെന്റ് ആ കാര്യങ്ങൾ ശ്രദ്ധിക്കുന്നുണ്ടെന്നാണ് കാണുന്നത്. ദുരിതാശ്വാസ നിധിയിലേയ്ക്ക് പണം ശേഖരിക്കാൻ മുഖ്യമന്ത്രി ആഹ്വാനം ചെയ്തപ്പോൾ വളരെ പോസിറ്റീവായാണ് കേരളം ആ കാര്യം കണ്ടത്. ഇവിടെ എല്ലാവരും അംഗീകരിക്കുന്ന ഒരു

വസ്തുതയുണ്ടല്ലോ; ബഹുമാനപ്പെട്ട പ്രധാനമന്ത്രി അവിടെ സന്ദർശിച്ച സമയത്ത് ചെറിയ കുട്ടികളെയെല്ലാം താലോലിച്ച്, നല്ല വാർത്ത പത്രങ്ങളിൽവന്നു. അതെല്ലാം കണ്ടപ്പോൾ നമുക്കും ഒരൽപം ആശ്വാസമുണ്ടായി. പ്രധാനമന്ത്രി വന്ന് ഇത്രയും സ്നേഹപൂർണമായി പെരുമാറുകയും ഒരുപാട് സമയം ദുരിതാശ്വാസ ക്യാമ്പുകളിൽ ചിലവഴിക്കുകയും ചെയ്തിട്ട് നമുക്ക് എന്താണ് കിട്ടിയത്? നമ്മുടെ സംസ്ഥാനത്തിന് എന്തെങ്കിലും അനുവദിച്ചോ; അഞ്ചുപൈസ അനുവദിക്കാൻ തയ്യാറായിട്ടില്ലെന്നതാണ് നമ്മൾ കാണുന്നത്. 1200 കോടി രൂപയിലധികം രൂപയുടെ നാശനഷ്ടങ്ങളുണ്ടാകുമ്പോൾ ഈ കൊച്ചുകേരളം എവിടെനിന്നെടുത്ത് ഈ നഷ്ടം പരിഹരിക്കും. 2017-ലും 2018-ലും പ്രളയമുണ്ടായപ്പോൾ എത്ര കോടി രൂപയുടെ നാശനഷ്ടമുണ്ടായി. യഥാർത്ഥത്തിൽ ഒരു ജനാധിപത്യ/ഫെഡറൽ വ്യവസ്ഥിതിയിൽ ഇങ്ങനെ അധികമായുണ്ടാകുന്ന ചിലവുകൾ, സാധാരണ കിട്ടുന്ന നികുതി വിഹിതം, നമ്മുടെ പദ്ധതിവിഹിതത്തിന്റെ ഒരു ഭാഗമെല്ലാം അതിനുവേണ്ടി നീക്കിവയ്ക്കുന്നതാണ്. എന്നാൽ ഓരോ സംസ്ഥാനങ്ങളിലും പ്രകൃതിക്ഷോഭങ്ങളും ദുരന്തങ്ങളുമുണ്ടാകുമ്പോൾ ഇത്തരം നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്ര

ഗവൺമെന്റ് സഹായിക്കണമെന്നുള്ളതാണ് ഫെഡറൽ വ്യവസ്ഥിതിയുടെ ധാർമ്മികത. 1200 കോടി രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ 1200 കോടി രൂപയും നമുക്ക് നൽകേണ്ടതാണ്. അതിൽ ചില്ലറ എന്തെങ്കിലും നൽകുകയല്ല വേണ്ടത്. 1200 കോടി പോകട്ടെ, അടിയന്തരമായി നമുക്ക് ചെയ്യാൻ കഴിയുന്നതിന്റെ പകുതി സഹായമെങ്കിലും കേന്ദ്ര ഗവൺമെന്റ് നൽകിയോ? കേന്ദ്ര ഗവൺമെന്റ് സാമ്പത്തിക സഹായം നൽകാത്തതിനെതിരെ ഒന്നടങ്കം സഭയിലും സഭയ്ക്കുപുറത്തും പ്രതിഷേധിക്കണം. അതോടൊപ്പം നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും ഇത് പരിഹരിക്കുന്നതിനായി നടത്തുന്ന ശ്രമങ്ങളെ പിന്തുണയ്ക്കണമെന്നുള്ളത് നമ്മുടെ എല്ലാവരുടെയും മനസ്സിലുണ്ടാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദുരിതാശ്വാസനിധിയിലേക്ക് സഹായം അഭ്യർഥിച്ചപ്പോൾ ഏതെല്ലാം ഭാഗത്തുനിന്നാണ് ലഭിച്ചത്. നമുക്ക് മനസ്സിന് വലിയ സന്തോഷമുണ്ടാക്കുന്ന കാര്യമാണ്, ചെറിയ കുട്ടികൾ അവരുടെ സമ്പാദ്യ കുടുക്കയുമായി മുഖ്യമന്ത്രിയുടെ അടുത്തുചെല്ലുന്നു. അവർ പല സ്വപ്നങ്ങൾക്കുവേണ്ടി സ്വരൂപിച്ചുകൂട്ടിയ പണം കൊടുക്കാൻ തയ്യാറാകുന്നു. എന്നാൽ, അങ്ങനെ

കൊടുക്കാത്തവരില്ലേ; അങ്ങനെ കൊടുക്കുന്നതിനെ തള്ളിപ്പറയുന്നവരില്ലേ; കൊടുക്കരുതെന്ന് നിർദേശിക്കുന്നവരില്ലേ; നമ്മുടെ നാട്ടിൽ ഗവൺമെന്റിന്റെ ശമ്പളം വാങ്ങുന്ന ആളുകൾക്ക് ഒരു മാസത്തെ ശമ്പളം കൊടുത്താൽ വിഷമമൊക്കെയുണ്ടാകും. ആ ഒരു മാസത്തെ ജീവിത പ്രക്രിയയ്ക്ക് ഒരുപാട് തടസ്സം നേരിടും. പലരും ശമ്പളംകൊണ്ട് മാത്രം ജീവിക്കുന്നവരാണ്. എന്നാൽ ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യണമെന്ന് പറയുമ്പോൾ അത് മനസ്സോടെ ചെയ്യുന്നവരുണ്ട്, കൊടുക്കാത്തവരുണ്ട്, കൊടുക്കരുതെന്ന് ആഹ്വാനം ചെയ്യുന്നവരുമുണ്ട്. അത് ശരിയായ കാര്യമാണോ; നമ്മൾ ഒറ്റക്കെട്ടായിനിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കക്ഷിരാഷ്ട്രീയ ഭേദമില്ലാതെ എല്ലാവരും കൊടുക്കണമെന്ന് പറയേണ്ടതല്ലേ; അങ്ങനെ പറയാൻ പ്രതിപക്ഷവുംകൂടി ഒരുമിച്ച് ചേരണമെന്ന് അഭ്യർഥിക്കുകയാണ്.

പ്രളയ സമയത്ത് സ്വന്തം ആടിനെ വിറ്റ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകിയ ശ്രീമതി സുബൈദയുടെ വാർത്ത പത്രത്തിൽ വന്നിരുന്നു. അതേ സുബൈദ ഇപ്രാവശ്യം അവരുടെ

കടയിലെ ഒരു ദിവസത്തെ മുഴുവൻ വരുമാനവും ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്യാൻ തീരുമാനിച്ചിരിക്കുന്നു. ഇത് ഒരു സുബൈദയുടെ മാത്രം കഥയല്ല. ഇങ്ങനെയുള്ള മനുഷ്യരാണ് യഥാർഥത്തിൽ കേരളത്തെ പുനരുജ്ജീവിപ്പിക്കുന്നത് എന്നുള്ളത് നമുക്ക് കാണാൻ സാധിക്കും. അതുകൊണ്ടുതന്നെ അത്തരം സഹായങ്ങളൊക്കെ സ്വീകരിച്ച്, ഇപ്പോൾ 500 കോടിയോളം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ വന്നിട്ടുണ്ട്. ശ്രീമതി സുബൈദ രണ്ടാമതും ഈ സഹായം കൊടുക്കുമ്പോൾ പറഞ്ഞത്, "ഇത് കൊടുത്താൽ എത്തേണ്ട കരങ്ങളിൽ എത്തുമെന്ന് എനിക്ക് ഉറച്ച വിശ്വാസമുണ്ട്" എന്നാണ്. എന്നാൽ നമ്മുടെ നാട്ടിലെ മാധ്യമങ്ങളടക്കം എന്തൊരു മോശമായ പ്രചരണമാണ് നടത്തിയത്; പുനരധിവാസത്തിന് എത്ര തുക വേണ്ടിവരുമെന്ന് എസ്റ്റിമേറ്റ് ചെയ്ത് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടപ്പോൾ ഇതെല്ലാം ചെലവഴിച്ചു എന്നുപറയുന്നത് കള്ളത്തരമാണ്, ഗവൺമെന്റ് നുണ പറഞ്ഞു എന്നുപറഞ്ഞുകൊണ്ട് ദുരന്തമുഖത്ത് ചെയ്യാൻ പാടുള്ളതാണോ ചെയ്തത്; ഹൈക്കോടതിയടക്കം അതിനെ വിമർശിച്ചു. അങ്ങനെ പറഞ്ഞത് ശരിയല്ലെന്നും അത് കേന്ദ്രം നൽകേണ്ടതാണെന്നും

പറഞ്ഞു. ഗവൺമെന്റ് നടത്തുന്ന ഈ പരിശ്രമത്തെ നമുക്ക് ഒറ്റക്കെട്ടായി, ഒരുമിച്ച് നിന്നുകൊണ്ട് സഹായിക്കാം. എത്രയുംവേഗം ഈ പാവപ്പെട്ട ജനതയെ പൂർണ്ണമായും പുനരധിവസിപ്പിക്കാനുള്ള നടപടിയിൽ ഒരുമിച്ച് ഇടപെടാമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, പുഞ്ചിരിമട്ടം, മുണ്ടക്കൈ, ചൂരൽമല ദുരന്തം കഴിഞ്ഞ് എഴുപത്തിയാറാമത്തെ ദിവസമാണ് ഇന്ന്. ഇവിടെ ഉപക്ഷേപം അവതരിപ്പിച്ച കൽപ്പറ്റ എം.എൽ.എ. ശ്രീ. ടി. സിദ്ദിഖ് കാര്യങ്ങൾ വളരെ വ്യക്തമായി പ്രതിപാദിച്ചു. നമുക്കവിടെ ഇനിയും ആശങ്കകളുണ്ട്. ഈ സംഭവമുണ്ടായത് ജൂലൈ 30-ന് അർധരാത്രിയാണ്. അതിനുശേഷം ഇതൊക്കെ ഏകോപിപ്പിക്കുന്നതിനുവേണ്ടി നാല് മന്ത്രിമാരും എം.എൽ.എ.-മാരും ഉദ്യോഗസ്ഥരുമടങ്ങുന്നൊരു സമിതി അവിടെയുണ്ടായിരുന്നു. മാത്രമല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രതിക്ഷാംഗങ്ങളെയും മന്ത്രിമാരെയുമടക്കം വിളിച്ചുചേർത്തുകൊണ്ട് സർവകക്ഷിയോഗം ചേർന്ന് വ്യക്തമായ നിലപാടുകൾ സ്വീകരിച്ചു. കൂടാതെ, ഇന്ത്യയുടെ പ്രതിപക്ഷനേതാവ് ശ്രീ. രാഹുൽ ഗാന്ധി, ശ്രീമതി പ്രിയങ്ക ഗാന്ധി, അതോടൊപ്പംതന്നെ

ശ്രീ. കെ. സി. വേണുഗോപാൽ എം.പി., കേരളത്തിന്റെ പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ എന്നിവരടക്കമുള്ള നേതാക്കളും അവിടെയെത്തി. ശ്രീ. രാഹുൽ ഗാന്ധിയുടെ രണ്ട് ദിവസത്തെ സന്ദർശനത്തിൽ അദ്ദേഹത്തോട് പുഞ്ചിരിമട്ടത്തിലേക്ക് പോകാൻ കഴിയില്ല, അവിടെ ഭയാനകമായ അന്തരീക്ഷമാണ് ഉള്ളതെന്ന് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞത്, എനിക്ക് പുഞ്ചിരിമട്ടം ഒന്ന് സന്ദർശിക്കണം എന്നാണ്. കിലോമീറ്ററുകളോളം താണ്ടി പുഞ്ചിരിമട്ടത്തെത്തി അവിടത്തെ വിഹാരങ്ങൾ, അവിടത്തെ ഗൗരവാവസ്ഥ എല്ലാം കണ്ടിട്ടാണ് അദ്ദേഹം തിരിച്ചുചെന്ന് പാർലമെന്റിൽ ഈ വിഷയം ഉന്നയിച്ചത്. അതിനുശേഷമാണ് ഇന്ത്യയുടെ പ്രധാനമന്ത്രി സംഭവ സ്ഥലം സന്ദർശിക്കാനുള്ള നിലപാടുകൾ സ്വീകരിച്ചത്. ഈ സ്ഥലം സന്ദർശിക്കുകമാത്രമല്ല, ആ സന്ദർശന വേളയിൽ ഞങ്ങളൊക്കെ കരുതിയത്, ഞങ്ങൾക്കൊന്നും പോകാൻ പറ്റിയില്ലെങ്കിലും അവിടത്തെ എം.എൽ.എ.-യോ, ജില്ലാ കളക്ടറെയെങ്കിലുമോ അദ്ദേഹത്തിന്റെ കൂടെ കൂട്ടുമെന്നാണ്. പക്ഷേ, അദ്ദേഹത്തിന്റെ കൂടെ കൊണ്ടുപോയില്ല. ജില്ലാ കളക്ടർ അവസാനം ഇക്കാര്യങ്ങളൊക്കെ ബോധ്യപ്പെടുത്താൻവേണ്ടി ചീഫ് സെക്രട്ടറിയുടെ

വാഹനത്തിൽ ചാടിക്കയറിപ്പോകുന്നൊരു അവസ്ഥയാണ് ഉണ്ടായിട്ടുള്ളത്. അതിലൊരു കോ-ഓർഡിനേഷൻ ഉണ്ടായിട്ടില്ല. പക്ഷേ, അദ്ദേഹം കളക്ടറേറ്റിൽ വന്ന് പറഞ്ഞത് എന്താണ്; കേരളം മാത്രമല്ല, കേന്ദ്രവും നിങ്ങളുടെ കൂടെയുണ്ടാകും എന്നാണ്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഇവിടെ സൂചിപ്പിച്ച കൊച്ചു കുട്ടിയെ എടുത്ത് താലോലിക്കുന്ന രംഗം കണ്ടപ്പോൾ നമുക്കൊക്കെ വലിയ ദുഃഖവും സന്തോഷവും അഭിമാനവും തോന്നി. ആ കുട്ടിക്ക് വേണ്ടിയെങ്കിലും കാരുണ്യത്തിന്റെ ഭാഗമായി ഒരു പദ്ധതി അനുവദിക്കാൻ കേന്ദ്രം തയ്യാറാകണ്ടേ; തയ്യാറായില്ല. മാത്രമല്ല, ഇപ്പോൾ അവിടത്തെ ജനങ്ങൾ പറയുന്നത്, പുനരധിവാസത്തെക്കുറിച്ചാണ്. ടൗൺ ഷിപ്പ് സൃഷ്ടിക്കാനുള്ള നടപടികളുമായി പോകുന്നുവെന്ന് ഗവൺമെന്റ് പറഞ്ഞു. 76 ദിവസമായിട്ട് എന്താണ് ആ ടൗൺ ഷിപ്പിന്റെ പ്ലാൻ; സമിതി വിളിച്ചുചേർത്ത് അതൊന്ന് ബോധ്യപ്പെടുത്താൻ കഴിയുമോയെന്നുള്ളതാണ് എന്റെ ചോദ്യം? പുത്തുമല ദുരന്തമുണ്ടായത് രാത്രി 10 മണിക്കാണ്. അതിന്റെ രണ്ട് കിലോമീറ്റർ അപ്പുറത്ത് 250 മില്ലീമീറ്റർ മഴ പെയ്തപ്പോൾ അപകടാവസ്ഥയാണെന്ന വാർത്ത പല ചാനലുകളും പുറത്തുവിട്ടു. അവിടത്തെ പഞ്ചായത്ത് പ്രസിഡന്റ്,

ജനപ്രതിനിധികൾ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സംഷാദ് മരക്കാർ, ശ്രീ. ടി. സിദ്ദിഖ് എം.എൽ.എ. ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ മുഴുവൻ അവിടെ ചെന്നു. ജില്ലാ ഭരണകൂടം വ്യക്തമായൊരു തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ 24 മണിക്കൂർ വേണ്ട, 2 മണിക്കൂർകൊണ്ട് പുത്തുമലയിൽനിന്നും മുണ്ടക്കൈയിൽനിന്നും പുഞ്ചിരിമട്ടത്തുനിന്നും അവരെ മുഴുവനും മാറ്റി മേപ്പാടിയിലേക്ക് കൊണ്ടുവരാൻ കഴിയുമായിരുന്നു. കഴിഞ്ഞില്ല. അതൊരു വീഴ്ചയായി ഗവൺമെന്റ് കാണേണ്ടതുണ്ട്.

മൃതശരീരങ്ങൾ സംസ്കരിക്കുന്നതിനുവേണ്ടി എച്ച്.എം.എൽ. ഭൂമിയിൽ 69 സെന്റ് ലഭിച്ചു. ബഹുമാനപ്പെട്ട മന്ത്രിമാർക്കൊക്കെ അറിയാം. ഈ ഭൂമിയുടെ കാര്യങ്ങൾ ചർച്ച ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് മേപ്പാടി പഞ്ചായത്ത് ഭരണസമിതി ഉൾപ്പെടെയുള്ള അവിടത്തെ രാഷ്ട്രീയ നേതൃത്വം പറയുന്നത് ഈ ശരീര ഭാഗങ്ങൾ മുഴുവൻ ഇവിടെ അടക്കുന്നതിനുള്ള സൗകര്യങ്ങൾ കണ്ടെത്തണ**മെന്ന്. ഞങ്ങളൊക്കെ മന്ത്രിമാരടക്കമുള്ളവരെല്ലാം മുണ്ടക്കൈയിലായിരുന്നു.** അപ്പോഴാണ് ജില്ലാ ഭരണകൂടത്തിന്റെ തീരുമാനം, മേപ്പാടിയിലുള്ള ശരീര ഭാഗങ്ങൾ ഏതാണ്ട് 60 കിലോമീറ്റർ അപ്പുറത്ത് എന്റെ

നിയോജകമണ്ഡലത്തിൽ കബനിയുടെ തീരത്തിൽ മുള്ളങ്കൊല്ലി പൊതുശ്മശാനത്തിലും അവിടെനിന്ന് 70 കിലോമീറ്ററിനപ്പുറത്താണ് തൊണ്ടർനാട് പഞ്ചായത്ത്, അവിടെ പൊതുശ്മശാനത്തിലും അടക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്യുന്ന എന്ന്. ഞങ്ങൾ ശക്തമായി പ്രതിരോധിച്ചു. മാത്രമല്ല, ഞാനും ശ്രീ. ടി. സിദ്ദിഖ് എം.എൽ.എ.-യും മുസ്ലീം ലീഗ് നേതാവ് പ്രിയപ്പെട്ട ബഷീർക്ക അടക്കം ഇക്കാര്യങ്ങൾ ഉന്നയിച്ചപ്പോൾ രാത്രി യോഗം വിളിച്ച്, അത് വേണ്ടെന്നും, നമുക്ക് എച്ച്.എം.എൽ. ഭൂമിയിൽത്തന്നെ സമർവമത പ്രാർഥനയോടുകൂടി അടക്കാമെന്നും സർവകക്ഷിനേതാക്കളുടെ നേതൃത്വത്തിൽ തീരുമാനിച്ചു. എല്ലാവരെയും അടക്കാനുള്ള ഒരു സാഹചര്യം അവിടെ ഒരുക്കിയിട്ടില്ലായിരുന്നു.

ഒരുകാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് നിർത്തുകയാണ്. ചൂരൽമല ദുരന്തമുണ്ടായപ്പോൾ ഇതുപോലെ ഇവരെ വാടക വീടുകളിലേക്ക് മാറ്റി. മാത്രമല്ല, അവർക്ക് വീടുകൾ നിർമ്മിക്കുന്നതിനുവേണ്ടി 2 ലക്ഷം രൂപവച്ച് ആദ്യഗഡു ഗവൺമെന്റ് അവരുടെ അക്കൗണ്ടുകളിലേക്ക് കൊടുത്തു. പക്ഷേ ഒരു കാര്യമുണ്ടായി. അവർക്ക് ആ വീടിന്റെ വാടക കൊടുക്കാൻ കഴിഞ്ഞില്ല.

അവസാനം ഈ പാവങ്ങൾ ചെയ്യുന്നതെന്താണ്; വീട് നിർമ്മിക്കാനുള്ള തുകയിൽനിന്നും ആ വാടക എടുത്തുകൊടുത്ത് അവർ രക്ഷപ്പെടുകയാണ് ചെയ്തത്. ആ അവസ്ഥ ഇതിനുണ്ടാകരുത്. ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ്, റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ, പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി ശ്രീ. ഒ. ആർ. കേളു, വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ, മുഖ്യമന്ത്രി, പ്രതിപക്ഷം എന്നിവരെല്ലാം യോജിച്ച് ഇവരെ വാടക വീടുകളിലാക്കിയിട്ടുണ്ട്. ഇന്നും പരിക്ക് പറ്റിയവരും ചികിത്സയിൽ കഴിയുന്നവരുമുണ്ട്. ചികിത്സയുമായും വാടക കൊടുക്കുന്നതും വീട് നിർമ്മിക്കുന്നതുമായും ബന്ധപ്പെട്ട് ഇനിയുള്ള പാക്കേജ് എന്താണ്; പ്രധാനപ്പെട്ട മറ്റൊരുകാര്യം, വിവിധ സംഘടനകളും രാഷ്ട്രീയ പാർട്ടികളും വിവിധ വ്യക്തികളും നിരവധി വീടുകൾ സ്പോൺസർ ചെയ്തിട്ടുണ്ട്. ഇവരെയൊക്കെ വിളിച്ചുചേർത്ത് ഏകോപിപ്പിക്കുന്നതിനുള്ള നടപടികൂടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, ഈ ചർച്ച നമ്മൾ അഭിമുഖീകരിച്ച അതിഭയാനകമായ ദുരന്തത്തെ നേരിടാൻ ഗവൺമെന്റ് എടുത്ത നിലപാടുകളും അതോടൊപ്പം പൊതുസമൂഹം കേരള ജനത ഒറ്റക്കെട്ടാണെന്ന് കാണിച്ച ആ സമീപനത്തെയും എടുത്തുകാണിച്ചുകൊണ്ട് തുടങ്ങട്ടെ.

ഇവിടെ 'നമ്മൾ' എന്നല്ലാതെ ഒരു ചർച്ച ഉയർന്നുവരുന്നത് നല്ലതല്ല എന്നാണെന്റെ അഭിപ്രായം. 2024 ജൂലൈ 30-ന് ഉണ്ടായ  ഉരുൾപ്പൊട്ടൽ നാം ഇന്നേവരെ കാണുകയും അനുഭവിക്കുകയും ചെയ്യാത്ത തരത്തിലാണുണ്ടായത്. കാലാവസ്ഥാ വ്യതിയാനത്തിൽ ഭാവി കേരളവും ഭാവി ലോകവും എങ്ങനെ എന്നതിന്റെ ഒരു നിദാനമാണ് ഇതെന്ന് നമുക്ക് കാണാൻ കഴിയും. ഇതിനെ നേരിടാൻ യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനമാണ് കേരളത്തിലെ ഗവൺമെന്റും പൊതുസമൂഹവും ചെയ്തതെന്ന് നമുക്ക് തർക്കമില്ലാതെ പറയാൻ കഴിയുന്നതാണ്. വയനാടിലെ മേപ്പാടി മേഖലയിലുണ്ടായ ദുരന്തത്തെ നേരിടുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ റവന്യൂ വകുപ്പുമന്ത്രി ദുരന്തനിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്ററിൽ നേരിട്ടെത്തി സ്ഥിതിഗതികൾ വിലയിരുത്തി. അതിനുശേഷം

ഇവിടെ സൂചിപ്പിച്ചതുപോലെ നാല് മന്ത്രിമാരും അവിടെയുള്ള നിയമസഭാംഗങ്ങളുമെല്ലാം ചേർന്ന് കേന്ദ്രീകൃത പ്രവർത്തനത്തിന് അവിടെ തുടക്കം കുറിച്ചു. ലഭ്യമായ എല്ലാ രക്ഷാപ്രവർത്തനവും സാധ്യമാക്കി. അതുസംബന്ധിച്ച കണക്ക് ഈ സഭയിൽ വന്നതുകൊണ്ട് അക്കാര്യത്തെക്കുറിച്ച് പ്രത്യേകമായി പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. എല്ലാവരെയും എത്തിച്ചുകൊണ്ട് മനുഷ്യസാധ്യമായത് എന്തൊക്കെയാണോ അതൊക്കെ ചെയ്യാനുള്ള ആത്മാർഥമായ പ്രവർത്തനമാണ് ഈ ദുരന്ത മുഖങ്ങളിൽ കാണാൻ കഴിഞ്ഞത്. അതിൽ പൊതുസമൂഹത്തിന്റെയും എല്ലാ പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയുമൊക്കെ സഹായവും നാം എടുത്തുപറയേണ്ടതാണ്. താരതമ്യം ചെയ്യാൻ കഴിയാത്ത തരത്തിലുള്ള സമീപനമാണ് ഇതിൽ നമുക്ക് കാണാൻ കഴിഞ്ഞത്. അവരുടെ ജീവിതം ഉറപ്പുവരുത്തുന്നതിനായി പുനരധിവാസത്തിന് ഊന്നൽ നൽകിക്കൊണ്ട് ക്യാമ്പുകൾ ആരംഭിക്കുകയും അതിനുശേഷം അവരെ വാടക വീടുകളിലേക്ക് മാറ്റുകയും ചെയ്തു. പൊതുസാമൂഹ്യ ചർച്ചയുടെ അടിസ്ഥാനത്തിൽ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായിച്ചേർന്ന് എങ്ങനെ പുനരധിവാസം നടത്താമെന്ന് തീരുമാനിച്ച് അത്തരം പ്രവർത്തനങ്ങളുമായി

മുന്നോട്ടുപോകുകയാണ്. അത്തരം പ്രവർത്തനങ്ങൾ അതിവേഗതയിൽ നടക്കുന്നുണ്ടെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നിന്നുകൊണ്ട് സംസാരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. ദുരന്തങ്ങളുടെ അനുഭവങ്ങളും വേദനകളുമൊക്കെയുള്ള ഒരു ജില്ലയാണ് കോഴിക്കോട്. പക്ഷെ ഞാൻ അക്കാര്യങ്ങൾ ആവർത്തിക്കണമെന്നോ ഇവിടെ സൂചിപ്പിക്കണമെന്നോ ആഗ്രഹിക്കുന്നില്ല. നമ്മൾ ഒരുമിച്ച് ഈ സഭ സൂചിപ്പിക്കേണ്ടത്, കേന്ദ്ര ഗവൺമെന്റെടുക്കുന്ന നിലപാടുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചാണ്. ബഹുമാന്യനായ പ്രധാനമന്ത്രി വന്നതും സംഭവ സ്ഥലം സന്ദർശിച്ചതും നല്ല വാർത്താ പ്രാധാന്യം ലഭിച്ചതുമൊക്കെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പക്ഷെ കേരളത്തോട് കേന്ദ്രമെടുക്കുന്ന നിലപാടുകൂടി ഇതിന്റെ ഭാഗമായി കാണണം. കേന്ദ്രത്തിൽനിന്ന് നമുക്ക് ലഭിക്കേണ്ട പണത്തിന്/അവകാശ സംരക്ഷണത്തിനുവേണ്ടി കേരളത്തിലെ ബഹുമാന്യനായ മുഖ്യമന്ത്രിയും ഞങ്ങളുമെല്ലാം ഒടുവിൽ ഡൽഹിയിൽ പോയി സമരം ചെയ്യേണ്ട സാഹചര്യം വന്നു. എന്നാൽ അതിന്റെ തുടർച്ച എന്ന നിലയ്ക്ക് ഇതിനെ നാം കാണുന്നില്ല.

പക്ഷെ ഇപ്പോഴും നമ്മൾ പ്രതീക്ഷ കൈവിടാതെ കേന്ദ്ര ഗവൺമെന്റ് സഹായം നൽകുമെന്ന പ്രതീക്ഷയോടുകൂടി നിൽക്കുകയാണ്. എന്നാൽ അതിൽ ഏറെ വേദനയുണ്ടാക്കിയ സംഭവം കേന്ദ്ര ആഭ്യന്തരമന്ത്രി ശ്രീ. അമിത്ഷാ ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് എല്ലാവിധ മുന്നറിയിപ്പും നൽകിയിരുന്നുയെന്ന് പറഞ്ഞതാണ്. എന്താണ് വസ്തുത, എന്നതാണ് നാം അതിൽ കാണേണ്ടത്. യഥാർഥത്തിൽ ഉരുൾപ്പൊട്ടൽ, മണ്ണിടിച്ചിൽ എന്നിവയുടെ ദുരന്ത സാധ്യത സംബന്ധിച്ച അറിവ്, അവയുടെ സാധ്യത സംബന്ധിച്ച പ്രവചനം എന്നിവ നൽകാൻ രാജ്യത്ത് ചുമതലപ്പെടുത്തിയിരിക്കുന്നത് ജിയോളജിക്കൽ സർവെ ഓഫ് ഇന്ത്യ (ജി.എസ്.ഐ.) എന്ന കേന്ദ്രസർക്കാർ സ്ഥാപനത്തെയാണ്. ജി.എസ്.ഐ. കേരളത്തിൽ വയനാട് ജില്ലയ്ക്കുമാത്രമാണ് ഉരുൾപ്പൊട്ടൽ മുന്നറിയിപ്പ് പരീക്ഷണാടിസ്ഥാനത്തിൽ നൽകിവരുന്നത്. അങ്ങനെ പരീക്ഷണാടിസ്ഥാനത്തിൽ 2024 ജൂലൈ 29-ന് ഉച്ചയ്ക്ക് രണ്ടുമണിക്ക് ജി.എസ്.ഐ. ലഭ്യമാക്കിയ മുന്നറിയിപ്പ് പ്രകാരം വയനാട് ജില്ലയ്ക്കും ജില്ലയിലെ വൈത്തിരി ഉൾപ്പെടെ മൂന്ന് താലൂക്കുകൾക്കും അടുത്ത രണ്ട്

ദിവസത്തേക്ക് ഗ്രീൻ അലെർട്ട് അഥവാ ഉരുൾപ്പൊട്ടലുണ്ടാകാനുള്ള ഏറ്റവും കുറഞ്ഞ സാധ്യത മാത്രമാണ് നൽകിയിരുന്നത്. അതായത് ജൂലൈ 29-ാം തീയതി ഉച്ചയ്ക്ക് രണ്ടുമണിക്കോ അതിന്റെ മുന്നേയുള്ള ദിവസങ്ങളിലോ, ജൂലൈ 29, 30 തീയതികളിലോ ഔദ്യോഗികമായ സംവിധാനങ്ങളിൽനിന്നും ഉരുൾപ്പൊട്ടൽ പ്രവചിക്കപ്പെട്ടിട്ടില്ല. മഴയുടെ കാര്യത്തിൽ പ്രവചനം നൽകാൻ ഉത്തരവാദിത്വപ്പെട്ട ഏജൻസി കേന്ദ്ര കാലാവസ്ഥ വകുപ്പാണ്. ഓരോ ദിവസവും ജില്ലാടിസ്ഥാനത്തിലുള്ള അടുത്ത അഞ്ച് ദിവസത്തേക്കുള്ള മഴ പ്രവചനമാണ് കേന്ദ്ര കാലാവസ്ഥ വകുപ്പ് സംസ്ഥാന സർക്കാരിന് ലഭ്യമാക്കുന്നത്. ഇതുപ്രകാരം ജൂലൈ 27-ന് പുറപ്പെടുവിച്ച അഞ്ചുദിവസത്തെ മഴ സാധ്യതാ പ്രവചന പ്രകാരം ജൂലൈ 28-ന് വയനാട് ജില്ലയ്ക്ക് മഞ്ഞ അലെർട്ടും കോഴിക്കോട് ജില്ലയ്ക്ക് ഓറഞ്ച് അലെർട്ടും നൽകിയിരുന്നു. ജൂലൈ 28-ാം തീയതിയിലെ പ്രവചനത്തിലും മുന്നറിയിപ്പ് അതുപോലെ തുടരുകയും ജൂലൈ 29, 30 തീയതികളിൽ കോഴിക്കോട്, വയനാട് ജില്ലകൾക്ക് മഞ്ഞ അലെർട്ട് മാത്രം നൽകുകയും ചെയ്തു. ജൂലൈ 29-ാം തീയതി ഉച്ചയ്ക്ക് പുറപ്പെടുവിച്ച പ്രവചനപ്രകാരം വയനാട്, കോഴിക്കോട് ജില്ലകൾക്ക്

അന്നേദിവസത്തേക്ക് മാത്രമായി ഓറഞ്ച് അലെർട്ട് പ്രഖ്യാപിച്ചു. ഇരുപത്തിനാല് മണിക്കൂറിൽ 115-നും 204 മി.മീറ്ററിനും ഇടയിൽ മഴ ലഭിക്കുമെന്ന് പ്രതീക്ഷിക്കാമെന്നാണ് ഓറഞ്ച് അലെർട്ടുവഴി കേന്ദ്ര കാലാവസ്ഥ വകുപ്പ് സംസ്ഥാനത്തെ അറിയിച്ചത്. എന്നാൽ കാലാവസ്ഥ വകുപ്പ് മഞ്ഞ അലെർട്ട് മാത്രം നൽകിയിരുന്ന ആദ്യത്തെ ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ 200 മി.മീറ്ററും അടുത്ത ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ 372 മി.മീറ്റർ മഴയുമാണ് പെയ്തത്. വയനാടിലെ മേപ്പാടിയിൽ മാത്രമുണ്ടായ പ്രശ്നമല്ല; വിലങ്ങാടും ഇതേ തോതിലാണ് മഴ പെയ്തത്. അവിടെ നാലു വാർഡുകൾ കേന്ദ്രീകരിച്ച് അത്തരത്തിൽ മഴ പെയ്തതിന്റെ അടിസ്ഥാനത്തിലാണ് എൺപതിനും നൂറിനുമിടയ്ക്ക് സ്ഥലങ്ങളിൽ ഉരുൾ പൊട്ടിയത്.

കേന്ദ്ര സർക്കാർ ഏജൻസിയായ കേന്ദ്ര ജല കമ്മീഷനാണ് പ്രളയ മുന്നറിയിപ്പ് നൽകാൻ ഉത്തരവാദിത്വപ്പെട്ട മറ്റൊരു സ്ഥാപനം. എന്നാൽ ജൂലൈ 23 മുതൽ 29 വരെയുള്ള ഒരു ദിവസംപോലും കേന്ദ്ര ജലകമ്മീഷൻ പുന്നപ്പുഴയിലോ, ചാലിയാറിലോ പ്രളയ സാധ്യതാ പ്രവചനം

പുറപ്പെട്ടുവിച്ചിട്ടില്ല. ഈ വസ്തുതകളെല്ലാം സൂചിപ്പിക്കുന്നത്, കേന്ദ്ര ഗവൺമെന്റിന്റെ ആഭ്യന്തരമന്ത്രിയുടെ പ്രസ്താവനയുമായി കൂട്ടിച്ചേർത്ത് നാം വായിക്കണം. വളരെ ബോധപൂർവം അത്തരമൊരു നിലപാട് സ്വീകരിക്കുന്നത് ശരിയാണോ; ബഹുമാനപ്പെട്ട കേന്ദ്ര ആഭ്യന്തരമന്ത്രി അങ്ങനെയൊരു നിലപാട് സ്വീകരിക്കേണ്ട ആവശ്യമുണ്ടോ? പ്രധാനമന്ത്രിയും കേന്ദ്ര ഏജൻസിയും സംഭവ സ്ഥലം സന്ദർശിക്കുകയും ഇതുമായി ബന്ധപ്പെട്ട വസ്തുതകൾ മനസ്സിലാക്കിയതിന് ശേഷമെങ്കിലും കേന്ദ്ര മന്ത്രി അത് തിരുത്തേണ്ടതല്ലേ; അത്തരമൊരു പിശക് തിരുത്തപ്പെടണം. ഇവിടെ സൂചിപ്പിച്ചതുപോലെ, കാലാവസ്ഥ വ്യതിയാനത്തിന്റെ സാധ്യതയുള്ള നാളുകൾ എന്ന നിലയ്ക്ക് ഇനിയുള്ള സമയങ്ങളിൽ ഇത്തരം സാഹചര്യത്തെ എങ്ങനെ തരണം ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് കൂട്ടായ ആലോചന നടത്തി ശാസ്ത്രീയമായ ഒരു നിഗമനത്തിലെത്തണം. ലോക്കൽ ബോഡിയുടെ സഹകരണത്തോടെ/സഹായത്തോടെ ഇത്തരം മേഖലകളിലെ വീടുകളിൽത്തന്നെ മഴമാപിനി സ്ഥാപിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കേണ്ടതായിവരും. അതോടൊപ്പം ഈ സാഹചര്യത്തിൽ,

മാധ്യമങ്ങൾ നഷ്ടവുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ച കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കാതിരിക്കാനാണോയെന്ന് എനിക്ക് സംശയമുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ചില മാധ്യമങ്ങൾ ഉടൻതന്നെ അത് തിരുത്തി. എന്നാൽ കേന്ദ്രസഹായം ലഭിക്കണമെന്ന നിലയ്ക്കുള്ള ചർച്ചയിലേക്ക് പോകുന്നതിനപ്പുറത്ത്, കേരളം കൊടുത്ത എസ്റ്റിമേറ്റുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് ഊന്നൽ നൽകുന്ന നിലപാടുകൾ ശരിയായിരുന്നില്ല. ഈ സഭ ഒന്നടങ്കം അതിനെ തള്ളിപ്പറയേണ്ടതാണ്. ഇത്തരമൊരു നിലപാട് കേരളത്തിന് ഭൂഷണമാണോ? കേരളത്തിന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ, അത് ആരുടെയും ഔദാര്യമല്ല, അവകാശമാണ്. അത് നേടിയെടുക്കുന്ന കാര്യത്തിൽ എടുത്ത സമീപനം തെറ്റായിപ്പോയി എന്ന എന്റെ കാഴ്ചപ്പാട് ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. പ്രളയവുമായി/ഉരുൾപ്പൊട്ടലുമായി ബന്ധപ്പെട്ട് പ്രയാസങ്ങൾ അനുഭവിക്കുന്ന ആളുകൾക്ക് വലിയ കടബാധ്യതകളുണ്ടെന്ന കാര്യമാണ് ഇതിന്റെ ഭാഗമായി പരിശോധിക്കുമ്പോൾ എനിക്ക് സൂചിപ്പിക്കാനുള്ളത്. കൃഷിക്കാരായതിനാൽ അവർ തീർച്ചയായും കടമെടുക്കും. അങ്ങനെയാണ് അവരുടെ ജീവിതം മുന്നോട്ടുപോകുന്നത്.

ഇതുപയോഗിച്ച് ഉല്പാദനം നടത്തി ലഭിക്കുന്ന ഉല്പന്നം വിപണനം ചെയ്താണ് തിരിച്ചടവ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നടത്തുന്നത്. കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി പലതവണ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായും ബാങ്കുകളുമായും ബന്ധപ്പെട്ട് ചർച്ചകൾ നടത്തിയിട്ടുണ്ട്. ആശാവഹമായ പുരോഗതി ആ രംഗത്ത് കൈവരുന്നുണ്ടെന്നാണ് തോന്നുന്നത്. പക്ഷെ കേന്ദ്രം കനിയണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചിട്ടുണ്ട്. അവരുടെ കടം എഴുതിത്തള്ളിയാൽ മാത്രമെ അവരെ നമുക്ക് കരകയറ്റിക്കൊണ്ടുവരാൻ കഴിയുകയുള്ളൂ എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഇതിന്റെ ഭാഗമായി അതിനുവേണ്ടി നമ്മൾ നല്ല ശ്രമം നടത്തേണ്ടതുണ്ട്. റിസർവ് ബാങ്കിന്റെ പിന്തുണ/സഹായം അതിന് അനിവാര്യമാണ്. കേരള ബാങ്ക് അക്കാര്യത്തിൽ കടം എഴുതിത്തള്ളുമെന്ന തീരുമാനമെടുത്തത് സ്വാഗതാർഹമാണ്. തീർച്ചയായും അത്തരമൊരു പ്രചോദനം മറ്റു ബാങ്കുൾക്കുമുണ്ടാകട്ടെ; അതിനുവേണ്ട ചർച്ച പൂർവാധികം ശക്തിയോടെ നടത്തിക്കൊണ്ട് അവർക്ക് ആ സഹായം വാങ്ങിക്കൊടുക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്.

പുനരധിവാസത്തെ സംബന്ധിച്ച് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ മറുപടിയിൽ വിശദീകരിക്കുമെന്നതിനാൽ അതിന്റെ ബാക്കി വിശദാംശങ്ങളിലേക്ക് കടക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. മക്കളുടെ പഠനം മുടങ്ങാതെ അവരെ സഹായിക്കാൻ വിദ്യാഭ്യാസ വകുപ്പ് എടുത്ത നിലപാട് സ്വാഗതാർഹമാണ്. ഒരു പണിയും ലഭിക്കാത്ത സാഹചര്യത്തിലേക്ക് പ്രദേശം പോകുന്നുയെന്ന് മനസ്സിലാക്കിയപ്പോൾ അവർക്ക് സൗജന്യ റേഷൻ നൽകുന്നതിനുള്ള സമീപനവും ഈ ഗവൺമെന്റ് എടുത്തിട്ടുണ്ട്. ഒരു സംസ്ഥാന ഗവൺമെന്റിന്റെ പരിമിതിക്കകത്തുനിന്നുകൊണ്ട് ഇതിനപ്പുറം എന്തു ചെയ്യാൻ കഴിയും? വിവിധ ഏജൻസികളെ ഉപയോഗപ്പെടുത്തിക്കൊണ്ട് തിരച്ചിൽ നടത്തി. തിരച്ചിൽ ഇനി തുടരണമോ, വേണ്ടയോയെന്ന കാര്യം കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. തീർച്ചയായും അതു വേണമെങ്കിൽ തുടരാമെന്ന് മറുപടി പ്രസംഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതായി ഞാൻ മനസ്സിലാക്കുകയാണ്. ഏതായാലും ആ നിലയിലേക്ക് ഇതിനെ കൊണ്ടുപോയി നമുക്ക് ഈ ദുരന്തത്തിൽനിന്നും രക്ഷപ്പെടണം. ഭാവി കേരളത്തെ

സംരക്ഷിക്കാനുള്ള പ്രവർത്തനത്തിന് സഹായകരമായ നിലപാട് സ്വീകരിക്കാനുള്ള ഭാവി പ്രവർത്തനംകൂടി ഇതിന്റെ ഭാഗമായുണ്ടാകണമെന്ന് ഞാൻ സൂചിപ്പിക്കുന്നു. ദുരന്ത സാധ്യതാ പ്രവചനം, മുന്നറിയിപ്പ് തുടങ്ങിയവയുമായി ബന്ധപ്പെട്ട നടപടികളും ഇതിന്റെകൂടെ നടത്തേണ്ടതുണ്ടെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ചർച്ച അവസാനിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഇന്ത്യയുടെ ചരിത്രത്തിൽ ഏവരുടെയും ഹൃദയം പിളർന്ന വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തെ സഹായിക്കാൻ ഇതുവരെയും തയ്യാറാകാത്ത കേന്ദ്ര സർക്കാരിന്റെ നിലപാടിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. കേന്ദ്ര സർക്കാരിന്റെ കണ്ണുതുറപ്പിക്കാൻ കേരളം ഒറ്റക്കെട്ടായി രംഗത്തുവരേണ്ടത് ഏറ്റവും അനിവാര്യമായിരിക്കുന്നു. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ നേതൃത്വപരമായ പങ്ക് വഹിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നമ്മുടെ നാടിന്റെ ദുരന്തത്തിൽ സഹായഹസ്തവുമായി വന്നവരെ നന്ദിപൂർവം നമുക്ക് സ്മരിക്കേണ്ടതുണ്ട്. ബഹുമാന്യനായ ശ്രീ. രാഹുൽ ഗാന്ധി നൂറ് വീടുകൾ പ്രഖ്യാപിച്ചു. കർണ്ണാടക മുഖ്യമന്ത്രി ശ്രീ. സിദ്ധരാമയ്യ നൂറ് വീടുകൾ

പ്രഖ്യാപിച്ചു. പ്രവാസി സംഘടനകൾ നിരവധി വീടുകൾ ഉൾപ്പെടെയുള്ള സഹായങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ട്. അമേരിക്കയിലെ ഷിക്കാഗോ രൂപത നൂറിലധികം വീടുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. വിവിധ സഭാ മേലദ്ധ്യക്ഷൻമാർ ഇനിയും സഹായിക്കാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. കേരളത്തിലെ വിവിധ സംഘടനകൾ നിരവധി സഹായങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതെല്ലാം കൃത്യതയോടെ ഏകോപിപ്പിക്കാനും ദുരന്തഭൂമിയിൽ പാവപ്പെട്ട ഈ മനുഷ്യരെ സഹായിക്കാൻ കഴിയുന്ന വിധത്തിൽ അവയെ ക്രോഡീകരിച്ചുകൊണ്ട് ഫലപ്രദമായി നടപ്പാക്കാനും സംസ്ഥാന സർക്കാർ നേതൃത്വം നൽകണമെന്ന് അഭ്യർഥിക്കുകയാണ്. വയനാട് ദുരന്തത്തിൽ അകപ്പെട്ടവർക്കായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പുനരധിവാസ പദ്ധതി കാലതാമസം ഒഴിവാക്കി പരമാവധി വേഗത്തിൽ നടപ്പാക്കാൻ ജാഗ്രത കാണിക്കേണ്ടതുണ്ട്. പുനരധിവാസത്തിന്റെ സാധ്യത പരിശോധിക്കുമ്പോൾ ഭൂമി കണ്ടെത്തുന്നകാര്യം ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ്. വാസയോഗ്യമെന്ന് ഒറ്റ നോട്ടത്തിൽ തോന്നിയാലും ഇത്തരം പ്രദേശങ്ങളിൽ ഭൂമിയുടെ പ്രത്യേകതയും അപകട സാധ്യതയും ഒളിഞ്ഞിരിക്കുന്നുണ്ടോയെന്ന് ശാസ്ത്രീയമായ ഗവേഷണ

പഠനങ്ങളിലൂടെ വ്യക്തത വരുത്തിയതിനുശേഷമേ ടൗൺഷിപ്പിലേക്ക് കടക്കാവൂ എന്ന നിർദേശം എല്ലാവരും മുന്നോട്ടുവച്ചിരിക്കുകയാണ്. ഗവൺമെന്റ് ഇക്കാര്യം വളരെ ജാഗ്രതയോടെ കണക്കിലെടുക്കണമെന്ന് അഭ്യർഥിക്കുകയാണ്. ദുരന്തത്തിന്റെ ഈ പ്രയാസങ്ങൾക്ക് നടുവിൽ ഇപ്പോഴും നമുക്ക് നഷ്ടപ്പെട്ട ആളുകളെ കണ്ടെത്താൻ കഴിയാത്ത പ്രശ്നങ്ങളുണ്ട്. നഷ്ടപ്പെട്ടവരെക്കുറിച്ച് വിലപിക്കുന്ന അവരുടെ ബന്ധുക്കൾ, ഇനിയും കണ്ടെത്താൻ കഴിയാത്ത ആളുകളുടെ കാര്യത്തിൽ എല്ലാ അന്വേഷണങ്ങളും അവസാനിച്ച മട്ടിലാണ്. ഇനിയും കണ്ടെത്താനുള്ള ആളുകളുടെ കാര്യത്തിൽ വ്യക്തത വരുത്താൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ആവശ്യപ്പെടുകയാണ്. അവരുടെ ജീവിത മാർഗമായിരുന്ന കൃഷി പൂർണ്ണമായും തകർന്നു. മനുഷ്യരുടെ പുനരധിവാസം പോലെതന്നെ കാർഷിക മേഖലയുടെ പുനരധിവാസത്തിനുകൂടി ഗവൺമെന്റ് പരിഗണന നൽകണമെന്ന് അഭ്യർഥിക്കുന്നു.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, പ്രതിസന്ധികൾ വരുമ്പോൾ പകച്ചുനിൽക്കുന്ന ഭരണാധികാരികളെ പലപ്പോഴും നാം കണ്ടിട്ടുണ്ട്. എന്നാൽ

കേരളത്തിൽ നമുക്ക് മുമ്പിലുള്ളത് അത്തരം അനുഭവമല്ല. സമീപകാലത്ത് നാട് നേരിട്ട ഏത് ദുരന്തമെടുത്താലും, അവയെ എങ്ങനെ നേരിടണം, ദുരന്തബാധിതരായ ജനങ്ങളെ ഏതെല്ലാം തരത്തിൽ സഹായിക്കണം തുടങ്ങിയ കാര്യങ്ങളൊക്കെ കൃത്യമായി ആസൂത്രണംചെയ്ത് ഇടപെടുന്ന ധിഷണാശാലികളായ ഭരണാധികാരികളാണ് നമുക്കുള്ളത്. അതുകൊണ്ടുതന്നെയാണ് പല വികസിത രാജ്യങ്ങളിൽപ്പോലും സാധ്യമാകാത്ത തരത്തിലുള്ള രക്ഷാപ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും നമുക്ക് സാധ്യമാകുന്നത്. ഇവിടെ പ്രകൃതിദുരന്തങ്ങൾ തുടർച്ചയായി ഉണ്ടാകുന്നു, കാരണങ്ങൾ നമ്മൾ നിരന്തരം ചർച്ച ചെയ്യുന്നതുമാണ്. എന്നാൽ ഇത്തരം ദുരന്തങ്ങൾ വരുമ്പോൾ ജനങ്ങളെ പരമാവധി ജീവഭയമില്ലാതെ സംരക്ഷിക്കുക, നഷ്ടത്തിന്റെ തോത് പരമാവധി കുറയ്ക്കുക, നഷ്ടപ്പെട്ടതിനെ തിരിച്ചുപിടിക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്നതിന് സാധ്യമാകുന്ന എല്ലാ സംവിധാനങ്ങളെയും സൗകര്യങ്ങളെയും സാധ്യതകളെയും കൂട്ടിയോജിപ്പിച്ചുകൊണ്ടാണ് കേരളം മുന്നോട്ടുനീങ്ങിയത്. 2018-ലെ പ്രളയകാലത്തും ഓഖി ദുരന്തകാലത്തും വെള്ളപ്പൊക്കം വന്നപ്പോഴും അവസാനം

ഇപ്പോൾ വയനാട് ദുരന്തത്തിന്റെ അവസരത്തിലടക്കം ആ മാതൃകയാണ് പിന്തുടർന്നത്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഇവിടെ സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യം പരാമർശിക്കുകയുണ്ടായി, അതുപോലെതന്നെ ജനപ്രതിനിധികൾ സ്വീകരിച്ച നിലപാടിനെക്കുറിച്ചും സൂചിപ്പിക്കേണ്ടതുണ്ട്. ഇവിടെയുള്ള എല്ലാ എം.എൽ.എ.-മാരും അവരുടെ ഒരു മാസത്തെ ശമ്പളമായ 50000 രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയിട്ടുണ്ട്. പക്ഷേ ഒരു ദുരന്തം തീവ്രസ്വഭാവമുള്ളതായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചാൽ പ്രസ്തുത സംസ്ഥാനത്തെ പാർലമെന്റ് അംഗങ്ങൾക്ക് എം.പി. ഫണ്ടിൽനിന്നും 25 ലക്ഷം രൂപവരെ പുനർനിർമ്മാണ/പുനരധിവാസ പ്രവർത്തനങ്ങൾക്ക് അനുവദിക്കാൻ സാധിക്കും. വയനാടിന്റെ കാര്യത്തിൽ കേരള ഗവൺമെന്റ് അത്തരത്തിൽ ഒരു തീരുമാനം കൈക്കൊള്ളുകയും അതിനനുസൃതമായി എം.പി. ഫണ്ട് വിനിയോഗം സംബന്ധിച്ച കേന്ദ്രീകൃത പോർട്ടലിൽ ആവശ്യമായ സജ്ജീകരണങ്ങൾ വരുത്തുന്നതിന് എം.പി. ഫണ്ടിന്റെ മേൽനോട്ടം വഹിക്കുന്ന ഡൽഹിയിലെ സ്റ്റാറ്റിറ്റിക്സ് & പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ-ന് കത്ത്

നൽകുകയുംചെയ്തു. കേരളത്തിൽനിന്നുള്ള എല്ലാ എ.പി.-മാരും ഇത്തരത്തിൽ പണം സംഭാവന നൽകണമെന്ന് അഭ്യർഥിക്കുകയാണ്, ആദ്യം നമ്മൾതന്നെ മാതൃക കാണിക്കണമല്ലോ, അതിനുശേഷം മറ്റുള്ളവരോട് ചോദിക്കുന്നതാവും ഉചിതം. കേന്ദ്രഗവൺമെന്റിനെ കുറ്റം പറയേണ്ടെന്നല്ല ഇതുകൊണ്ട് സൂചിപ്പിക്കുന്നത്, നമ്മൾ ചെയ്യേണ്ട കാര്യങ്ങൾ ചെയ്തുകാണിച്ചുകൊടുക്കാൻ നാം ബാധ്യസ്ഥരാണ്, അങ്ങനെ ചെയ്യുന്നത് ദുരന്ത മേഖലയിലെ ജനങ്ങൾക്ക് ഉപകാരപ്രദമാകുകയുംചെയ്യും. കേരള സർക്കാർ ചെയ്തതിന് സമാനമായി കേന്ദ്രസർക്കാർകൂടി ദുരന്തത്തെ തീവ്രസ്വഭാവമുള്ളതായി രേഖപ്പെടുത്തിയിരുന്നുവെങ്കിൽ കേരളത്തിന് കൂടുതൽ സഹായം ലഭ്യമായേനേ. കേന്ദ്രം അത്തരത്തിൽ ചെയ്തിരുന്നുവെങ്കിൽ രാജ്യത്തെ മുഴുവൻ ലോക്സഭാ/രാജ്യസഭാ എം.പി.-മാർക്കും തങ്ങളുടെ എം.പി. ഫണ്ടിൽനിന്നും ആവശ്യമായ തുക വയനാട് ദുരന്തനിവാരണ ഫണ്ടിലേക്ക് നൽകാൻ സാധിക്കുമായിരുന്നു. ലോക്സഭയിലും രാജ്യസഭയിലുമായി മൊത്തം 788 എം.പി.-മാരുണ്ട്, ഇത് കണക്കിലെടുത്താൽ വലിയൊരു സംഖ്യ പുനരധിവാസ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കാൻ സാധിക്കുമായിരുന്നു. എന്നാൽ അങ്ങനെ

ചെയ്യാൻ കേന്ദ്രം തയ്യാറാകുന്നില്ല, നമ്മുടെ കുറെ എം.പി.-മാരും അതിന് തയ്യാറാകുന്നില്ല എന്നുള്ളതാണ് അതിലെ വസ്തുത. കേന്ദ്രത്തിന്റെ ഖജനാവിൽനിന്നും ചെലവഴിക്കാതെതന്നെ വേണമെങ്കിൽ ചേതമില്ലാത്ത ഒരു ഉപകാരം ചെയ്യാനായി എം.പി.-മാരോട് അഭ്യർഥിക്കുകയാണ്.

മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്, മാധ്യമങ്ങൾ സൃഷ്ടിക്കുന്ന പ്രചണ്ഡമായ പ്രചാരവേലകളെക്കുറിച്ചാണ്. ഹൈക്കോടതിതന്നെ ഇക്കാര്യം സൂചിപ്പിച്ചുകഴിഞ്ഞതിനാൽ അക്കാര്യത്തിലേക്ക് കൂടുതലായി പോകണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. വയനാട് വിഷയത്തിൽ സംഭവിച്ചത് എന്താണെന്ന് പരിശോധിക്കാം. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കപ്പെട്ട തുകയെക്കുറിച്ച് കേന്ദ്രത്തിന് കണക്ക് നൽകുമ്പോൾ ഒരു വീട് നിർമ്മിക്കുന്നതിന് 1,30,000 രൂപയേ കാണിക്കാൻ സാധിക്കുകയുള്ളൂ. പക്ഷേ ഇവിടെ നമ്മൾ ഒരു വീട് നിർമ്മിക്കുന്നതിന് നാലുലക്ഷം രൂപ സാധാരണഗതിയിൽ നൽകുന്നുണ്ട്. പ്രസ്തുത തുകയിലെ കേന്ദ്രവിഹിതം 75,000 രൂപ മാത്രമാണ്. എങ്ങനെ ചോദിച്ചാലും കേന്ദ്രത്തോട് 75,000 രൂപയിൽ കൂടുതൽ ചോദിക്കാൻ സാധിക്കില്ല. അതുപോലെതന്നെയാണ്

ദുരന്തമുണ്ടാകുന്ന സമയത്തെ കാര്യവും, ഒരു വീടിന് നൽകുന്ന ആനുകൂല്യത്തിൽ നമുക്ക് ചോദിക്കാൻ സാധിക്കുന്നത് 1,30,000 രൂപ മാത്രമാണ്, അതനുസരിച്ചാണ് കണക്ക് നൽകുന്നത്. അതത് കാലങ്ങളിൽ കേന്ദ്രം അനുശാസിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി മാത്രമെ കണക്ക് നൽകാൻ സാധിക്കുകയുള്ളൂ. അങ്ങനെ കൊടുത്ത കണക്കിനെ സംബന്ധിച്ചാണ് പത്രക്കാർ എല്ലാവരും ചേർന്ന് കള്ളക്കണക്കാണ്, അങ്ങനെ കൊടുത്തു, ഇങ്ങനെ കൊടുത്തു എന്ന രീതിയിൽ വലിയതോതിലുള്ള പ്രചരണം സൃഷ്ടിച്ചത്. ഈ പ്രചരണം ഇന്ത്യ രാജ്യത്തുതന്നെ കേരളത്തെക്കുറിച്ച് വലിയ രീതിയിൽ അവമതിപ്പുണ്ടാക്കിയിട്ടുണ്ട്, നൽകിയത് യഥാർത്ഥ കണക്കല്ലെന്ന് പറഞ്ഞുകൊണ്ട് നമുക്ക് സഹായം നിഷേധിക്കാനുള്ള ഒരു സാഹചര്യംകൂടി അവർ ഉണ്ടാക്കിക്കൊടുത്തിരിക്കുകയാണ്. യഥാർത്ഥത്തിൽ ഇവിടെ ഉണ്ടായത് എന്താണ്? മേപ്പാടി ഗ്രാമപഞ്ചായത്തിലെ പുഞ്ചിരിമട്ടത്തെ നിത്യഹരിത വനത്തിനുള്ളിലാണ് ഉരുൾപൊട്ടലിന്റെ പ്രഭവകേന്ദ്രം, അക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ ഇവിടെ പറഞ്ഞുകഴിഞ്ഞു. ഞാനും ആ സ്ഥലം സന്ദർശിച്ചിരുന്നു, എന്നേക്കാൾ വലിയ പാറകളാണ് അവിടെ ഒരു

പള്ളിയുടെ മുകളിൽ വന്നുനിൽക്കുന്നത്, എങ്ങനെ അത് അവിടെയെത്തിയെന്ന് നമുക്ക് ഊഹിക്കാൻപോലും സാധിക്കില്ല. അവിടെ ഒരു ക്ഷേത്രമുണ്ടായിരുന്നത് ഒരവശേഷിപ്പും ബാക്കിയാക്കാതെ പൊയ്ക്കഴിഞ്ഞു. 20 മുതൽ 40 മീറ്റർ വീതിയുണ്ടായിരുന്ന 'പുന്നപ്പുഴ' ഉരുൾപൊട്ടൽ സമയത്ത് 200 മീ. മുതൽ 300 മീ. വരെ വീതിയിൽ ഒഴുകിയെന്നതാണ് യാഥാർത്ഥ്യം. ഒരു പ്രദേശം ഒന്നാകെതന്നെ ഇല്ലാതായിപ്പോയ സാഹചര്യമാണ്. ചില ആളുകൾ പറയുന്നതുപോലെ കാര്യങ്ങൾ അത്ര എളുപ്പമൊന്നുമല്ല. അവിടുത്തെ കാര്യങ്ങളെല്ലാം വളരെ ഓർഗനൈസ്ഡായി എല്ലാവരും ചേർന്ന് ചെയ്യേണ്ടതാണ്. ദുരന്തബാധിതരെ സഹായിക്കാനായി നാൽപ്പത് കോടി രൂപവരെയൊക്കെ പിരിച്ച് കാത്തിരിക്കുന്ന ആളുകളുണ്ടല്ലോ, ഇരുന്നൂറും മുന്നൂറും വീടുകളൊക്കെ നിർമ്മിച്ചുനൽകാൻ തയ്യാറായവരുടെ കണക്കും ശ്രീ. മോൻസ് ജോസഫ് പ്രസംഗത്തിൽ സൂചിപ്പിച്ചു, എന്നിട്ടും ഉടനടി നിർമ്മിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്? ചില വ്യവസ്ഥകളും സംവിധാനങ്ങളും ഉണ്ടെങ്കിൽ മാത്രമെ അത്തരത്തിലുള്ള നിർമ്മിതികൾ സാധിക്കുകയുള്ളൂ. കാരണം ദുരന്തമുണ്ടായ സ്ഥലത്ത് ഒരു നെല്ലോ മറ്റെന്തെങ്കിലും കൃഷിയോ ഇനി

സാധ്യമാകുകയില്ല, ഒരു വീടുപോലും നിർമ്മിക്കാൻ അവിടെ സാധ്യമല്ല. കുറച്ചെങ്കിലും ചെയ്യാൻ സാധിക്കുന്നത് ചൂരൽമലയിൽ മാത്രമാണ്. പുഞ്ചിരിമട്ടത്തോ, മുണ്ടക്കൈയിലോ യാതൊരു നിർമ്മിതിയോ കൃഷിയോ സാധ്യമാകില്ല, ഗഹനമായ ആലോചനയോടെ മാത്രമെ അവിടെ എന്തും ചെയ്യാൻ സാധിക്കുകയുള്ളൂ, ഗവൺമെന്റ് പുതിയ പദ്ധതികൾ പ്രഖ്യാപിച്ചത് അതുകൊണ്ടാണ്. എന്നാൽ അങ്ങനെയാണ്, ഇങ്ങനെയാണ് എന്നെല്ലാം പറഞ്ഞുകൊണ്ട് ചിലയാളുകൾ അതിൽ കയറിപ്പിടിച്ചിരിക്കുകയാണ്. എല്ലാ കാര്യവും അനാവശ്യമായി മുടക്കാനും പുകമറ സൃഷ്ടിക്കാനും ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതൊരു ചെറിയ കാര്യമല്ല, ഇതുവരെ അനുഭവച്ചതിൽവച്ച് ഏറ്റവും വലിയ ദുരന്തമാണ് ഇപ്പോൾ സംഭവിച്ചിരിക്കുന്നത്. കേന്ദ്രഗവൺമെന്റ് നമുക്ക് അർഹമായ പണം നൽകുന്നില്ലെന്ന് ഇവിടെ പറഞ്ഞുകഴിഞ്ഞു, ഡൽഹിയിൽ പോയി ഇതുസംബന്ധിച്ച് സമരം ചെയ്ത കാര്യം നേരത്തെ ശ്രീ. ഇ. കെ. വിജയനും സൂചിപ്പിച്ചിരുന്നു. നമ്മൾ മാത്രമല്ല, മറ്റുചില സംസ്ഥാനങ്ങളും ഇതേകാര്യങ്ങൾ പറഞ്ഞുകൊണ്ട്, കേന്ദ്ര അവഗണനയ്ക്കെതിരെ സമരം നടത്തിയിരുന്നു. എന്നാൽ നമ്മുടെ എം.പി.-

മാർ അങ്ങോട്ട് ഒരിക്കലെങ്കിലും വന്നുനോക്കിയോ; എന്തിനാണ് നിങ്ങൾ ഇവിടെ വന്നതെന്ന് അന്വേഷിച്ചോ? ജമ്മു കാശ്മീർ മുതൽ ഇങ്ങോട്ടുള്ള പല സംസ്ഥാനങ്ങളിലെയും ഭരണകർത്താക്കൾ ഡൽഹിയിൽ വരികയും ജന്ദർമന്ദറിൽ ഞങ്ങളോടൊപ്പംനിന്ന് പ്രസംഗിക്കുകയും ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തെങ്കിലും ഇവിടെനിന്നുള്ള ഒരാൾപോലും അവിടെവന്ന് ഇക്കാര്യങ്ങളെക്കുറിച്ച് ഒന്നുചോദിക്കുകപോലും ചെയ്തില്ലെന്നത് ദുഃഖകരമായ അവസ്ഥയാണ്, ഈ വിഷയവും അതുപോലെയാകരുത്. നമുക്ക് ഒന്നായിനിന്നുകൊണ്ട് കേന്ദ്രഗവൺമെന്റിനോട് ഈ വിഷയത്തിലുള്ള സഹായം ആവശ്യപ്പെടാം. അതിന് ആദ്യം മാതൃക കാണിക്കേണ്ടത് ഞാൻ നേരത്തെ സൂചിപ്പിച്ചപോലെ എം.പി.-മാർ തന്നെയാണ്. അതിനായി എല്ലാതരത്തിലുള്ള യോജിപ്പും ഉണ്ടാക്കാൻ സർക്കാർ ശ്രമിച്ചിട്ടുണ്ട്. ഏതെങ്കിലും സ്ഥലത്ത് പോയി, ഭക്ഷണം, അത്, ഇത് എന്നെല്ലാം പറഞ്ഞ് അപസ്വരങ്ങൾ ഉണ്ടാക്കാനാണ് ചിലയാളുകൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്, അതിന്റെ ഭാഗമായിത്തന്നെയാണ് ചില സംസാരങ്ങൾ ഉണ്ടായിരിക്കുന്നത്. കേരള ഗവൺമെന്റിനെ സംബന്ധിച്ചാണെങ്കിൽ, അവരുടെ കൈയിലുള്ള കേരള

ബാങ്ക് ദുരന്തബാധിതരുടെ ലോൺ എഴുതിത്തള്ളാൻ തീരുമാനിച്ചിട്ടുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഉൾപ്പെടെയുള്ള ബാങ്കുകളുടെ കാര്യത്തിലാണെങ്കിൽ എം.പി.-മാർ അക്കാര്യത്തിൽ ഇടപെടാത്തത് എന്തുകൊണ്ടാണ്? സംസ്ഥാനത്തിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങളൊക്കെ വളരെ നന്നായി ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. ആ പ്രദേശക്കാരനായ ബഹുമാനപ്പെട്ട മന്ത്രിയും ബഹുമാന്യരായ മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയുമടക്കം എല്ലാവരും അവിടെ നിന്നുകൊണ്ടുതന്നെ ഈ കാര്യങ്ങളൊക്കെ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്. 24 മണിക്കൂർകൊണ്ട് പട്ടാളമടക്കമുള്ള എല്ലാ സംവിധാനങ്ങളെയും യോജിപ്പിച്ചുകൊണ്ട് ഒരു ദുരന്തനിവാരണ പ്രവർത്തനം നടത്താൻ സാധിച്ചത് മറ്റെങ്ങുംതന്നെയില്ല. വയനാട് ദുരന്തം നടന്ന സമയത്ത് ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ സന്ദർഭത്തിനനുസരിച്ച് എല്ലാവരും ഉണർന്നു പ്രവർത്തിച്ചുവെന്നതിൽ സന്തോഷമുണ്ടെങ്കിലും ഇപ്പോൾ ഓരോരോ പ്രശ്നങ്ങളുണ്ടാക്കുകയും തൊടുന്യായങ്ങൾ പറയുകയും ചെയ്യുകയാണ്. ആദ്യം സൂചിപ്പിച്ച കാര്യം വീണ്ടും പറയുകയാണ്, നമ്മുടെ എം.പി.-മാർ നല്ലൊരു

മാതൃക കാണിച്ചുകൊണ്ട് നാളെത്തന്നെ ഈ കാര്യത്തിൽ ഒരു തീരുമാനമെടുത്ത് പ്രവർത്തിച്ചാൽ സർക്കാർ ഉദ്യോഗസ്ഥർക്കടക്കം അതൊരു പ്രോത്സാഹനമാകുമെന്നുമാത്രം ഈ സന്ദർഭത്തിൽ സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, മുണ്ടക്കൈയിലും ചൂരൽമലയിലും സർക്കാരിന്റെ നേതൃത്വത്തിൽ ഒറ്റക്കെട്ടായി നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. വൈകാരികത മാറുമ്പോൾ പതുക്കെ ഇതിൽനിന്നും പിന്തിരിയുന്ന സാഹചര്യമുണ്ടാകരുത്. അവിടെ 47 മൃതദേഹങ്ങൾ നമുക്കിനിയും കണ്ടെത്താനുണ്ട്. അത് കണ്ടെത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ ഇനിയും ആരംഭിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജ് സ്വാഗതാർഹമാണ്. അത് സമയബന്ധിതമായി പൂർത്തിയാക്കുകയാണ് വേണ്ടത്. കവളപ്പാറയിലും പുത്തുമലയിലും നേരത്തെയുണ്ടായിട്ടുള്ള അനുഭവം നമുക്കറിയാം. ആ അലംഭാവം ഇക്കാര്യത്തിലുണ്ടാകരുതെന്നുകൂടി സൂചിപ്പിക്കുകയാണ്. അതുപോലെ മറ്റൊരു പ്രധാന പ്രശ്നമാണ് ദുരിതാശ്വാസനിധിയിലേയ്ക്കുള്ള പണം

പിരിക്കുന്നത്. ഈ പണപ്പിരിവ് അത്ര ഗുണകരമായ സാഹചര്യമല്ല. ദുരന്തമുണ്ടാകുമ്പോൾ അതിലിടപെട്ട് പരിഹരിക്കാനാവശ്യമായ ദുരിതാശ്വാസ പാക്കേജ് ബഡ്ജറ്റിൽ പ്രത്യേകം നീക്കിവയ്ക്കാനുള്ള പരിശ്രമമാണുണ്ടാകേണ്ടത്. ഇതിന് ആവശ്യമെങ്കിൽ പ്രത്യേക സെസ്സോ മറ്റോ ഏർപ്പെടുത്തണം. അല്ലാതെ ഇത്തരത്തിലുള്ള പിരിവ് ഭരണനിർവ്വഹണ രീതിയായി സർക്കാർ മാറ്റുന്നത് ശരിയായ നിലപാടല്ല. പ്രധാനമന്ത്രി നേരിട്ട് വന്ന് ഇക്കാര്യത്തിൽ ഇടപെട്ട് കാര്യങ്ങൾ മനസ്സിലാക്കിയിരുന്നു. പക്ഷെ കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് പ്രതിഷേധാർഹമാണ്. ഒരു കാരണവശാലും അത് അംഗീകരിക്കാൻ കഴിയുന്നതല്ല. നാലുമാസമായിട്ടും ഒരു സഹായവും നൽകാൻ കഴിഞ്ഞിട്ടില്ലെന്ന സാഹചര്യമാണുള്ളത്. അതുകൊണ്ട് കേന്ദ്രഗവൺമെന്റിന്റെ ഈ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഒരു പ്രത്യേകമായ ഉന്നതതല സമിതി കേന്ദ്ര ഗവൺമെന്റിനെ സമീപിക്കാൻ തയ്യാറാകണം. നമുക്കാവശ്യമായ കാര്യങ്ങൾ നേടിയെടുക്കാനുള്ള നിരന്തരമായ ശ്രമം, അത് സമരപരിപാടികൾ മുഖേനയോ ഏതുവിധേനയുമുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ദുരന്തമുണ്ടാകുന്ന സമയത്ത് മാത്രമല്ല അതിനപ്പുറത്തേയ്ക്കുള്ള പഠനങ്ങളും

ഇതെങ്ങനെ ഇല്ലാതാക്കാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുമെന്നതിനെ സംബന്ധിച്ചും ആലോചന നടത്തണം. 2018-ലെ പ്രളയസമയത്തൊക്കെ ഇതുപോലെ ചർച്ച ചെയ്തതാണ്. പക്ഷെ പിന്നീട് മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും മുന്നോട്ടുപോകാൻ സാധിക്കുന്നില്ല. അങ്ങനെ വരാതിരിക്കാനാവശ്യമായ പഠനങ്ങളും അതിനാവശ്യമായ പ്രവർത്തനങ്ങളും നടത്താൻ സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകണമെന്നുകൂടി സൂചിപ്പിക്കുകയാണ്.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, വയനാട്, വിലങ്ങാട് ദുരന്തമുണ്ടായിട്ട് 76 ദിവസമായി. ദുരന്തമുഖത്ത് സമാനതകളില്ലാത്ത പ്രവർത്തനമാണ് സംസ്ഥാന സർക്കാർ മുൻകൈയെടുത്തുകൂടി എല്ലാവരെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് നടത്തിയിട്ടുള്ളതെന്ന് കാണാം. നമ്മുടെ രാജ്യത്തിന്റെ പല ഭാഗങ്ങളിലും ദുരന്തമുണ്ടായിട്ടുണ്ട്. ആ ദുരന്തമുഖങ്ങളിലെല്ലാംതന്നെ കോ-ഓർഡിനേഷനില്ലാത്തതിന്റെ ഫലമായി വന്നുചേർന്ന കഷ്ടനഷ്ടങ്ങൾ നാം പത്രദ്വാരാ വായിച്ചറിഞ്ഞതാണ്. അതിൽനിന്നെല്ലാം വ്യത്യസ്തമായി ഇന്ത്യയ്ക്ക് മാത്രമല്ല ലോകത്തിനുതന്നെ മാതൃകയായിക്കൊണ്ട് ദുരന്തമുണ്ടായ ഉടൻതന്നെ

വിവിധ വകുപ്പുകളെയും സംവിധാനങ്ങളെയും ജനങ്ങളെയും ആകെ കോർത്തിണക്കികൊണ്ട് സമാനതകളില്ലാത്ത ദുരന്തനിവാരണ പ്രവർത്തനമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്നതെന്ന് നമുക്കെല്ലാവർക്കുമറിയാം. ആ ഘട്ടത്തിൽതന്നെ കേരളത്തിലെ പത്ര മാധ്യമങ്ങളും നല്ല രൂപത്തിലുള്ള പങ്കുവഹിച്ചുകൊണ്ട് മുന്നോട്ടുപോയിട്ടുണ്ട്. ഏത് ദുരന്തമുഖത്തും സംസ്ഥാന സർക്കാരിന്റെ പൊതുഖജനാവിലെ പണമുപയോഗിച്ച് മാത്രം കാര്യങ്ങൾ നിർവഹിക്കാൻ കഴിയില്ലെന്ന് നമുക്കറിയാം. അതുകൊണ്ട് സമൂഹത്തിലുള്ള സാമ്പത്തികശേഷിയുള്ളവരുടെയും അല്ലാത്തവരുടെയും ചെറുതുംവലുതുമായ സഹായങ്ങൾ ശേഖരിക്കുന്നത് സ്വാഭാവികമായ നടപടിയാണ്. അത്തരം നടപടികൾപോലും മോശമാണെന്നുള്ള പരാമർശം നടത്തുന്നത് ഖേദകരമാണ്. ഇത്തരം ദുരന്തമുഖങ്ങളിൽ ദുരിതാശ്വാസനിധി എക്കാലത്തും നമ്മൾ സംഘടിപ്പിച്ച് മുന്നോട്ടുപോയിട്ടുള്ളതാണ്. അല്ലാതെ സർക്കാരിന്റെ സാമ്പത്തിക സ്രോതസ്സ് മാത്രം പരിഗണിച്ചുകൊണ്ട് ദുരിതാശ്വാസ പ്രവർത്തനം നടത്താൻ കഴിയില്ല. അതുകൊണ്ട് അത്തരം ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടർന്നും

നടത്തേണ്ടതുണ്ടെന്നതിനാൽ മാതൃകാപരമായ നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് കാണാൻ സാധിക്കും. 'പൂര കത്തുമ്പോൾ വാഴവെട്ടുക' എന്ന നിലപാട് കേരളത്തിലെ ഒരുവിഭാഗം മാധ്യമങ്ങൾ സ്വീകരിച്ചുവെന്നത് ഖേദകരമാണ്. അതുകേട്ട് പ്രതിപക്ഷത്തെ പാർട്ടികളും രംഗത്തുവന്നുവെന്നതാണ് അതിനെക്കാൾ ഖേദകരമായ കാര്യം. സംസ്ഥാന സർക്കാർ വലിയ കൊള്ളനടത്തുന്നു, സംസ്ഥാന സർക്കാർ ദുരന്തമുഖത്തുവച്ച് തെറ്റായ കണക്കുകൾ കൊടുത്ത് പണമുണ്ടാക്കാൻ ശ്രമിക്കുന്നു തുടങ്ങിയ രൂപത്തിലുള്ള പ്രചാരവേല ഇവിടെ നടത്തുകയുണ്ടായി. ദുരന്തനിവാരണ പ്രവർത്തനങ്ങൾ പാതിവഴിയിലെത്താത്ത സമയത്താണ് കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽനിന്നും സഹായം കിട്ടുന്നതിനുവേണ്ടി 17-08-2024-ൽ സംസ്ഥാന സർക്കാർ അപേക്ഷ സമർപ്പിച്ചത്. കേന്ദ്ര ദുരന്തനിവാരണ മാനദണ്ഡമനുസരിച്ച് മാത്രമെ ആ അപേക്ഷ കൊടുക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് പ്രതീക്ഷിതമായ ചെലവുകളുടെ കണക്കാണ് കൊടുത്തിട്ടുള്ളതെന്ന് എല്ലാവർക്കുമറിയാം. ഇതിനെ യഥാർത്ഥ ചെലവായി ചിത്രീകരിച്ചുകൊണ്ട് ഇല്ലാത്തകാര്യത്തിന് വലിയ കാശ് ഈടാക്കുന്നു, ചെലവാക്കി കഴിഞ്ഞു എന്ന

രൂപത്തിൽ വാർത്തകളിൽ നിറഞ്ഞുനിന്നു. എത്ര ദിവസമാണ് ആ വാർത്തയുമായി മുന്നോട്ടുപോയത്. അതുമാത്രമല്ല ആ വാർത്തയുടെ സത്യാവസ്ഥ വെളിച്ചത്ത് വന്നപ്പോൾ ചില മാധ്യമങ്ങളൊക്കെ അത് തിരുത്താൻ തയ്യാറായെങ്കിലും പല മാധ്യമങ്ങളും തിരുത്താതെ ആ തെറ്റ് ആവർത്തിച്ചുകൊണ്ട് ഇപ്പോഴും മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്ന സാഹചര്യം നാം കാണുകയാണ്. കേന്ദ്ര മാനദണ്ഡമനുസരിച്ച് നമുക്കറിയാം, പൂർണ്ണമായും നഷ്ടപ്പെട്ട ഒരു വീടിന് 1.3 ലക്ഷം രൂപയാണ് ലഭിക്കുന്നത്. ഇവിടെ ആഗസ്റ്റ് 17-ന് നമ്മൾ കണക്ക് കൊടുക്കുന്ന ഘട്ടത്തിൽ 1555 വീടുകൾ പൂർണ്ണമായും തകർന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്. അപ്പോൾ 1.3 ലക്ഷം രൂപ അനുസരിച്ച് 20,21,50,000 രൂപയാണ് നമുക്ക് കേന്ദ്രത്തിൽനിന്നും ലഭിക്കാവുന്ന പരമാവധി ധനസഹായം. യഥാർത്ഥത്തിൽ കേരളത്തിലെ ചെലവ് ഒരു യൂണിറ്റിന് 15 ലക്ഷം രൂപയാണ്. അങ്ങനെ വരുമ്പോൾ 233.25 കോടി രൂപ ചെലവ് വരും. ഈ വസ്തുതയൊന്നും കാണാൻ ചില മാധ്യമങ്ങൾ തയ്യാറായില്ല എന്നതാണ് ഖേദകരം. വീട് റിപ്പയറിങ്ങിന് 6500 രൂപയാണ് കേന്ദ്ര മാനദണ്ഡപ്രകാരം ലഭിക്കുന്നത്. ഇതുവഴി കേരളത്തിൽ 2 ലക്ഷം

ദ്രുപയാണ് നാം പ്രതീക്ഷിക്കുന്നത്. ഭക്ഷണം, വസ്ത്രം, മൃതശരീരം മറവ് ചെയ്യൽ, വെള്ളക്കെട്ട് ഒഴിവാക്കൽ തുടങ്ങിയവയ്ക്ക് എല്ലാംതന്നെ കേന്ദ്ര മാനദണ്ഡമനുസരിച്ചുള്ള പ്രതീക്ഷിത ചെലവാണ് സംസ്ഥാനം സമർപ്പിച്ചിട്ടുള്ളതെന്ന് കാണാൻ കഴിയും. ഇതെല്ലാം യഥാർത്ഥ ചെലവാണ്. മൃതശരീരം മറവ് ചെയ്യുന്ന കാര്യത്തിലും സംസ്ഥാന സർക്കാർ കൊള്ളയടിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് ജനങ്ങളുടെ വികാരം കൈയിലെടുക്കാൻവേണ്ടിയുള്ള നടപടികൾ ഇവിടെ മാധ്യമങ്ങൾ സ്വീകരിച്ചുവെന്ന് നമ്മൾ കാണുകയാണ്. ഇങ്ങനെ നുണപ്രചരണവുമായി മുന്നോട്ടുപോകുന്ന സ്ഥിതിവിശേഷമാണുണ്ടായിട്ടുള്ളത്. ചെളി നീക്കം ചെയ്യൽ പ്രവൃത്തിക്ക് ഉയർന്ന ചെലവ് ആവശ്യപ്പെട്ടുവെന്നാണ് ഇതുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരണങ്ങളിൽ കാണാൻ കഴിഞ്ഞത്. ബെയ്‌ലി പാലം സംബന്ധിച്ച ചെലവുതന്നെ പരിശോധിച്ചാൽ നമുക്കറിയാം. സൈന്യം അതിന് ചെലവായ യഥാർത്ഥ തുക എത്രയാണെന്ന് പറയുന്നതനുസരിച്ച് മാത്രമേ പണം കൊടുക്കാൻ കഴിയൂവെന്ന് എല്ലാവർക്കും അറിയാം. ചെളി നീക്കം ചെയ്യലായാലും എക്കൽ നീക്കം ചെയ്യലായാലും ഷെഡ്യൂളനുസരിച്ചുള്ള സംഖ്യ

മാത്രമേ കൊടുക്കാൻ കഴിയൂ. ഈ വസ്തുതയെല്ലാം മറച്ചുപിടിച്ചുകൊണ്ടുള്ള പ്രചരണമാണ് ഒരു വിഭാഗം നടത്തിയിട്ടുള്ളത്. എന്താണ് ഈ പ്രചരണത്തിന്റെ ഉദ്ദേശ്യം? കേന്ദ്രസർക്കാരിനെ സഹായിക്കാനാണ് ഈ പ്രചരണം നടത്തുന്നത്. ഈ ദുരന്തമുഖത്ത് സംസ്ഥാനസർക്കാരിന് ഒരു ചില്ലിക്കാശിന്റെ സഹായംപോലും കേന്ദ്രത്തിൽനിന്നും ലഭിക്കരുതെന്ന ദുഷ്ടലാക്കിന്റെ ഭാഗമായാണ് ഈ പ്രചരണം. കേന്ദ്രത്തെ സംരക്ഷിക്കൽ മാത്രമല്ല കേരളത്തിന് സഹായം കിട്ടാനും പാടില്ലെന്ന മനോഭാവത്തോടുകൂടിയാണ് മുന്നോട്ടുപോകുന്നത് എന്നത് നാം കാണേണ്ടതാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ഇടപെട്ട് ഒക്ടോബർ 18-നകം എന്ത് ധനസഹായമാണ് നൽകുന്നതെന്ന് അറിയിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരിക്കുകയാണ്. അതോടൊപ്പം കേരളത്തിലെ മാധ്യമങ്ങൾ നടത്തിയ കള്ള പ്രചാരവേലയ്ക്കെതിരായിട്ടുള്ള ശക്തമായ താക്കീതും ഹൈക്കോടതി നൽകുകയുണ്ടായി. കള്ളപ്രചാരവേലകളെയൊന്നും നിങ്ങൾ മുഖവിലയ്ക്കെടുക്കേണ്ടെന്നും നിങ്ങൾ ദുരന്തനിവാരണവും സംരക്ഷണവുമായി

മുന്നോട്ടുപോകണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി പറയുന്ന സാഹചര്യമുണ്ടായി എന്ന് നാം കാണേണ്ടതാണ്.

ഇവിടെ വയനാടിന് എത്രമാത്രം സഹായം ലഭ്യമാക്കാമെന്ന് ചിന്തിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും അതിന്റെ മുന്നണിയിൽ നിൽക്കുകയും ചെയ്യേണ്ട ആളാണ് ഈ ദുരന്തം നടന്ന പ്രദേശം ഉൾക്കൊള്ളുന്ന കൽപ്പറ്റ നിയോജകമണ്ഡലത്തിലെ അംഗം. അദ്ദേഹത്തിന്റെ ഉത്തരവാദിത്വം ചെറുതല്ല. അത് നിർവഹിക്കാൻ അദ്ദേഹം തയ്യാറാകുമോ; അതിന് പ്രതിപക്ഷ നേതൃത്വം അദ്ദേഹത്തെ ചുമതലപ്പെടുത്തുമോ എന്നുകൂടി ചോദിക്കാനാഗ്രഹിക്കുകയാണ്. ഈ രൂപത്തിൽ കള്ളപ്രചാരവേലകളെ മുഴുവൻ തുറന്നുകാണിച്ച് കൂട്ടായി ചേർന്നുകൊണ്ട് നമുക്ക് മുന്നോട്ടുപോകേണ്ടതുണ്ട്. കേരളത്തോട് കേന്ദ്രം കാണിക്കുന്ന അവഗണനയെ സംബന്ധിച്ച് നേരത്തെതന്നെ പലരും ഇവിടെ ചൂണ്ടിക്കാണിച്ചു. അതിനെതിരായി നിയമപരമായും രാഷ്ട്രീയപരമായും പോരാട്ടം നടത്തി മുന്നോട്ടുപോകുമ്പോൾ മാറിനിൽക്കുകയോ അതിനെ എതിർത്ത് മുന്നോട്ടുപോകുകയോ ചെയ്യുവരാണ് പ്രതിപക്ഷത്തുള്ളവർ എന്ന വസ്തുത നമ്മുടെ മുമ്പിലുണ്ട്. ഇപ്പോൾ കേന്ദ്രം

കാണിക്കുന്ന ഈ ക്രൂരമായ അവഗണനയ്ക്കെതിരായി കൂട്ടായി ഒരു സമരവുമായി മുന്നോട്ടുപോകാൻ പ്രതിപക്ഷം തയ്യാറാകുമോ? ആ രൂപത്തിലൊരു ചിന്ത പ്രതിപക്ഷത്തിന്റെ നിലപാടിലുണ്ടാകണം. കേന്ദ്രം കേരളത്തോട് കാണിക്കുന്ന ക്രൂരമായ അവഗണനയ്ക്കെതിരായി എല്ലാവരും ഒറ്റക്കെട്ടായി പഴയ കാലത്തെ സംഭവങ്ങളെല്ലാം മാറ്റിവച്ചുകൊണ്ട് പുതിയ സാഹചര്യത്തിൽ സമരം ചെയ്യാൻ രംഗത്ത് വരണമെന്നാണ് എനിക്ക് വിനയപൂർവം അഭ്യർഥിക്കാനുള്ളത്. അതിന് പ്രതിപക്ഷം തയ്യാറാകുമോ എന്നാണ് ഈ സന്ദർഭത്തിൽ ചോദിക്കാനുള്ളത്. ഇവിടെ ദേശസാൽകൃത ബാങ്കുകൾ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ഇരുപത് ലക്ഷം കോടി രൂപയുടെ കടം എഴുതിത്തള്ളിയതായി നമുക്ക് കാണാൻ കഴിയും. എന്നാൽ ദുരന്ത മുഖത്ത് കഷ്ടപ്പെടുന്നവരെ സഹായിക്കാനുള്ള ഒരു മനോഭാവവും അവർ കാണിക്കുന്നില്ല. രാജ്യത്തെ കോർപ്പറേറ്റുകൾക്ക് എന്ത് സഹായവും ചെയ്യാൻ കഴിയുമെന്ന നിലപാടാണ് അവർ സ്വീകരിക്കുന്നത്. ഇക്കാര്യവും നാം നല്ല രീതിയിൽ തുറന്നുകാണിച്ച് മുന്നോട്ടുപോകേണ്ടതുണ്ട്. ഈ ഘട്ടത്തിലാണ് സംസ്ഥാന സഹകരണ മേഖലയിലുള്ള കേരള ബാങ്കിന്റെ സമീപനം

എടുത്തുപറയേണ്ടത്. സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തേണ്ട ആവശ്യകതകൂടി ഈ പ്രശ്നത്തിലൂടെ നമുക്ക് ബോധ്യമാകും. തീർച്ചയായും മാതൃകാപരമായ പ്രവർത്തനമാണ് കേരള ബാങ്ക് ഇക്കാര്യത്തിൽ നടത്തിയിട്ടുള്ളതെന്നും നമുക്ക് കാണാൻ കഴിയും. സംസ്ഥാന സർക്കാർ കാണിക്കുന്ന ധീരമായ നേതൃത്വവും നടപടികളും കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടുപോകണം. ജനങ്ങളെല്ലാം ഈ സർക്കാരിന്റെ പിന്നിലുണ്ട്, അക്കാര്യത്തിൽ ആർക്കും സംശയംവേണ്ട. ദുരന്തമുഖത്തുനിന്നും വയനാടിനെ രക്ഷപ്പെടുത്താനുള്ള പോരാട്ടത്തിൽ കേരളീയർ മുഴുവനും ഒറ്റക്കെട്ടായി മുന്നോട്ടുപോകുമെന്ന കാര്യത്തിൽ ഒരു സംശയവുംവേണ്ട. എല്ലാവരും കൂട്ടായി മുന്നോട്ടുപോകണമെന്ന് അഭ്യർഥിച്ചുകൊണ്ട് നിർത്തുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കേരളം കണ്ട ഏറ്റവും ദുരന്തപൂർണ്ണമായ ഒരനുഭവത്തിലൂടെയാണ് കഴിഞ്ഞ ജൂലൈ മാസം 30-ാം തീയതി കടന്നുപോയത്. ഇത്തരമൊരു ദുരന്തമുണ്ടായ ഘട്ടത്തിൽ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം മനുഷ്യസാധ്യമായ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി. നമുക്കറിയാം, നാല് മന്ത്രിമാരുൾപ്പെടെ

സർക്കാരിന്റെ എല്ലാ സംവിധാനങ്ങളും അവിടെയെത്തി ആവശ്യമായ എല്ലാ ക്രമീകരണങ്ങളും നടത്തി. അക്കാര്യത്തിൽ സർക്കാർ എടുത്ത നിലപാടുകൾ തീർച്ചയായും ശ്ലാഘനീയമാണ്. ഗവൺമെന്റ് മാത്രമല്ല, ഇവിടെ പ്രമേയം അവതരിപ്പിച്ച ശ്രീ. ടി. സിദ്ദിഖ് ഉൾപ്പെടെയുള്ള ജനപ്രതിനിധികളെല്ലാം അവരുടേതായ വലിയ പങ്ക് നിർവഹിച്ചുകൊണ്ട് കേരളം എല്ലാക്കാലത്തും ഇത്തരം ദുരന്തങ്ങളോട് കാണിക്കുന്ന വലിയൊരു മനസ്സ് ഒരിക്കൽക്കൂടി ലോകത്തിന് മുമ്പിൽ കാണിക്കാനും പരിചയപ്പെടുത്താനുമുള്ള സന്ദർഭമാക്കി അതിനെ മാറ്റി എന്നുള്ളത് നമുക്കറിയാവുന്ന കാര്യമാണ്. മാത്രമല്ല അതിനുശേഷം കൃത്യമായ കാഴ്ചപ്പാടോടുകൂടിയ പുനരധിവാസ പ്രവർത്തനങ്ങളുമായി സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ പരിമിതികൾ നമുക്കറിയാം. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായമില്ലാതെ ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കില്ല. ഏകദേശം 1200 കോടി രൂപ നഷ്ടമുണ്ടായതായി കണക്കാക്കുമ്പോൾ പുനരധിവാസം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി 2000 കോടിയോളം രൂപ ആവശ്യമായിട്ടുണ്ട്. ഈ

സന്ദർഭത്തിലാണ് കേന്ദ്ര ഗവൺമെന്റിന്റെ സഹായം നാം ആഗ്രഹിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്നത്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി അവിടെ സന്ദർശനം നടത്തി അദ്ദേഹത്തിന്റെ ഏതാനും വികാരപരമായ ചിത്രങ്ങൾ നാം കണ്ടു എന്നതിനപ്പുറത്തേക്ക് കേരളത്തിന്റെ ദുരന്തഭൂമിയിൽ സഹായിക്കാനുള്ള ഒരു മനസ്സും കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായില്ല. SDRF (State Disaster Response Fund)-ൽനിന്നും 145.60 കോടി രൂപ ഒന്നാം ഘട്ടമായി കിട്ടിയെന്ന് വാർത്തകൾ വന്നു. സത്യത്തിൽ അത് Disaster Management Act, 2005 പ്രകാരം അർഹമായി കിട്ടേണ്ട പുനരധിവാസ തുകയാണ്. അതിൽ കേന്ദ്ര ഗവൺമെന്റിന്റെ 75 ശതമാനവും സംസ്ഥാന സർക്കാരിന്റെ 25 ശതമാനവുമുൾപ്പെടെ ധനകാര്യ കമ്മീഷന്റെ നിർദേശപ്രകാരം രണ്ട് തുല്യഗഡുക്കളായി കിട്ടുന്നതാണ്. യഥാർത്ഥത്തിൽ നമുക്ക് 388 കോടി രൂപയുടെ അർഹതയുള്ളതിൽ 291.20 കോടി രൂപ കേന്ദ്ര വിഹിതവും 96.8 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. അതിന്റെ ഒന്നാംഗഡുവായി ലഭിച്ച തുകയാണ് 145.60 കോടി രൂപ. പക്ഷെ ഈ സംസ്ഥാനത്തുണ്ടായ ഏറ്റവും വലിയ ദുരന്തത്തിൽ ദേശീയ ദുരന്തനിവാരണ ഫണ്ടിൽനിന്നും കേന്ദ്ര ഗവൺമെന്റ്

നൽകാനുള്ള പണത്തിന്റെ കാര്യത്തിൽ അർഹമായ തുക സംസ്ഥാനത്തിന് നൽകുന്നില്ല എന്നതാണ് നമ്മുടെ പ്രധാനപ്പെട്ട പരാതി. ഇക്കാര്യത്തിൽ ചട്ടം 300 പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയവും അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളും സഭയുടെ മുമ്പിൽ സമർപ്പിച്ചതാണ്. എങ്കിലും ഇക്കാര്യത്തിലുള്ള ആശങ്ക പ്രതിപക്ഷവും ഭരണപക്ഷവും ഒരിക്കൽക്കൂടി പങ്കുവയ്ക്കണം. കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന ഈയൊരു ശ്രമം, നമ്മുടെ സംസ്ഥാനത്തോട് കാണിക്കുന്ന അവഗണനയും നമുക്ക് അർഹതയുള്ള സഹായങ്ങൾ ലഭ്യമാക്കാത്തതുമായ നിലപാടുകൾക്കെതിരെ രാഷ്ട്രീയ വേർതിരിവുകൾക്കപ്പുറത്ത് ഒരുമിച്ച് നിൽക്കേണ്ട ഒരു സന്ദർഭമാണിത്. അക്കാര്യത്തിൽ എല്ലാവർക്കും ഒരേ അഭിപ്രായമാണ് എന്നുള്ള കാര്യത്തിൽ സംശയമില്ല. കേന്ദ്ര നിലപാടുകൾക്കെതിരെ ഒരിക്കൽക്കൂടി ശക്തമായ നിലപാട് ആവർത്തിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, കേരള സംസ്ഥാന ചരിത്രത്തിലെ ഏറ്റവും വലിയ ദുരന്തമാണ് കഴിഞ്ഞ ജൂലൈ 30-ന് വയനാട് ജില്ലയിലെ ചൂരൽമല, മുണ്ടക്കൈ പ്രദേശത്ത് നടന്ന അതിഭീകരമായ ഉരുൾപൊട്ടൽ. ഒരു രാത്രി

ഇരുട്ടിവെളുക്കുമ്പോഴേക്കും വീടുകളും വിദ്യാലയങ്ങളും ആരാധനാലയങ്ങളും റോഡുകളും പാലങ്ങളുമെല്ലാമുണ്ടായിരുന്ന പ്രദേശങ്ങൾ മൺകൂനയായി മാറി. അവിടെ പോയപ്പോൾ കണ്ടകാഴ്ച അതിഭീകരമായിരുന്നു. മുണ്ടക്കൈ, ചൂരൽമല ഗ്രാമങ്ങൾതന്നെ നാമാവശേഷമായി മാറിയ കാഴ്ചകൾക്കാണ് നാട് സാക്ഷ്യംവഹിച്ചത്. ദുരന്തവാർത്തയറിഞ്ഞ് ഓടിയെത്തിയ രക്ഷാപ്രവർത്തകർക്ക് ദുരന്തമേഖലയിലേക്ക് കടക്കാൻപോലും സാധിക്കാത്ത അതിഭീകരമായ അവസ്ഥയുണ്ടായിട്ടും പ്രദേശവാസികളുൾപ്പെടെ കേരളമൊന്നാകെയുള്ള മനുഷ്യർ സ്വന്തം ജീവൻ പണയംവച്ചുകൊണ്ടുതന്നെ രക്ഷാപ്രവർത്തനത്തിലേർപ്പെട്ടു. ഏത് ദുരന്തമുഖത്തും എന്തിനും തയ്യാറായി ഓടിയെത്തുന്ന മനുഷ്യരാണ് കേരളത്തിന്റെ സമ്പത്ത്. ജനങ്ങളുടെ സന്നദ്ധ പ്രവർത്തനങ്ങളോടൊപ്പം ഒരു നിമിഷം പോലും വൈകാതെയുള്ള മികച്ച ഏകോപനത്തിലൂടെ ഫയർ ഫോഴ്സ്, പോലീസ്, ദുരന്തനിവാരണസേന, തുടങ്ങിയ സേനകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ, ആരോഗ്യം എന്നിങ്ങനെ സംസ്ഥാന സർക്കാരിന്റെ ബന്ധപ്പെട്ട എല്ലാ വകുപ്പുകളും രക്ഷാപ്രവർത്തനങ്ങളിൽ പങ്കാളികളായി. എന്നാൽ ദുരന്തം നടന്ന് രണ്ട് മാസം

തികയുമ്പോഴും ഇന്നുവരെ വയനാട് ദുരന്തത്തിന്റെ തീരാനഷ്ടങ്ങൾക്ക് ആശ്വാസമേകാനുള്ള പുനരധിവാസ പ്രവർത്തനങ്ങൾക്ക് ഒരു ചില്ലിക്കാശുപോലും കേന്ദ്ര സർക്കാർ അനുവദിച്ചില്ല എന്നത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ജനങ്ങൾക്കൊപ്പമാണെന്ന് ആവർത്തിക്കുന്ന കേന്ദ്ര സർക്കാർ കേരളത്തിന്റെ ആവർത്തിച്ചുള്ള നിവേദനങ്ങൾക്കും ആവശ്യങ്ങൾക്കുംനേരെ നിസ്സംഗത തുടരുകയാണ്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി നേരിട്ടെത്തി ദുരന്തത്തിന്റെ വ്യാപ്തി നോക്കികണ്ടെങ്കിലും ഇതിലും ചെറിയ ദുരന്തങ്ങൾ നടന്ന സംസ്ഥാനങ്ങൾക്ക് സഹായം അനുവദിച്ചതിന്റെ വേഗത കേരളത്തിന്റെ കാര്യത്തിൽ ഇല്ലാതെയായിപ്പോയി. ഒടുവിൽ സഹായം വൈകിപ്പിക്കുന്നതിനെതിരെ ഹൈക്കോടതിയും ഇടപെട്ടു. നമ്മുടെ മന്ത്രിമാർ വയനാട് ദുരന്തഭൂമിയിൽ ക്യാമ്പ് ചെയ്തുകൊണ്ട് എല്ലാ കാര്യങ്ങളിലും ഇടപെട്ട് പ്രവർത്തിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ടെത്തി കാര്യങ്ങൾ മനസ്സിലാക്കി പരിഹാരമാർഗങ്ങൾ കണ്ടു. താൽക്കാലിക പുനരധിവാസം പൂർത്തിയായെങ്കിലും ദുരന്തത്തിന്റെ ആഘാതത്തിൽനിന്നും ജനങ്ങൾ മുക്തരായിട്ടില്ല. പഴയ ജീവിതത്തിലേക്ക് ദുരന്തബാധിതർക്ക് മടങ്ങാനാകുകയുമില്ല. ദുരന്തത്തിൽ

മാതാപിതാക്കൾ നഷ്ടപ്പെട്ട കുഞ്ഞുങ്ങൾക്ക് ധനസഹായം പ്രഖ്യാപിച്ച സർക്കാർ നടപടി വളരെ പ്രശംസനീയമാണ്. ശാശ്വത പുനരധിവാസത്തിനായി അനുയോജ്യമായ പ്രദേശങ്ങൾ ഏറ്റെടുക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ച് അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ് ചെയ്യുന്നത്. പുനരധിവാസം എത്രയുംവേഗം പൂർത്തിയാക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 2018, 2019 വർഷങ്ങളിലെ പ്രളയത്തെയും ദുരന്തങ്ങളെയും അതിജീവിച്ച നാടാണിത്. അന്നെല്ലാം കേരളത്തെ ചേർത്തുപിടിച്ച് നയിച്ച സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള അതേ സർക്കാരാണ് ഇന്നും കേരളത്തിൽ അധികാരത്തിലുള്ളത്. ആ ആത്മവിശ്വാസമാണ് സംസ്ഥാനത്താകെയുള്ള ജനങ്ങൾക്കെന്നപോലെ വയനാട്ടിലെ ജനങ്ങൾക്കുമുള്ളത്. ഇനിയൊരു ദുരന്തം കേരളത്തിലുണ്ടാകരുത്. അതിനുവേണ്ടിയുള്ള ഇടപെടലുണ്ടാകണം. നമുക്കറിയാം കുന്നുകളും മലകളും 44 പുഴകളുമുള്ള പ്രദേശമാണ് കേരളം. അതിനാൽ ദുരന്തങ്ങളുണ്ടാകാനുള്ള സാധ്യത മനസ്സിലാക്കിക്കൊണ്ട് അതിന് പരിഹാരം കണ്ടെത്തണം. പ്രത്യേകിച്ച് പല ആവശ്യങ്ങൾക്കായി കുന്നുകളും മലകളും ഇടിക്കുന്ന

സംസ്ഥാനമാണ് കേരളം. അതിനാൽ അതിലൊക്കെ എങ്ങനെ ഇടപെടാൻ കഴിയുമെന്നതിനെക്കുറിച്ച് ആലോചിക്കണം. അതുപോലെ വയനാട് പുനരധിവാസം, ടൗൺഷിപ്പ് നിർമ്മാണം എന്നിവയ്ക്കായി വ്യക്തികൾ മുന്നോട്ടുവയ്ക്കുന്ന സഹായങ്ങൾകൂടി സ്വീകരിച്ചുകൊണ്ട് അവിടെ വലിയൊരു ടൗൺഷിപ്പാക്കി മാറ്റാനും അതിലൂടെ കേരളത്തെ കൂടുതൽ സമ്പന്നമാക്കാനും സാധിക്കണം. വയനാടിനെ സംബന്ധിച്ചിടത്തോളം കാർഷിക മേഖലയുടെ സമ്പന്നമായ സ്ഥലമാണ്. അവിടെനിന്നും നമുക്ക് ലഭിക്കുന്ന വിഭവങ്ങളൊക്കെ വലുതാണ്. അവിടെ ഇനിയും ഒരു ദുരന്തമുണ്ടാകാതിരിക്കാൻ സാധിക്കണം. ഇപ്പോഴുണ്ടായ ദുരന്തത്തിന് പരിഹാരമെന്നുള്ള നിലയിൽ അവിടെ കാർഷികമേഖലയ്ക്ക് പ്രാധാന്യം നൽകികൊണ്ട് കാർഷികമേഖലയിൽ കൃഷി ഉഭയങ്ങൾ വച്ചുപിടിപ്പിക്കാനും അവിടെയുള്ളവർക്ക് അവിടെതന്നെ കൃഷിചെയ്യാനുമുള്ള സൗകര്യങ്ങൾ ചെയ്യണം. അതുപോലെ അവിടെയുണ്ടായിരുന്ന വളരെ സമ്പന്നമായ വിദ്യാലയങ്ങൾ ഇല്ലാതായി. എന്നാൽ ഇന്ന് സർക്കാരിന്റെ ഇടപെടൽമൂലം വിദ്യാർഥികൾക്ക് പഠിക്കാനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. അതുപോലെ അവിടെയുള്ള കുടുംബങ്ങൾക്ക്

കഴിയാനുള്ള സഹായങ്ങളും ചെയ്യുന്നുണ്ട്. പക്ഷെ ഇതിനൊക്കെത്തന്നെ അവർക്കുവേണ്ട ഉഭയങ്ങൾ അവിടെ ലഭിക്കണം. ആദ്യം ഒരുപാട് ഉഭയങ്ങൾ പലരും സംഭാവന ചെയ്തിരുന്നു. പക്ഷെ നിലവിൽ അത് നിന്നതുപോലെയാണുള്ളത്. അതിന് പരിഹാരം കാണാൻ അവിടെത്തന്നെ അവർക്കുവേണ്ട കടകൾ വച്ചുകൊണ്ട് സഹായവുമായി മുന്നോട്ടുപോകാൻ സാധിക്കണം. ഭക്ഷണം, വിദ്യാഭ്യാസം എന്നിവയെല്ലാം പ്രധാനപ്പെട്ടതാണ്. അവിടെ അധ്യാപകരും വിദ്യാർഥികളുമൊക്കെ താമസിക്കുന്ന സ്ഥലമാണ്. നമ്മുടെ പ്രിയപ്പെട്ട വിദ്യാർഥികൾ എൻ.സി.സി., എസ്.പി.സി. എന്നിവയിലൊക്കെ ചേർന്നുകൊണ്ട് അവിടെയുള്ള കാര്യങ്ങളുമായി ഇടപെടുമ്പോൾ എന്തൊക്കെ ചെയ്യണമെന്നതിനെക്കുറിച്ച് അവർക്കുതന്നെ അറിയാം. ഇതിനൊക്കെയുള്ള സഹായങ്ങൾ ചെയ്ത് അവരെ ചേർത്തുപിടിച്ചുകൊണ്ട് സർക്കാർ കൂടുതൽ കാര്യങ്ങളുമായി മുന്നോട്ടുപോകുന്നതാണ്. വ്യക്തികളിൽനിന്നും ഒരുപാട് സഹായങ്ങൾ ലഭിക്കുന്നുണ്ട്. അതുപോലെ കേന്ദ്ര സർക്കാർ നമുക്ക് ആനുകൂല്യങ്ങൾ നൽകാത്തതിനെതിരെ ഈ സഭ ഒന്നടങ്കം പ്രസ്താവനകൾ ഇറക്കിയിട്ടുണ്ട്,

ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ചട്ടം 300 പ്രകാരം ഈ സഭയിൽ പ്രമേയം അവതരിപ്പിച്ചിട്ടുണ്ട്, അത് എല്ലാവരും ഒറ്റക്കെട്ടായി അംഗീകരിച്ചിരിക്കുകയാണ്. അത് ഈ സഭയിലെ എല്ലാവരും ചേർന്നുകൊണ്ട് കേന്ദ്രത്തിൽ സമർപ്പിച്ച് പരിഹാരം കാണാൻ സാധിച്ചാൽ നമ്മുടെ വയനാട് രക്ഷപ്പെടുന്ന രൂപത്തിലേക്ക് എത്തിച്ചേരും. ഞാൻ ആവർത്തിക്കുകയാണ്, ഇനിയൊരു ദുരന്തമുണ്ടാകാതെ നോക്കാൻ നമുക്ക് സാധിക്കണം എന്നുപറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, വയനാട് ദുരന്തത്തിനുശേഷം ആ വിഷയം സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്ന് വളരെ വിശദമായി ചർച്ച ചെയ്യാൻ അവസരമുണ്ടായത് വളരെ നന്നായി. എല്ലാവരും നന്നായി ചെയ്തുവെന്ന് പരസ്പരം അങ്ങോട്ടുമിങ്ങോട്ടും അഭിനന്ദിച്ച് പറയുന്നതുകൊണ്ടൊന്നും വലിയ കാര്യമില്ല. അത് അവനവന്റെ വീട്ടിലെ അടിയന്തിരം നടത്തിയിട്ട് ഉഷാറായെന്ന് തമ്മിൽ പറയുന്നതുപോലെയാകുകയുള്ളൂ. ആരംഭശൂരത്വം, തുടക്കത്തിലുണ്ടായിരുന്ന ഉഷാർ കുറച്ചുകാലമായുണ്ടായിട്ടില്ല. അഭയാർത്ഥി ക്യാമ്പുകളിൽ താമസിച്ചിരുന്നവരുടെ സ്ഥിതി, അതുപോലെ ദുരന്തംമൂലം വലിയ

പ്രയാസങ്ങൾ അനുഭവിച്ചവരുടെ സ്ഥിതി എന്നതിലൊക്കെ ആദ്യമുണ്ടായിരുന്ന ശ്രദ്ധ പിന്നെ പതുക്കെ കുറഞ്ഞുകണ്ടു. ഒരു പുനരധിവാസ പ്ലാൻ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിതലത്തിൽതന്നെ ആ വിഷയമെടുത്ത് സുതാര്യമായി, പാർട്ടികൾ ആരാണെന്നുവച്ചാൽ അവരെ വിളിച്ച് നടപ്പാക്കാൻ സാധിക്കില്ലേ; അവിടെ വാഗ്ദാനങ്ങളുടെ പെരുമഴയുണ്ടായിട്ടുണ്ട്. വാഗ്ദാനങ്ങൾ കേട്ടാൽ ഇത് കിട്ടാൻ പോകുന്ന ആളുകൾക്ക് എന്തോ ഭാഗ്യം വന്നതുപോലെയാണെന്ന് തോന്നിപോകും. പക്ഷെ അവസാനം വന്നപ്പോൾ എല്ലാകാര്യങ്ങളെയും സംബന്ധിച്ച് ഇരുട്ടിൽ നിർത്തേണ്ട കാര്യമെന്താണ്? കടമുള്ളവരുടേത് എഴുതിതള്ളുമെന്ന് തീരുമാനിച്ചോ? ഇപ്പോൾ ഏറ്റവും അവസാനം അത് സംബന്ധിച്ചുപോലും തീരുമാനമായിട്ടില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. അതുപോലെ ഒരു ഗവൺമെന്റ് വിചാരിച്ചാൽ പുനരധിവാസത്തിന് സ്ഥലമെടുക്കാൻ കഴിയില്ലേ? അത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. തോട്ടത്തിന്റെ നൂലാമാലയും ബാക്കി പ്രശ്നങ്ങളുമൊക്കെ ഉടമസ്ഥരെ വിളിച്ച് തീരുമാനമുണ്ടാക്കാൻ സർക്കാരിന് സാധിക്കില്ലേ? നാഷണൽ ഹൈവേയ്ക്കുവേണ്ടി സ്ഥലം വേണമെന്ന് പറഞ്ഞപ്പോൾ

സമയബന്ധിതമായി അതെടുത്തതുപോലെ, പുനരധിവാസത്തിന്റെ സ്ഥലം സംബന്ധിച്ച്..... ഇപ്പോൾ ഇവിടെ റവന്യൂ വകുപ്പുമന്ത്രിയുമുണ്ട്. സ്ഥലമെടുക്കുന്ന പ്രവൃത്തി ഇത്രയും നീണ്ടുപോകേണ്ട കാര്യമെന്താണ്? വിൽപവറോടുകൂടി ഗവൺമെന്റിന് കാബിനറ്റ് തലത്തിൽ ചെയ്യാൻ കഴിയില്ലേ; എവിടെയാണ്, എന്താണ്, ഏതാണ് എന്നുള്ള രീതിയിൽ എന്തിനാണ് ഇത്രയും കൺഫ്യൂഷൻ? അത് പറയാൻ പറ്റുന്നില്ലല്ലോ; 597 ആളുകൾക്ക് സഹായം കൊടുക്കേണ്ടതാണെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. അവർക്ക് ആളോഹരി എത്ര തുക വീതമാണ് കൊടുക്കേണ്ടതെന്ന് തീരുമാനിക്കണം. എന്റെ പാർട്ടി ചെയ്തത് ഞാൻ വിളിച്ചുപറയുകയല്ല. ഗവൺമെന്റ് ലിസ്റ്റിൽപ്പെട്ട എല്ലാവർക്കും എന്റെ പാർട്ടി 15,000 രൂപ വീതം നൽകി. വയനാട്ടും വിലങ്ങാട്ടും കൊടുത്തു. ഞങ്ങളുടെ എല്ലാ ജീവകാരുണ്യ സംവിധാനങ്ങളും തുറന്നുവച്ചു. അത് ആരെങ്കിലും എടുത്തുപറഞ്ഞ് അഭിനന്ദിക്കണമെന്ന് നിർബന്ധമുള്ളതുകൊണ്ട് പറയുകയല്ല. ആ നിർബന്ധം എനിക്കില്ല. ഇന്നോ നാളെയോ ബൈ ഇലക്ഷന്റെ നോട്ടിഫിക്കേഷൻ വരും. പിന്നെ ഇക്കാര്യത്തിൽ ഒന്നും ചെയ്യാൻ സാധിക്കില്ല. ഇലക്ഷൻ കഴിയുമ്പോഴേയ്ക്കും അതിന്റെ ഫല

പ്രഖ്യാപനമായി, വിജയാഘോഷമായി പിന്നെ ഈ കാര്യത്തെക്കുറിച്ച് ശ്രദ്ധിക്കുകയില്ല. ഞാൻ പറയുന്നത്, പരിചയ സമ്പന്നനായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ, പുനരധിവാസത്തിന് എടുക്കുന്ന സ്ഥലം എവിടെയാണ്, ഏത് ടൈപ്പ് വീടാണ്, മാത്രമല്ല ഗവൺമെന്റ് നൽകുന്ന ആനുകൂല്യങ്ങൾക്കുപുറമെ സന്നദ്ധസംഘടനകളും മറ്റും സഹായം നൽകിയാൽ അവർക്ക് രണ്ട് ആനുകൂല്യങ്ങളും ലഭിക്കുമോ തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് വ്യക്തത വരുത്തി സമയബന്ധിതമായി ചെയ്യാൻ സാധിക്കില്ലേ; ഇത്ര വലിയ കാലതാമസമുണ്ടാകുന്ന തരത്തിലുള്ള സങ്കീർണ്ണമായ വിഷയമാണോയിത്. അതാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്. ഇനിയും ഇത് നീണ്ടുപോകുന്നത് വളരെ മോശമാണ്. ഇന്ത്യയിലെ പല സ്ഥലത്തും ദുരന്തമുണ്ടായപ്പോൾ ബഹുമാനപ്പെട്ട പ്രധാനമന്ത്രി അവിടെ പോയി തുക അപ്പോൾതന്നെ അനുവദിക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഇവിടെ ഇത്രയും കാലമായിട്ടും യാതൊരുവിധ സഹായങ്ങളും അനുവദിക്കുന്നില്ല. ഇങ്ങനെയൊരു പക്ഷപാതം കാണിക്കാൻ കേന്ദ്ര ഗവൺമെന്റിന് എങ്ങനെയാണ് ധൈര്യം വരുന്നത്. അതിനെതിരെ ഉറച്ചുനിൽക്കുന്നതിന് ഒരു വിരോധവുമില്ല. ഇത്

എന്ത് ഏർപ്പാടാണ്? പ്രധാനമന്ത്രി വന്ന് വലിയ പ്രദർശനങ്ങളൊക്കെ നടത്തി പോയിട്ട് ഒരു സംസ്ഥാനത്തെ ഇത്രയും പക്ഷപാതപരമായി, ഒന്നും കൊടുക്കാതെ അവഗണിക്കുന്നത് നമ്മൾ അനുവദിക്കാൻ പാടില്ല. ഇത് വളരെ ഗൗരവമായി എടുക്കേണ്ട വിഷയം തന്നെയാണ്. അതേ അവസരത്തിൽ പുനരധിവാസ പ്രവർത്തനങ്ങളിൽ നമ്മളും കാലതാമസം വരുത്താൻ പാടില്ല. കാരണം കേരളത്തിൽ ഇത്രയും വലിയ ഒരു ദുരന്തമുണ്ടായിട്ട് നമ്മൾ എങ്ങനെയാണ് ഇതിനെ കൈകാര്യം ചെയ്യുന്നത് എന്നുള്ളത് ലോകം നോക്കി നിൽക്കുകയാണ്. കേരളം പല കാര്യങ്ങളിലും മുന്നിലാണെന്ന് ചർച്ച ചെയ്യുമ്പോൾ പറയാറുണ്ട്. മനസ്സിലാക്കേണ്ട കാര്യം, നമ്മളുടേത് വളരെ vulnerable ആയ സ്റ്റേറ്റാണ്. പ്രകൃതി ദുരന്തങ്ങൾക്ക് most vulnerable state ആണ് ഇപ്പോൾ കേരളം. അതിനനുസരിച്ചുള്ള ഗൗരവം നമ്മുടെ എല്ലാ ഏജൻസികൾക്കും വേണം. കഴിഞ്ഞ ആഴ്ച അമേരിക്കയിലെ ഫ്ലോറിഡയിൽ ചുഴലിക്കാറ്റ് വന്നിട്ട് അവിടെ ആർക്കും ഒരപകടവും സംഭവിക്കാതെ എന്തൊരു മുൻകരുതലുകളാണ് അവരെടുത്തത്. ജപ്പാനിൽ അടിക്കടി വലിയ ദുരന്തങ്ങൾ വന്നുകൊണ്ടേയിരിക്കുന്നു. അതിൽ ആർക്കും വലിയ അപകടങ്ങൾ

സംഭവിക്കുന്നില്ല. കാരണം, ഇപ്പോൾ അവരുടെ കാലാവസ്ഥാ പ്രവചനം കൃത്യമാണ്. നമ്മൾ പഠിക്കുന്ന കാലം മുതൽ വയനാട്ടിൽ പ്രത്യേകിച്ച് വൈത്തിരിയിൽ മഴ കൂടുതലാണെന്ന് അറിയുന്നതല്ലേ; ലോകത്ത് ഏറ്റവും കൂടുതൽ മഴ പെയ്യുന്ന സ്ഥലങ്ങളെപ്പറ്റി പണ്ട് സാമൂഹ്യപാഠത്തിൽ പഠിച്ചതാണ്. ഇത്രയായിട്ടും ഒരു കാലാവസ്ഥാ പ്രവചനത്തെക്കുറിച്ച് സയന്റിഫിക്കായി യാതൊന്നും ഇപ്പോഴും നമുക്ക് ചെയ്യാൻ സാധിക്കുന്നില്ല. ഒരേ സ്ഥലത്താണ് ഈ ദുരന്തങ്ങളത്രയും സംഭവിക്കുന്നത്. എന്തുകൊണ്ട് ഇത് predict ചെയ്യാൻ കഴിഞ്ഞില്ല. ഈവക കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലത്തിൽ ഗവൺമെന്റ് ഒരു വിൽപവറോടുകൂടി നടപടി സ്വീകരിക്കേണ്ടതാണെന്നാണ് എനിക്ക് തോന്നുന്നത്. തോട്ടങ്ങളാണ്, തോട്ടങ്ങളെ തൊടാൻ സാധിക്കില്ലെന്ന് ഒരു നിയമമുണ്ടോ; നമ്മളുണ്ടാക്കിയ നിയമമല്ലേ; അത് മാറ്റാൻ കഴിയില്ലേ. അതിന് എമർജൻസി ക്ലോസ് ഇല്ലേ; അങ്ങനെയില്ലെങ്കിൽ ആ നിയമം മാറ്റാൻ എന്താണോ ചെയ്യേണ്ടത് അത് ചെയ്യണം. തോട്ടത്തിന്റെ കാര്യം പറഞ്ഞുകൊണ്ടിരുന്നാൽ ലോകാവസാനം വരെ ഒരു തീരുമാനവുമുണ്ടാകാതെ അങ്ങനെ നിൽക്കുകയേയുള്ളൂ. അതുകൊണ്ട് അതുസംബന്ധിച്ച് ഒരു

അന്തിമതീരുമാനം വേണം. എന്നിട്ട് അൽപം സുതാര്യമായി പുനരധിവാസ പ്ലാൻ ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകണം. എന്താണ് പ്ലാൻ, എങ്ങനെയാണ് ചെയ്യുന്നത്, ഗവൺമെന്റ് ആനുകൂല്യം കൊടുക്കുന്നതിന് പുറമെ ഏജൻസികൾ കൊടുക്കുന്നതുംകൂടി അവർക്ക് കിട്ടുമോ, അല്ലെങ്കിൽ നഷ്ടപ്പെടുമോ എന്നൊക്കെയുള്ള കാര്യത്തിൽ വ്യക്തത വേണം. ഇക്കാര്യത്തിൽ അൽപ്പംകൂടി സമയബന്ധിതമായി war footing-ആയി തീരുമാനമെടുക്കണം. ഇപ്പോൾതന്നെ വൈകിയിരിക്കുകയാണ്. ഇലക്ഷൻ നോട്ടിഫിക്കേഷൻ വന്നാൽ പിന്നെ ഇലക്ഷൻ കഴിയുന്നതുവരെ ഒരു കാര്യവും ചെയ്യാൻ പറ്റില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ സുതാര്യവും സമയബന്ധിതവുമായി കാര്യങ്ങൾ ചെയ്യുന്നത് സർക്കാർ ഉറപ്പാക്കണം. ഇന്ന് ചർച്ചയുടെ ഫലമായി ഒരു പ്രമേയമുണ്ട്. അത് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി പറഞ്ഞു. പ്രമേയങ്ങളും ബാക്കി കാര്യങ്ങളുമൊക്കെ നല്ലതാണ്. നമുക്കൊരു തീരുമാനമാണ് വേണ്ടത്. പുനരധിവാസം സംബന്ധിച്ച് ഒരു തീരുമാനം വേണം. ദുരന്ത ബാധിതർക്ക് എന്ത് കിട്ടും, അവരെ സംബന്ധിച്ച കാര്യങ്ങൾ എങ്ങനെയാണ്, അതിനെ

മോണിറ്റർ ചെയ്യാനുള്ള സംവിധാനമെന്താണ്, അതിന്റെ ചുമതല വഹിക്കുന്നത് ആരാണ്; ചീഫ് സെക്രട്ടറിയോ അതോ മറ്റാരെങ്കിലുമാണോ തുടങ്ങിയ കാര്യങ്ങൾ ലോകത്തോട് പറയണമെന്നാണ് ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. വി. സുമേഷ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വയനാട് ദുരന്തത്തെ സംബന്ധിച്ച് ഇന്നത്തെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ച ചെയ്യാൻ തീരുമാനിച്ചത് ഏറ്റവും പ്രധാനപ്പെട്ട കാര്യമായിട്ടാണ് കാണുന്നത്. ഗവൺമെന്റിനുള്ള ഈ കാര്യത്തിലെ കൃത്യമായ സമീപനമാണ് ചട്ടം 300 പ്രകാരം സഭാ സമ്മേളനം ആരംഭിച്ച തൊട്ടടുത്ത ദിവസമായ 08-10-2024-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ സമർപ്പിച്ചത്. വളരെ സമഗ്രവും ഒരുപക്ഷെ ഇന്നത്തെ കാലത്ത് നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും ആധുനികവുമായ കാഴ്ചപ്പാടോടുകൂടിയ പുനരധിവാസ സംവിധാനങ്ങളെയാണ് പ്രധാനമായും ഗവൺമെന്റ് മുന്നോട്ടുവച്ചിരിക്കുന്നത്. ഇവിടെ നേരത്തെ ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ കൽപ്പറ്റ അംഗം ശ്രീ. ടി. സിദ്ദിഖ് മുതൽ സംസാരിച്ചവരെല്ലാം രാജ്യം കണ്ട ഏറ്റവും വലിയ

ദുരന്തമായിട്ടാണ് വയനാട് ദുരന്തത്തെ രേഖപ്പെടുത്തിയിരിക്കുന്നത്. ആ ദുരന്തത്തിൽ സർവ്വവും നഷ്ടപ്പെട്ട മനുഷ്യരെ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനുള്ള വലിയ പിന്തുണയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ഭരണകൂട സംവിധാനങ്ങളും കേരളത്തിലെ എല്ലാ രാഷ്ട്രീയ നേതൃത്വങ്ങളും ഒറ്റക്കെട്ടായി സ്വീകരിച്ചത്. ദുരന്തസന്ദർഭത്തിൽ ദുരിതബാധിതർക്ക് ആത്മവിശ്വാസം നൽകി ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരികയെന്നതാണ് ഏറ്റവും പ്രധാനമായി ചെയ്യേണ്ടത്. വളരെ ഭംഗിയായി, അതിവേഗതയിലാണ് ഗവൺമെന്റ് അക്കാര്യങ്ങളെല്ലാം ചെയ്യുന്നത്. ബഹുമാനപ്പെട്ട മന്ത്രി റവന്യൂ-ഭവന നിർമ്മാണവകുപ്പുമന്ത്രി ശ്രീ. കെ. രാജൻ-ന്റെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാരായ സർവ്വശ്രീ  എ. കെ. ശശീന്ദ്രൻ, പി. എ. മുഹമ്മദ് റിയാസ്,  ഒ. ആർ. കേളു എന്നിവരുൾപ്പെടുന്ന ഒരു ടീം അമ്പത് ദിവസത്തോളം അവിടെയുണ്ടായിരുന്നു. അവർ അവിടത്തെ എം.എൽ.എ.-മാരും ജനപ്രതിനിധികളുമായും വളരെ സൂക്ഷ്മമായ കാര്യങ്ങൾപോലും ചർച്ച ചെയ്ത്, ഓരോ ഘട്ടത്തിലും സ്വീകരിക്കാൻ കഴിയുന്ന നിലപാടുകൾ/സമീപനങ്ങളിൽ സൂക്ഷ്മമായ ഇടപെടൽ നടത്തുകയുണ്ടായി.

ഭരണത്തലവനെന്ന നിലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രസ്തുത സ്ഥലം സന്ദർശിക്കുകയും പൊതുവിൽ ദുരന്തനിവാരണ അതോറിറ്റിയെ കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് ശക്തമായി ഇടപെടുകയും ചെയ്തത് ഈ പ്രവർത്തനങ്ങളെ വേഗതയിലാക്കാൻ സഹായിക്കുകയും ചെയ്തു. എന്നാൽ ഈ സർക്കാരിന് ആദ്യമുണ്ടായ ആവേശം ഇപ്പോഴുണ്ടാകുന്നില്ലെന്ന് ഇവിടെ ചില അംഗങ്ങളുടെ സംസാരമധ്യേ സൂചിപ്പിക്കുകയുണ്ടായി. അത് ഒരു ദുരന്തത്തെ അഭിമുഖീകരിക്കുന്ന സന്ദർഭത്തിൽ രണ്ടാംഘട്ടത്തിൽ പ്രധാനമായും വരുന്നത് സാങ്കേതിക വശങ്ങളെപ്പറ്റിയാണ് ആലോചിക്കേണ്ടത്. കേരളം വൾനറബിളായ സംസ്ഥാനമാണെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവും പറഞ്ഞു. ലോകത്താകെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി മുൻകൂട്ടി കാണാൻ സാധിക്കാത്തത്ര പ്രശ്നങ്ങളാണ് അഭിമുഖീകരിക്കുന്നത്. അതിസമർത്ഥമായി പല രാജ്യങ്ങളിലും അഡ്വാൻസ്ഡ് ടെക്നോളജി ഉപയോഗിച്ച് അത്തരം കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് കാണിക്കുന്ന കുറ്റകരമായൊരു അനാസ്ഥയുണ്ട്. ഇന്ത്യയെപോലെയുള്ള രാജ്യം ആധുനിക സയൻസ് ആൻഡ് ടെക്നോളജിയുടെ ഭാഗമായി ഇത്തരം സംവിധാനങ്ങളേർപ്പെടുത്തുന്നതിൽ

കാണിക്കുന്ന അങ്ങേയറ്റം കുറ്റകരമായ രീതിയെയാണ് സൂചിപ്പിക്കുന്നത്. വയനാട്ടുതന്നെ ജിയോളജിക്കൽ സർവെ ഓഫ് ഇന്ത്യയുടെ ലാൻഡ്സ് സ്ലൈഡിംഗ് പ്രഖ്യാപിക്കാനുള്ള സംവിധാനമുണ്ട്. എന്നിട്ടുപോലും കേരളത്തിന്റെ അനുഭവമെന്താണ്? ദുരന്തം നടന്ന ദിവസം ഉച്ചയ്ക്ക് ചെറിയ മണ്ണിടിച്ചിലുണ്ടാകാമെന്നത് സൂചിപ്പിക്കുന്ന ഗ്രീൻ സിഗ്നലാണ് നൽകുന്നത്. അപ്പോഴേയ്ക്കും നമ്മുടെ സഹോദരങ്ങളും നാട്ടുകാരുമായ ആയിരക്കണക്കിനാളുകളെ കാണാത്ത സ്ഥിതിയിലേയ്ക്കുപോയി. അന്ന്, ഈ ദുരന്തമുണ്ടായ സന്ദർഭത്തിൽ, ഓറഞ്ച് അലെർട്ടാണ് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നത്. സൂക്ഷ്മമായി നിരീക്ഷിച്ചാൽ നമുക്ക് അക്കാര്യം മനസ്സിലാകും. കേന്ദ്ര ആഭ്യന്തരകാര്യ വകുപ്പുമന്ത്രി സമർത്ഥമായ ബുദ്ധിയാണ് സ്വീകരിച്ചത്. അവിടെ ഒരു പ്രസ്താവന നടത്തുകയാണ്. ഇത് കേരളത്തിന്റെ വീഴ്ചയാണ്, കേന്ദ്രം നേരത്തെതന്നെ മുന്നറിയിപ്പ് നൽകിയിരുന്നുവെന്ന് പറഞ്ഞ് കൈയൊഴിയുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. ഈ ദുരന്തസന്ദർഭം എല്ലാവരും ചേർന്ന് പരിഹരിക്കാൻ ശ്രമിക്കുമ്പോൾ ഞങ്ങൾ നേരത്തെ മുന്നറിയിപ്പ് കൊടുത്തിരിക്കുന്നുവെന്ന പ്രഖ്യാപനമാണ് ആഭ്യന്തരകാര്യ വകുപ്പുമന്ത്രി ശ്രീ.

അമിത് ഷാ ഭാഗത്തുനിന്നുണ്ടായത്. നേരത്തെ മുന്നറിയിപ്പ് ലഭിച്ചാൽ ഗവൺമെന്റിന് അത് മറച്ചുവയ്ക്കാൻ കഴിയില്ല. അതുസംബന്ധിച്ച രേഖകൾ പരിശോധിച്ചപ്പോൾ അങ്ങനെയല്ല, 29-ാം തീയതി ആറുമണിക്ക് ദുരന്തമുണ്ടായതിനുശേഷമാണ് റെഡ് അലെർട്ട് പ്രഖ്യാപിക്കുന്നത്. ജിയോളജിക്കൽ സർവെയും ജല അതോറിറ്റിയും കാലാവസ്ഥ നിരീക്ഷണ കേന്ദ്രവുമൊക്കെ ഇന്നത്തെ കാലത്ത് സ്വീകരിക്കേണ്ട സയന്റിഫിക്കായ കാഴ്ചപാടുണ്ട്. നമ്മൾ എക്സ്പീരിയൻസിലാണ്. കേരളം ഒരു ചെറിയ സംസ്ഥാനമാണ്. The experience is the best Teacher എന്നുപറയുന്നതുപോലെ, മുൻഅനുഭവങ്ങളുടെ അടിസ്ഥാനത്തിലാണ് നാം കാര്യങ്ങൾ ചെയ്യുന്നത്. നേരത്തെ ഇതുപോലുള്ള വിവിധ അനുഭവങ്ങൾ കേരളത്തിനുണ്ട്. എന്നാൽ ബഹുമാനപ്പെട്ട ടി. സിദ്ദിഖ് ഇവിടെ സൂചിപ്പിച്ചതുപോലെ, 101 മുതൽ 200 മില്ലീമീറ്റർ മഴ ലഭിക്കുമെന്ന് പറഞ്ഞ സ്ഥാനത്ത് 567 മുതൽ 800-നും 1000-ത്തിനും മുകളിലേയ്ക്ക് വളരെ സെൻസിറ്റീവായ ഏരിയയിൽ മഴ പെയ്യുകയാണ്. അവിടെ പ്രാദേശികമായി ഭരണകൂടവും അതിന്റെ ഭാഗമായിട്ടുള്ള കാര്യങ്ങളുമെല്ലാം ഇടപെട്ട് കുറച്ചാളുകളെ മാറ്റിപാർപ്പിക്കുന്നതിനുള്ള സമയം മാത്രമെ ലഭിച്ചിട്ടുള്ളൂ.

അക്കാര്യത്തിൽ ഗവൺമെന്റ് എന്ന നിലയിൽ ഏറ്റവും ശക്തമായ ഇടപെടലുണ്ടായി. എല്ലാവരെയും കൂട്ടിയോജിപ്പിക്കാനാണ് ഗവൺമെന്റ് ശ്രമിച്ചത്. അങ്ങനെയൊരു തലത്തിൽ മറ്റാരെയെങ്കിലും മാറ്റിനിർത്തുകയെന്ന സമീപനം സർക്കാരിനില്ല. 2018-ൽ പ്രളയമുണ്ടായ സന്ദർഭത്തിൽ അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തിരുവനന്തപുരത്തുനിന്ന് ഹെലികോപ്റ്ററിൽ പ്രളയമുണ്ടായ സ്ഥലങ്ങളിലേയ്ക്ക് പോയ വലിയ ചിത്രമുണ്ട്. എല്ലാവരും യോജിച്ച് നിന്ന് ഈ ദുരന്തത്തെ നേരിടുകയെന്ന കാഴ്ചപാടാണ് മുന്നോട്ടുവച്ചത്. അവിടെ മേപ്പാടി പഞ്ചായത്തിലും കൽപ്പറ്റ മുനിസിപ്പാലിറ്റിയിലും സ്ഥലം കണ്ടെത്തി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ആധുനിക ടൗൺഷിപ്പ് നിർമ്മിച്ച് സർവവും നഷ്ടപ്പെട്ട മനുഷ്യരെ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ സഹായിക്കുന്ന തരത്തിൽ ലോകത്തിനുതന്നെ മാതൃകയായൊരു പുനരധിവാസ സംവിധാനമാണ് സർക്കാർ തയ്യാറാക്കിയിരിക്കുന്നതെന്നത് ഏറെ അഭിനന്ദനമർഹിക്കുന്ന കാര്യമാണ്. എന്നാൽ ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനമെന്താണ്; കേന്ദ്ര ഗവൺമെന്റിന് കേരളത്തോട്

എന്തിനാണിത്ര വിരോധമെന്ന് ഒരു കാരണവശാലും മനസ്സിലാകുന്നില്ല. എത്ര കടുത്ത വൈരനിര്യാതന ബുദ്ധിയാണ് കാണിക്കുന്നതെന്ന് ഇവിടെ എല്ലാവരും പറഞ്ഞു. ബഹുമാനപ്പെട്ട പ്രധാനമന്ത്രി ദുരന്തപ്രദേശത്ത് വന്നപ്പോൾ നമ്മളെല്ലാവരും ചേർന്ന് അദ്ദേഹത്തെ സ്വീകരിക്കുകയും അദ്ദേഹം വലിയ പ്രതീക്ഷ നൽകുകയും ചെയ്തു. എന്നാൽ 2013 മുതൽ 2024 വരെ സംസ്ഥാനം ആവശ്യപ്പെട്ട യാതൊരു സഹായവും കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്ന കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുൾപ്പെടെ എല്ലാവർക്കുമറിയാം. സംസ്ഥാനത്ത് പുറ്റിങ്ങൽ വെടിക്കെട്ട് അപകടം നടന്നത് യു.ഡി.എഫ്.-ന്റെ ഭരണകാലത്താണ്. 250 കോടി രൂപയാണ് കേന്ദ്ര സർക്കാരിനോട് അന്നത്തെ മുഖ്യമന്ത്രി ആവശ്യപ്പെട്ടത്. എന്നാൽ ഒരു രൂപപോലും ലഭിച്ചില്ല. 2014-ൽ മഴവെള്ളം കയറി നാശനഷ്ടങ്ങളുണ്ടായതിന്റെ ഭാഗമായി തുക ആവശ്യപ്പെട്ടെങ്കിലും യാതൊരു സഹായവും ലഭിച്ചില്ല. 2013 മുതൽ 2024 വരെ മനുഷ്യത്വമില്ലാത്ത ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായ അങ്ങേയറ്റം അപകടകരമായ നിലപാടാണ് കേന്ദ്ര ഗവൺമെന്റ് കേരളത്തോട് സ്വീകരിക്കുന്നത്. 2019-ൽ പ്രളയമുണ്ടായ സന്ദർഭത്തിലെ ഹെലികോപ്റ്ററിന്റെ വാടകയും അരിയുടെ വിലയുമുൾപ്പെടെ കേന്ദ്ര

സർക്കാർ തിരിച്ചുപിടിക്കുകയും ചെയ്തു. സംസ്ഥാനത്ത് വയനാട് ദുരന്തമുണ്ടായ സമയത്ത് തന്നെയാണ് ത്രിപുര, ആന്ധ്രാപ്രദേശ്, തെലുങ്കാന, ബീഹാർ എന്നീ സംസ്ഥാനങ്ങളിലും പ്രളയദുരന്തമുണ്ടായത്. 11,050 കോടി രൂപ ബീഹാറിനും 3,448 കോടി രൂപ ആന്ധ്രാപ്രദേശിനും 50 കോടി രൂപ ത്രിപുരക്കും കൊടുത്തു. ഇതിലൂടെ എന്താണ് സൂചിപ്പിക്കുന്നത്? കേന്ദ്ര ഗവൺമെന്റ് കൃത്യമായ വിവേചനമാണ് കേരളത്തോട് കാണിക്കുന്നത്. അങ്ങനെയൊരു വിവേചനം കാണിക്കുന്നതിന്റെ അർഥം എന്താണ്; കേരളത്തിലെ ബി.ജെ.പി.-യുടെ നിലപാട് എന്താണ്? ഈ സംസ്ഥാനത്തല്ലേ ബി.ജെ.പി. പ്രവർത്തിക്കുന്നത്. സഹായം നൽകണ്ട എന്നസമീപനമാണ് ഈ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബി.ജെ.പി.പോലും സ്വീകരിക്കുന്നത്. ഇത്ര കേരള വിരുദ്ധ നിലപാട് സ്വീകരിക്കുന്ന ഒരു രാഷ്ട്രീയ പാർട്ടിയെ ഈ ഭൂമുഖത്ത് വേറെ കാണാൻ സാധിക്കുമോ? കേരളത്തിൽ നിന്നൊരു കേന്ദ്ര മന്ത്രിയുണ്ടായിരുന്നിട്ടുപോലും കേരളത്തെ സഹായിക്കാതിരിക്കുന്നത് അങ്ങേയറ്റം തെറ്റായ നിലപാടാണ്. എന്നാൽ, ഇക്കാര്യത്തിൽ കേരളത്തിലെ മാധ്യമങ്ങൾ സ്വീകരിച്ച പോസിറ്റീവായ സമീപനമുണ്ട്. ഇല്ലാത്തൊരു കണക്ക് കൊടുത്തിട്ട് സംസ്ഥാന സർക്കാർ എന്തോ

അടിച്ചുമാറ്റാൻ ശ്രമിക്കുകയാണ് എന്ന പ്രതീതിയുണ്ടാക്കാൻ, ആരെ സഹായിക്കാനാണ് അങ്ങനെയൊരു നിലപാട് സ്വീകരിച്ചത്? ഇതൊരു ദുരന്തമാണ്. ദുരന്തത്തിൽ മുൻഅനുഭവങ്ങളുടെ അടിസ്ഥാനത്തിൽ, ആധുനിക കാഴ്ചപ്പോടോടുകൂടി എല്ലാവരെയും ഒരുമിച്ച് നിർത്തി കേരളത്തിലെ ഗവൺമെന്റ് ചെയ്തിരിക്കുന്ന ഈ പുനരധിവാസപ്രവർത്തനങ്ങൾ ഏറ്റവും ശക്തമായി മുന്നോട്ട് കൊണ്ടുപോകണം. അതിന് മലയാളികളുടെ പിന്തുണയുണ്ടാകണമെന്നും സഹായിക്കാൻ തയ്യാറാകുന്നവരിൽനിന്നും സഹായം സ്വീകരിക്കണമെന്നും സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, വയനാട് ദുരന്തമുണ്ടായതിനുശേഷം പൂർണ്ണമായ സഹകരണമാണ് ഇതുവരെയും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്നത്. ഞങ്ങൾ ഗവൺമെന്റിന്റെ വീഴ്ചകൾ കണ്ടുപിടിക്കാൻ മൈക്രോസ്കോപ്പുമായി നടന്നവരല്ല. ആർക്കും, ഏത് പ്രതിപക്ഷത്തിനും സർക്കാരിന്റെ ഇത്തരം പ്രശ്നങ്ങളിലുണ്ടാകുന്ന വീഴ്ചകളെ എണ്ണിപ്പറയാൻ സാധിക്കും. കേരളത്തിന്റെ

അവസ്ഥ വൾനറബിളിളാണെന്ന് പ്രതിപക്ഷ ഉപനേതാവ് ഇവിടെ സൂചിപ്പിച്ചു. കഴിഞ്ഞ ഏഴുവർഷക്കാലത്തിനിടയിൽ ധാരാളം പ്രകൃതിദുരന്തങ്ങൾക്ക് കേരളം സാക്ഷ്യം വഹിച്ചു. കാലാവസ്ഥാ വ്യതിയാനമുണ്ടാക്കുന്ന ഈ അപകടമേഖലയിൽ ഇനിയും ധാരാളം ദുരന്തസാധ്യതകൾ നിലനിൽക്കുന്നുണ്ടെന്ന് ഐ.പി.സി.സി. റിപ്പോർട്ടും നാസ അനാലിസിസും സൂചിപ്പിക്കുന്നു. ഒരുപക്ഷേ, പശ്ചിമതീരത്തെ ഏറ്റവും വലിയ അപകട മേഖലകളിലൊന്നായി കേരളം മാറിയിരിക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. ദുരന്തമുണ്ടാകുന്ന സമയത്ത്, അതിന് ഇരകളായി മാറുന്ന ആളുകളുടെ പേരിൽ പ്രതിപക്ഷവും ഭരണകക്ഷിയും തമ്മിലടിക്കരുത്. രാഷ്ട്രീയമെല്ലാം ഉപേക്ഷിച്ച് അവർ ഞങ്ങളുടെകൂടെ ഒരുമിച്ച് നിൽക്കുന്നുവെന്ന മനഃസമാധാനമെങ്കിലും ആ പാവങ്ങൾക്കുണ്ടാകണം. അതുകൊണ്ട് വളരെ പുതിയ ക്രിയാത്മകമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. വിമർശിക്കുന്നില്ലെന്നത് മാത്രമല്ല, ക്രിയാത്മകമായ ഒട്ടനവധി നിർദേശങ്ങൾ മുഖ്യമന്ത്രിയോട് നേരിട്ടും

സർവകക്ഷി സമ്മേളനങ്ങളിലുമെല്ലാം മുന്നോട്ടുവയ്ക്കുകയാണ് ഞങ്ങൾ ചെയ്തത്. പിന്നെ എന്തുകൊണ്ട് നടപടികൾ നിർത്തി വയ്ക്കാനുള്ള ഉപക്ഷേപമായി ഈ വിഷയം കൊണ്ടുവന്നുവെന്ന് ചോദിച്ചാൽ, അതിന് രണ്ടുമൂന്ന് പ്രധാനപ്പെട്ട കാര്യങ്ങളുണ്ട്. അതിലൊന്ന്, ദുരന്തം നടന്ന് ഇത്രയും ദിവസമായിട്ടും കേന്ദ്രസഹായം കിട്ടിയിട്ടില്ലെന്നത് ഗുരുതരമായ വിഷയമാണ്. വയനാട് ദുരന്തത്തിൽ മരണമടഞ്ഞവരെ സംബന്ധിച്ച റഫറൻസ് നടത്തിയ വേളയിൽ ഇക്കാര്യം പറയുന്നത് അനൗചിത്യമാണെന്നറിയാം. എങ്കിലും അർഹമായ കേന്ദ്ര സഹായംപോലും ലഭിക്കാത്തതുകൊണ്ടുള്ള വിഷമം കൊണ്ട് പറഞ്ഞുപോയതാണ്. എന്തൊരു അവഗണനയാണ് കേന്ദ്ര സർക്കാർ കേരളത്തോട് കാണിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. വി. സുമേഷ് ഇവിടെ സംസാരിച്ചപ്പോൾ മറ്റ് ചില സംസ്ഥാനങ്ങൾക്ക് ദുരിതാശ്വാസ സഹായം ലഭിച്ചതിനെക്കുറിച്ച് സൂചിപ്പിച്ചു. അതിൽ ഗുജറാത്ത് കൂടിയുണ്ട്. ഗുജറാത്ത് ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങൾക്ക് അർഹിക്കുന്ന

സഹായമായിരിക്കും കിട്ടിയത്. അവർക്ക് അത്രയുമൊരു സഹായമെങ്കിലും ലഭിച്ചപ്പോൾ കേരളത്തിന് താൽക്കാലിക ധനസഹായംപോലും നൽകുന്നില്ലെന്ന് പറഞ്ഞാൽ, ആരുടെയും തറവാട്ട് സ്വത്തല്ലല്ലോ ഈ പണം; നമ്മളും നികുതി കൊടുക്കുന്നവരല്ലേ; നമ്മുടെ നികുതി പണത്തിന്റെ പകുതി, ജി.എസ്.ടി. വിഹിതത്തിന്റെ പകുതിയെടുക്കുന്നത് അവരല്ലേ? അതുകൂടാതെ, സർചാർജ്ജിനത്തിലും മറ്റുപല കാര്യങ്ങളിലൂടെയും ധാരാളം പണം വാങ്ങുന്നുണ്ടല്ലോ; ഇൻകം ടാക്സിന്റെ പണം വാങ്ങുന്നുണ്ടല്ലോ; ഇവിടെയൊരു ദുരന്തമുണ്ടാകുമ്പോൾ ആ ദുരന്തത്തിന് ഇരകളായവരെ സഹായിക്കാൻ സംസ്ഥാനത്തിന് സഹായം കൊടുക്കേണ്ട ബാധ്യത കേന്ദ്ര ഗവൺമെന്റിനുണ്ട്. ഇത്രയും ദിവസമായിട്ടും ആ സഹായം നൽകിയില്ലെങ്കിൽ അത് നേടിയെടുക്കുന്നതിനുള്ള സമ്മർദ്ദം ശക്തമാക്കണം. സംസ്ഥാന സർക്കാർ ശക്തമായ സമ്മർദ്ദം ചെലുത്തി കേന്ദ്ര ഗവൺമെന്റിൽ ഇടപെടണം. പ്രധാനമന്ത്രിയെ കണ്ടിട്ടുണ്ട്, സംസാരിച്ചിട്ടുണ്ട്, കത്തുകൾ എഴുതിയിട്ടുണ്ട്,

മെമ്മോറാണ്ടം കൊടുത്തിട്ടുണ്ട്. എന്നാൽ അതിനപ്പുറത്തേയ്ക്ക് പോകേണ്ടൊരു സാഹചര്യം വന്നിരിക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. എന്ത് അടിയന്തര പ്രശ്നം വന്നാലും അതിനെത്തുടർന്ന് സമാനമായ മറ്റൊരു പ്രശ്നം വന്നാൽ എല്ലാവരും അതിന്റെ പുറകെ പോവുകയെന്നത് പതിവാണ്. ഇക്കാര്യത്തിൽ അങ്ങനെ പോകാൻ പാടില്ല. പുത്തുമലയിലും പെട്ടിമുടിയിലും കവളപ്പാറയിലും ദുരന്തമുണ്ടായപ്പോൾ ഈ തോതിലല്ലെങ്കിലും ഇതുപോലുള്ള സഹകരണവും സഹായവുമൊക്കെയുണ്ടായി. പക്ഷേ, അതിനൊരു തുടർച്ചയുണ്ടായില്ല. വേറെ വിഷയങ്ങൾ വന്നപ്പോൾ എല്ലാവരും അതിന്റെ പുറകെപോയി. പത്തുപതിനഞ്ചു ദിവസം ഇത് ലൈവാക്കി നിർത്തിയിട്ട് ചുരം ഇറങ്ങി പോന്നാൽ പോരല്ലോ; നമുക്കതിനെ മുമ്പോട്ടുകൊണ്ടുപോകണം. റീഹാബിലിറ്റേഷൻ പ്രോസസ് കുറെക്കൂടി വേഗത്തിലാക്കണം. പ്രഖ്യാപിച്ച പല പദ്ധതികളും കൃത്യമായി നടപ്പാകുന്നുണ്ടോയെന്ന് ശ്രദ്ധിക്കണം. ഉദാഹരണത്തിന്, പതിനായിരം രൂപ സഹായംകിട്ടാത്ത ധാരാളം പേരുണ്ട്.

അവിടെ സർക്കാർ കൊടുക്കുന്ന വാടക കയ്യിൽ കിട്ടാത്ത ആളുകൾ ധാരാളമുണ്ട്. അതിന്റെയെല്ലാം ലിസ്റ്റുണ്ട്. ഒരു വീട്ടിലെ രണ്ടുപേർക്ക് 300 രൂപ വച്ച് 30 ദിവസത്തേയ്ക്ക് ജീവിക്കാൻവേണ്ടി സഹായം കൊടുക്കാൻ തീരുമാനിച്ചു. ആ ഒമ്പതിനായിരം രൂപ കിട്ടാത്ത ആളുകളുമുണ്ട്. ഗുരുതരമായ പരിക്കുപറ്റിയവർക്ക് 75,000/-രൂപ കൊടുത്തിട്ടുണ്ട്. അതുംകിട്ടാത്ത ആളുകളുണ്ട്. ദൂരെ കുട്ടികളൊക്കെ പഠിക്കുന്നുണ്ട്, അനാഥരായ കുട്ടികളുണ്ട്, കുടുംബത്തിൽ ഫീസ് കൊടുക്കാൻ സാധിക്കാത്ത ആളുകളുണ്ട്, അവർക്ക് അനുവദിച്ച വിദ്യാഭ്യാസ സഹായം പൂർണ്ണമായി കിട്ടാത്ത ആളുകളുണ്ട്. തുടർ ചികിത്സ കിട്ടാത്തവരുണ്ട്, ഗുരുതരമായ രോഗം ബാധിച്ച ആളുകളുണ്ട്, പരിക്കുപറ്റിയ ആളുകളുണ്ട്, വെന്റിലേറ്ററിന്റെ സഹായം ആവശ്യമുള്ള ആളുകളുണ്ട്. ഇപ്പോൾ വ്യാപകമായി ആ പ്രശ്നം പല സ്ഥലത്തുമുണ്ട്. പതിമൂന്ന് വാരിയെല്ലുകൾ പൊട്ടിയവരും ശ്വാസകോശത്തിനും അന്നനാളത്തിനും ഗുരുതരമായി പരിക്കേറ്റവരും കൈപൊട്ടി 14 ദിവസം വെന്റിലേറ്ററിലും തുടർന്ന് 46 ദിവസം ആശുപത്രിയിലും

കിടന്നവരുണ്ട്. പരിക്കുപറ്റിയതല്ലാതെതന്നെ നേരത്തെ തളർന്നുകിടക്കുന്ന ആളുകളുണ്ട്. അവരുടെയൊക്കെ തുടർചികിത്സ സംബന്ധിച്ച കാര്യങ്ങൾ, ഗവൺമെന്റ് കുറെ തീരുമാനങ്ങളൊക്കെ എടുത്തിട്ടുണ്ട്. നിങ്ങൾ സദുദ്ദേശത്തോടുകൂടി എടുത്തിരിക്കുന്ന തീരുമാനങ്ങളെയൊന്നും ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ, ഒരു ബ്യൂറോക്രാറ്റിക് മന്ദത അവിടെയുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങൾ തികച്ചും മന്ദീഭവിച്ചിട്ടുണ്ടെന്നത് യാഥാർത്ഥ്യമാണ്. എങ്ങനെ അതിനെ ജീവസുറ്റതായി മാറ്റാനും നന്നായി ചലിപ്പിക്കാനും സാധിക്കുമെന്ന് പരിശോധിക്കണം. നമ്മുടെ ശ്രദ്ധ കുറയുന്തോറും ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ സാവധാനത്തിലാകും. ഞാൻ അവിടത്തെ ഏതെങ്കിലും ഉദ്യോഗസ്ഥരെ കുറ്റപ്പെടുത്തി പറഞ്ഞതല്ല; ആരുടെയും തലയിൽ പഴി ചാരിക്കൊണ്ട് പറഞ്ഞതല്ല. സിസ്റ്റമാറ്റിക് ഫെയില്യുവറിനെപ്പറ്റി പറഞ്ഞതാണ്. അവിടെ സിസ്റ്റമാറ്റിക് ഫെയില്യുവർ ഉണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അത് വേണ്ടരീതിയിൽ ചെയ്യുന്നില്ല. സഹായം

ലഭ്യമാക്കേണ്ടവരുടെ ലിസ്റ്റും കാര്യങ്ങളുമെല്ലാം തയ്യാറാക്കിക്കഴിഞ്ഞുവെന്ന് പറയുമ്പോഴും ഈ സർക്കാർ അനുവദിച്ച അടിയന്തര ധനസഹായമായ പതിനായിരം രൂപ പോലും അർഹതപ്പെട്ട കരങ്ങളിലെത്തിക്കാൻ സാധിച്ചില്ലെന്നാണ് കണക്കുകൾ പറയുന്നത്.

അക്കാര്യത്തിൽ ഞാൻ മുസ്ലീം ലീഗിനെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. കാരണം, ദുരിതമനുഭവിക്കുന്ന മുഴുവൻ ആളുകൾക്കും പതിനായിരം രൂപ വീതം നൽകി. കച്ചവടം നഷ്ടപ്പെട്ട ആളുകൾക്ക് അമ്പതിനായിരം രൂപ കൊടുത്തു. അതൊന്നും നിസാരമായ കാര്യമല്ല. അതുപോലെ ചെയ്യാൻ സാധിച്ചില്ലല്ലോയെന്ന് ആലോചിക്കുമ്പോൾ ഞങ്ങൾക്കുപോലും അവരോട് അസൂയ തോന്നുന്നുണ്ട്. കാരണം, ഞങ്ങൾക്ക് അതുപോലും ചെയ്യാൻ സാധിച്ചില്ല. എനിക്ക് പ്രതിപക്ഷ ഉപനേതാവിന്റെ വാക്കുകളിൽനിന്നും മനസിലായത്, അവർ നല്ലൊരു തുക ശേഖരിച്ചുവച്ചു. അത് നല്ലകാര്യത്തിന് ഉപയോഗിക്കാൻ സാധിക്കുന്നില്ല. അത് സ്പീഡ് കുറഞ്ഞു.

അതിന്റെ ഉത്കണ്ഠകൂടി അദ്ദേഹത്തിന്റെ വാക്കുകളിലുണ്ടായിരുന്നു. അതുകൊണ്ട് ഇക്കാര്യത്തിൽ വളരെയധികം ശ്രദ്ധിക്കണം. മൈക്രോ ലെവൽ ഫാമിലി പാക്കേജ് വേണമെന്ന് ഞങ്ങൾ ഒരു നിർദ്ദേശം വച്ചിരുന്നു. കാരണം, ചില വീടുകളിൽ മക്കളില്ല; എല്ലാവരും മരിച്ചു; പ്രായമായവർ മാത്രമേയുള്ളൂ. ചില വീടുകളിൽ മക്കളുണ്ട്; എന്നാൽ പ്രായമുള്ളവരെല്ലാം മരിച്ചു. ചില വീടുകളിൽ കുഞ്ഞുങ്ങൾ മാത്രമാണുള്ളത്. ചില വീടുകളിൽ ഒരാൾ മാത്രമേയുള്ളൂ; മറ്റംഗങ്ങളെല്ലാവരും മരിച്ചുപോയി. ചില വീടുകളിൽ പഠിക്കുന്ന കുട്ടികൾ മാത്രമേയുള്ളൂ; ആ വീട്ടിൽ വേറെയാരുമില്ല. കുറെ വീടുകളിൽ ആളുകൾ തളർന്നുകിടക്കുന്നു, കുറെ വീടുകളിലെ ആളുകൾ പരിക്കേറ്റ് കിടക്കുന്നു. ഓരോ ഫാമിലിക്കും ഒരു പാക്കേജുണ്ടാകണം. ഓരോ ഫാമിലിയെയും അഡ്രസ് ചെയ്യുന്ന രീതിയിലാകണം റീഹാബിലിറ്റേഷൻ നടപ്പിലാക്കേണ്ടത്. അതായത്, 2018-ലെ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട അർഹരായ ആളുകൾക്ക് വീട് വയ്ക്കാൻ

നാലു ലക്ഷം രൂപ വീതം കൊടുത്തത് പൊതുവായ മാനദണ്ഡപ്രകാരമാണ്. ഇത് അങ്ങനെ പൊതുവായൊരു മാനദണ്ഡപ്രകാരം നടപ്പിലാക്കേണ്ടൊരു കാര്യമല്ല. ഇതുപോലുള്ള റീഹാബിലിറ്റേഷൻ പ്രവർത്തനങ്ങൾക്ക് പുതിയൊരു മാനദണ്ഡമുണ്ടാവണം. അതിനുള്ളൊരു അവസരമാണിത്. ദുരിതാശ്വാസ പ്രവർത്തനങ്ങൾ വളരെ ഭംഗിയായി നടപ്പിലാക്കി ഭാവിയിലേയ്ക്കൊരു മാതൃക സൃഷ്ടിക്കാനുള്ളൊരവസരമാണിത്. ഗവൺമെന്റിനും അതിനുള്ളൊരവസരമാണ്. ഏറ്റവും നല്ലൊരു റീഹാബിലിറ്റേഷൻ മോഡൽ നടപ്പിലാക്കിയെന്ന് ഈ സർക്കാരിന് അഭിമാനത്തോടെ പറയാൻ സാധിക്കും. ഞങ്ങൾകൂടി പിന്തുണച്ചു, ഞങ്ങളുടെകൂടെ നിർദേശം അതിനകത്തുണ്ടെന്ന് ഞങ്ങളും പറയും. ടൗൺഷിപ്പ് വേണമെന്നും കമ്മ്യൂണിറ്റി ലിവിംഗ് വേണമെന്നും ഒരുമിച്ച് പോകണമെന്നും സ്കാറ്റേർഡായി പോകരുതെന്നും എല്ലാ ജാതിമതസ്ഥരും ഒരുമിച്ചുജീവിച്ചിരുന്ന ഒരു സാമൂഹിക അന്തരീക്ഷമുണ്ടാക്കണമെന്നൊക്കെയുള്ള നിർദ്ദേശങ്ങൾ ഞങ്ങൾ മുന്നോട്ടുവച്ചതാണ്. പക്ഷേ, അതെല്ലാം ക്രമേണ സാവധാനത്തിലായിപ്പോകുന്നു. നമ്മളെക്കൊണ്ടാകാവുന്ന വിധത്തിലുള്ള

രക്ഷാപ്രവർത്തനങ്ങളൊക്കെ നമ്മൾ നടത്തിയെങ്കിലും മൃതദേഹങ്ങൾ തിരിച്ചെടുക്കാൻവേണ്ടിയിട്ടുള്ള തിരച്ചിൽ പ്രവർത്തനങ്ങൾ വേണ്ടരീതിയിൽ നടത്താൻ സാധിച്ചില്ല. തീർച്ചയായും അതിനുള്ള നടപടിയുണ്ടാവണം. കാരണം, കുടുംബാംഗങ്ങളെ കാണുന്നില്ലെന്നും ആരെയും കാണുന്നില്ലന്നും ആരും അന്വേഷിക്കുന്നില്ലെന്നുമൊക്കെ പറഞ്ഞ് ബന്ധുക്കൾ തുടരെ വിളിച്ചുകൊണ്ടിരിക്കുകയാണ്. കർണ്ണാടകയിലെ ഷിരൂരിൽ അർജ്ജുനെ കണ്ടെത്താനുള്ള തിരച്ചിൽ നടന്നത് എഴുപത്തിരണ്ട് ദിവസമാണ്. മഞ്ചേശ്വരം എം.എൽ.എ. ശ്രീ. എ. കെ. എം. അഷറഫ് മുഴുവൻ സമയവും ഷിരൂരിലുണ്ടായിരുന്ന ആളാണ്. പത്തോ മുപ്പതോ ദിവസം കഴിഞ്ഞ്, ഇടയ്ക്കൊരു മഴ പെയ്തപ്പോൾ അവിടെ തിരച്ചിൽ നടത്താൻ സാധിക്കാത്തൊരു സാഹചര്യമുണ്ടായതിനെത്തുടർന്ന് അന്ന് ഈ മന്ത്രിസഭയിലെ ഒരു മന്ത്രി അവിടെയെത്തി പൊട്ടിത്തെറിക്കുന്നത് ടി.വി.-യിലൂടെ കണ്ടു. 'എന്തുപരിപാടിയാണ് ചെയ്തിരിക്കുന്നത്, ഇത് അന്വേഷിക്കണ്ടേ; ഇത്

നിർത്തിവയ്ക്കാൻ പറ്റുമോ; ഗുരുതരമായ തെറ്റാണ് കർണ്ണാടക ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായത്; എന്നൊക്കെയാണ് അദ്ദേഹം പറഞ്ഞത്. ഇവിടെ നാൽപ്പത്തിയേഴുപേർ ഇപ്പോഴും ഭൂമിക്കടിയിൽ കിടക്കുകയാണ്. എന്നാൽ സാധ്യമായ എല്ലാ കാര്യങ്ങളും ഉപയോഗിച്ചുകൊണ്ട് എഴുപത്തിരണ്ട് ദിവസം തിരച്ചിൽ നടത്തി ആ ലോറിയും അർജ്ജുന്റെ മൃതശരീരവും അവർ കണ്ടെത്തി. ഇവിടെ നാൽപ്പത്തേഴുപേർ മണ്ണിനടിയിൽ കിടക്കുകയാണ്. അന്ന് പൊട്ടിത്തെറിച്ച മന്ത്രിമാരാരും ഇപ്പോൾ പൊട്ടിത്തെറിക്കുന്നില്ല. ഞാൻ കുറ്റപ്പെടുത്തി പറഞ്ഞതല്ല. നമ്മൾ ഓരോ കാര്യം പറയുമ്പോഴും ഓർക്കണം. യഥാർത്ഥത്തിൽ പ്രധാനമന്ത്രിയുടെ സന്ദർശനത്തോടെ വയനാട്ടിലെ തിരച്ചിൽ അവസാനിച്ചു. പിന്നീട് ഒരു ദിവസംകൂടി തിരഞ്ഞപ്പോൾ അഞ്ചുപേരുടെ ശരീരാവശിഷ്ടങ്ങൾ ലഭിച്ചു. പിന്നീട് തിരച്ചിൽ കാര്യമായി നടന്നിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. ഒരു ദിവസം തിരച്ചിൽ നടത്തുന്നുണ്ടെങ്കിൽ സ്ഥലം എം.എൽ.എ. അടക്കമുള്ള ആളുകൾക്കറിയാമല്ലോ;

അതിനുശേഷം തിരച്ചിൽ നടന്നിട്ടില്ല. കർണ്ണാടകത്തിൽ എഴുപത്തിരണ്ട് ദിവസം തിരച്ചിൽ നടത്തിയപ്പോൾ, ഇവിടെ യഥാർത്ഥത്തിൽ പന്ത്രണ്ടുമുതൽ പതിനാല് ദിവസം വരെ തിരച്ചിൽ നടത്തിയപ്പോൾ ഷിരൂരിൽ 72 ദിവസമാണ് തിരച്ചിൽ നടത്തിയത്. പുത്തുമലയിൽ പതിനേഴ് മരണവും കവളപ്പാറയിൽ 59 മരണവും പെട്ടിമുടിയിൽ 70 മരണവുമാണ് തുടർച്ചയായുണ്ടായത്. 2021-ൽ ഞാൻ ഈ സഭയിൽ പറഞ്ഞതാണ്, പശ്ചിമഘട്ട മലനിരകളിൽ ചെറുതും വലുതുമായ ആയിരക്കണക്കിന് landslides ഉണ്ടായെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2018-ലും അതിനുശേഷവും എല്ലാവർഷവും landslides ഉണ്ടാകുന്നു. ഇത്രയും വലിയ ദുരന്തം നടന്ന ഈ പ്രദേശത്തിന്റെയൊക്കെ പ്രത്യേകതയെന്താണ്; ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ റിപ്പോർട്ടുപ്രകാരം വയനാട് ദുരന്തത്തിന്റെ പ്രഭവകേന്ദ്രമായ പുഞ്ചിമറ്റം പ്രദേശം ഉരുൾപൊട്ടലിന് ഏറ്റവും സാധ്യതയുള്ള റെഡ് സോൺ മേഖലയിലാണ്.

1984, 2020 വർഷങ്ങളിൽ ഉരുൾപൊട്ടൽ സംഭവിച്ച ചരിത്രവും ഈ പ്രദേശത്തിനുണ്ട്. 2019-ൽ ഉരുൾപൊട്ടലുണ്ടായ പുത്തുമല, ചൂരൽമലയിൽനിന്ന് ഏകദേശം മൂന്ന് കിലോമീറ്റർ ദൂരത്തിലാണ്. ഉരുൾപൊട്ടിയ കവളപ്പാറ, മുണ്ടക്കൈ സ്ഥിതിചെയ്യുന്ന മലനിരകളുടെ മറുഭാഗത്താണുള്ളത്. മണ്ണിന്റെ ഹൈഡ്രോളിക് കപ്പാസിറ്റി കുറഞ്ഞ് നിൽക്കുന്നതാണ് അവിടത്തെ പ്രശ്നം. ഹൈഡ്രോളിക് കപ്പാസിറ്റി കുറഞ്ഞ് നിൽക്കുന്ന സ്ഥലത്ത് അമിതമായി മഴ പെയ്യുമ്പോൾ ദുരന്തമുണ്ടാകുന്നുണ്ട്. Landslide Susceptibility എന്ന് പറയും. വെള്ളത്തിനെ ഉൾക്കൊള്ളാൻ  മണ്ണിന് കപ്പാസിറ്റിയുണ്ടെങ്കിൽ മണ്ണ് നനയും. മണ്ണിന് കപ്പാസിറ്റി കുറയുമ്പോൾ അതിലെ ഓർഗാനിക് മാറ്റർ കുറയും, മണ്ണ് ലൂസ്സാകും. വളരെ ലളിതമായ കാര്യമാണത്. നമ്മൾ പ്രതീക്ഷിക്കുന്നതിനേക്കാൾ വലിയ മഴ പെയ്യുമ്പോൾ ഈ ദുരന്തമുണ്ടാകുന്നുവെന്ന് എല്ലാവർക്കുമറിയാം. ഈ പറയുന്ന സ്ഥലത്തൊന്നും ഒരു റെയിൻ ഗേജ് പോലുമില്ല. മഴ മാപിനി സ്ഥാപിക്കുന്നത് വലിയ ചെലവുള്ള കാര്യമല്ല. 2018-ൽ ദുരന്തമുണ്ടായിക്കഴിഞ്ഞപ്പോൾ  ഒരു പ്രൈവറ്റ് ഏജൻസിയെക്കൊണ്ട് എന്റെ നിയോജകമണ്ഡലത്തിൽ ഞാൻ ഒരു മഴ മാപിനി സ്ഥാപിച്ചിട്ടുണ്ട്.

ആക്ടിവിസ്റ്റുകളാണ്, അവർ വന്ന് ചെയ്തതാണ് മഴ മാപിനി. പുഴയിലെ വെള്ളം ഉയരുന്നത്, ഡാമിലെ ക്യാച്ച്മെന്റ് ഏരിയയിൽ മഴ പെയ്യുന്നത്, അവിടത്തെ ഇൻ-ഫ്ലോ, ഔട്ട്-ഫ്ലോ ഇതെല്ലാം അതിലൂടെ നമുക്കറിയാൻ സാധിക്കും. 2019-ൽ ഡാം തുറന്നപ്പോൾ എവിടെയാണ് വെള്ളം ഉയരുന്നതെന്ന് ഈ മഴ മാപിനിയിലൂടെ അവർ പറഞ്ഞുതന്നു. തുടർന്ന്, ഞാൻ അതിരാവിലെ 5 മണിക്ക് അവിടെയെത്തി ആളുകളെ ഇവാക്യേറ്റ് ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങളിൽ സർക്കാർ ഒന്നും ചെയ്യുന്നില്ലെന്ന് ഞാൻ വളരെ സങ്കടത്തോടെ പറയുന്നു. 2021-ൽ IPCC (Intergovernmental Panel on Climate Change) റിപ്പോർട്ട് ഈ സഭയിൽ ഞങ്ങൾ കൊണ്ടുവന്നത് അതിനുവേണ്ടിയാണ്. കേരളം വൾനറബിളാണെന്ന സ്ഥിതി മനസ്സിലാക്കി ഗൗരവത്തോടുകൂടി ചിന്തിക്കാൻ വേണ്ടിയാണ് ടി റിപ്പോർട്ട് സഭ മുമ്പാകെ കൊണ്ടുവന്നത്. പ്രകൃതിദുരന്തങ്ങളെ ആർക്കും തടഞ്ഞു നിർത്താൻ കഴിയില്ല. അമേരിക്കയിലെ ഫ്ലോറിഡയിലുണ്ടായ ദുരന്തവും തട്ടുത്തുനിർത്താൻ കഴിയില്ല. പക്ഷേ, mitigate ചെയ്യാൻ, അതിന്റെ ആഘാതം ലഘൂകരിക്കാനും വാർണിംഗ് സിസ്റ്റവും ഇവാക്യേഷൻ പ്ലാനുമുണ്ടാക്കാനും സാധിക്കും. ഞാൻ പല സ്ഥലത്തും പറഞ്ഞു; ഒറീസയിൽ

1978-ൽ സൈക്ലോൺ വന്ന് ഒന്നര ലക്ഷം പേരാണ് മരിച്ചത്. മിക്കവാറും അഞ്ചുലക്ഷം പേർ മരിച്ചുകാണും. അവിടെയൊന്നും കണക്കില്ലല്ലോ, പാവങ്ങളല്ലേ; നാലഞ്ചുകൊല്ലംമുമ്പ് വീണ്ടും ഒറീസ്സയിൽ അതിനേക്കാൾ ഭീകരമായ സൈക്ലോണുണ്ടായി. അതിൽ മരിച്ചവരുടെ എണ്ണം 2 ആണ്. ഇന്ത്യയിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന സംസ്ഥാനമായ ഒറീസ്സ വരെ ഒരു വാണിംഗ് സിസ്റ്റവും ഇവാക്വേഷൻ പ്ലാനും ഡെവലപ് ചെയ്തെടുത്തു. മണിപ്പൂർ എത്ര പിന്നാക്കാവസ്ഥയിലുള്ള സംസ്ഥാനമാണ്, ഭൂകമ്പമുണ്ടാകുന്ന സ്ഥലമാണ്. എന്നാൽ, മണിപ്പൂർ അന്താരാഷ്ട്ര നിലവാരത്തിൽ വാണിംഗ് സിസ്റ്റം ഡെവലപ് ചെയ്തെടുത്തു. അമേരിക്കയെയോ ബ്രിട്ടനെയോ ജപ്പാനെയോ പോലുള്ള രാജ്യങ്ങളെയല്ല; ഇന്ത്യയിലെ സംസ്ഥാനങ്ങളെക്കുറിച്ചാണ് നമ്മൾ പറയുന്നത്. നമ്മുടെ സംസ്ഥാനങ്ങൾ പ്രകൃതിദുരന്തങ്ങളുടെ സോണിലാണെന്ന് കാണുമ്പോൾ അതിനെ ഡിഫൻഡ് ചെയ്യാൻ കേന്ദ്ര ഏജൻസികളുടെ സഹായം വേണം. കേന്ദ്ര-സംസ്ഥാന ശാസ്ത്രസ്ഥാപനങ്ങളുടെ സഹായത്തോടെ നിശ്ചയദാർഢ്യത്തോടെ കാര്യങ്ങൾ ചെയ്യണം. വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കണം. തീരശോഷണവും കടലാക്രമണവും

ഉണ്ടാകുന്നു; മഴയുടെ അളവ്, കാലാവസ്ഥ പ്രവചനം, അപകടകരമായ സ്ഥലങ്ങൾ ഇതിനെയെല്ലാംകൂടി കണക്ക് ചെയ്തിട്ടാണ് ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടത്. അതിനുശേഷം അതിൽ നിന്നുംകിട്ടുന്ന ഡാറ്റ ഉപയോഗിച്ച് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടുകൂടിയാണ് ചെയ്യുന്നത്. വ്യവസായ വകുപ്പുമന്ത്രിക്ക് അറിയാം, കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ കാലാവസ്ഥ പ്രവചന വിഭാഗമെന്ന് പറയുന്നത് ഇന്റർനാഷണൽ സ്റ്റാൻഡേർഡാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. സിദ്ദിഖ് ഇവിടെ ഹ്യൂമ്സിനെക്കുറിച്ച് സൂചിപ്പിച്ചു. അവർ മഴമാപിനികൾ പല സ്ഥലത്തും സ്ഥാപിച്ചിട്ടുണ്ട്, എൻ.ജി.ഒ. ആണെന്നാണ് എനിക്ക് തോന്നുന്നത്. അവർ തലേദിവസം കളക്ടറേറ്റിലും ജനപ്രതിനിധികളെയുമൊക്കെ അറിയിച്ചു. അവരെല്ലാം അവിടെ പോയി കുറെ കാര്യങ്ങൾ ചെയ്തു. പക്ഷേ, ഭരണകൂടത്തിന്റെ ഇടപെടലുണ്ടായില്ല. കാരണം, അവർ കരുതിയത് ആരെങ്കിലും വിളിച്ച് പറയുകയാണെന്നാണ്. ശ്രദ്ധയോടുകൂടി എടുത്തില്ല. പ്രായമായ ഒരാൾ കുടയും ചൂടി 29-ാം തീയതി ചാനലുകളോട് പറയുന്നത് രണ്ട് ചാനലുകളിൽ ഞാൻ കണ്ടല്ലോ; വെള്ളത്തിന്റെ കളർ മാറിയിട്ടുണ്ട്, മഴ പെയ്തുകൊണ്ടിരിക്കുകയാണ്,

എന്തോ ഒരു അപകട സാധ്യതയുണ്ട്, മുകളിൽ എന്തോ സംഭവിച്ചുവെന്നാണ് തോന്നുന്നത്, ആളുകളെ മാറ്റുന്നതായിരിക്കും ഉചിതമെന്നാണ് അദ്ദേഹം പറഞ്ഞത്. അതൊരു ശാസ്ത്രജ്ഞനായിരുന്നില്ല, പ്രായമായ പാവപ്പെട്ടൊരു വ്യക്തിയായിരുന്നു. അത് അദ്ദേഹത്തിന്റെ indigenous knowledge ആണ്, പ്രാചീനമായ അറിവാണ്. പ്രാചീനമായ അറിവും നമ്മുടെ ശാസ്ത്രീയമായ പുതിയ സംവിധാനങ്ങളുടെ അറിവുംകൂടി കൂട്ടിയോജിപ്പിച്ച് തീരപ്രദേശത്തും വെള്ളപ്പൊക്കമുണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിലും അപകടമുണ്ടാകുമ്പോൾ ആളുകളുടെ ജീവൻ രക്ഷിക്കാനുള്ള സംവിധാനമുണ്ടാക്കണ്ടേ? കേരളത്തിലെ 4.1 ശതമാനം സ്ഥലം ദുരന്ത സാധ്യതയുള്ള സ്ഥലമാണ്. ഇനിയും ഇത്തരം ദുരന്തങ്ങളുണ്ടാകുമ്പോൾ നമ്മളെല്ലാവരുംകൂടി അവിടെചെന്ന് പ്രതിപക്ഷവും ഭരണകക്ഷിയും ഒരുമിച്ചാണ്, ഞങ്ങൾ 100 വീട് തരാം, ഞങ്ങൾ 50 തരാം, അവിടെ പതിനായിരം കൊടുക്കാമെന്ന് പറഞ്ഞാൽ മതിയോ; ഇനിയും അങ്ങനെ ചെയ്താൽ മതിയോ; ഇനിയും അങ്ങനെ ചെയ്താൽ നമ്മൾ എന്തിനാണ് ഇത്തരം സ്ഥാനങ്ങളിലും അധികാരത്തിലുമിരിക്കുന്നത്; എന്തിനാണ് ഗവൺമെന്റും ഭരണകൂടവും; നമുക്ക് എങ്ങനെ ജനങ്ങളോട് പറയാൻ സാധിക്കും?

ഞങ്ങളോടും ചോദിക്കില്ലേ; നിങ്ങൾ ഇത്രയുംനാൾ എന്ത് ചെയ്യുകയായിരുന്നു, നിങ്ങൾ ഇത് പറയേണ്ടേയെന്ന്. അതുകൊണ്ട് ആ സിസ്റ്റമുണ്ടാക്കിയേ സാധിക്കൂ. നമുക്ക് അതിൽനിന്ന് ഒഴിഞ്ഞ് പോകാൻ കഴിയില്ല. ഇത്തരം ഗൗരവമുള്ള കാര്യങ്ങൾ ഈ സഭയുടെയും ജനങ്ങളുടെയും ഫോക്കസിൽ, ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയെന്നുള്ള സദുദ്ദേശ്യത്തോടുകൂടിയാണ് ചെയ്തത്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിൽനിന്ന് അർഹമായ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം; ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഈ ഉപക്ഷേപം അവതരിപ്പിച്ച് ചർച്ച ചെയ്യാമെന്ന് പറഞ്ഞപ്പോൾ ഞങ്ങൾക്ക് സന്തോഷമായി. കാരണം, ഞങ്ങൾ ഇത് കൊണ്ടുവന്നതിന്റെ ഒരു ഔട്ട്-കം കൂടിയായയല്ലേയത്; നമുക്ക് അവകാശപ്പെട്ടത് നൽകണമെന്ന് നമ്മൾ ഒരുമിച്ചുനിന്ന് ആവശ്യപ്പെടണം. നമ്മൾ ചോദിച്ച് വാങ്ങണം അതിന് ഞങ്ങൾ തയ്യാറാണ്. അത്തരം കാര്യങ്ങളിൽ യാതൊരു സംശയവുമില്ല. പക്ഷേ, അതിനുള്ള ശ്രമങ്ങൾ വളരെ മന്ദഗതിയിലായിപ്പോകരുത്. ഇവിടെയൊരു പ്രശ്നം സൂചിപ്പിച്ചല്ലോ: ചിലപ്പോൾ ഇന്നോ നാളെയോ ഇലക്ഷൻ നോട്ടിഫിക്കേഷൻ

വരാം. അങ്ങനെ വന്നാൽ എന്താകും സ്ഥിതി? രണ്ടുമാസത്തേക്ക് ഒരു കാര്യവും നോക്കണ്ട, ഒന്നും നടക്കില്ല. ഇതെല്ലാം വീണ്ടും തണുത്തുറഞ്ഞ് പോകും. സത്യം പറഞ്ഞാൽ ആ ഭീതികൊണ്ടും ഭയംകൊണ്ടുമാണ്, അത് ഇല്ലാതായിപ്പോകരുതെന്ന ശുഷ്കാന്തികൊണ്ടും ഉത്കണ്ഠകൊണ്ടുമാണ് ഞങ്ങൾ നടപടികൾ നിർത്തിവയ്ക്കാനുള്ള ഈ ഉപക്ഷേപം കൊണ്ടുവന്നത്; അല്ലാതെ സർക്കാരിനെ പ്രതിക്കൂട്ടിൽ നിർത്തി ക്രൂശിക്കാൻ വേണ്ടിയല്ല. അങ്ങനെ ചെയ്യേണ്ടൊരു ഘട്ടം വന്നാൽ നമുക്ക് അപ്പോൾ ചെയ്യാം. ഇപ്പോൾ ഞങ്ങൾ അത് ആഗ്രഹിക്കുന്നില്ല. ഞങ്ങൾ ആഗ്രഹിക്കുന്നത് ഇക്കാര്യത്തിൽ അടിയന്തരവും ഗൗരവതരവുമായ ഇടപെടലുകൾ കുറേക്കൂടി ശക്തമാക്കി ചെയ്യണം. നമ്മുടെ സംവിധാനങ്ങൾ കുറേക്കൂടി നന്നായി ചെയ്യണം. ആർക്കും ഒരു സങ്കടവുമില്ലാത്ത തരത്തിൽ, സങ്കടങ്ങളൊക്കെയുണ്ടെങ്കിലും അവരെ ആശ്വസിപ്പിച്ച് അവർക്ക് ചെയ്യേണ്ട കാര്യങ്ങൾ ചെയ്തുകൊടുക്കാൻ തയ്യാറാകണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. ഒ. ആർ കേളു</u>): സർ, വയനാട്ടിലെ ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ടുകൊണ്ട്

ഇവിടെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ ചർച്ച നടക്കുമ്പോൾ മനുഷ്യസഹജമായിട്ടുള്ള കാര്യങ്ങൾ തന്നെയാണ് സർക്കാരിന്റെ ഭാഗത്തുനിന്നും നടത്തിയിട്ടുള്ളത്. ദുരന്തമുണ്ടായ ദിവസം പുലർച്ചെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെയാണ് അടിയന്തരമായി ദുരന്തമേഖലയിലേയ്ക്കെത്തണമെന്ന് എന്നോട് നിർദ്ദേശിച്ചത്. അതിനുശേഷം എല്ലാ മന്ത്രിമാരും പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ള എം.എൽ.എ.-മാരും സ്റ്റേറ്റിന്റെ ഭാഗത്തുനിന്നുമുള്ള എല്ലാ ഫോഴ്സും ആ ദുരന്തമുഖത്ത് സംഭവസ്ഥലത്തെത്തുകയും സാധ്യമായ എല്ലാ ഇടപെടലുകളും നടത്തുകയും ചെയ്തിട്ടുണ്ട്. വല്ലാത്തൊരു ബാഹുല്യമാണ് ആ ദുരന്തത്തിലുണ്ടായിട്ടുള്ളത്. അതിന്റേതായ ചെറിയ ചെറിയ പോരായ്മകൾ ഒഴിച്ച് നിർത്തിയാൽ ഈ വിഷയം ഏറ്റവും നല്ല രീതിയിൽ കൈകാര്യം ചെയ്യാൻ സർക്കാരിന് സാധിച്ചുവെന്നാണ് ഇവിടെ സൂചിപ്പിക്കുന്നത്. തുടക്കത്തിൽ 17 ദുരിതാശ്വാസ ക്യാമ്പുകളാണുണ്ടായിരുന്നത്. ടി 17 ക്യാമ്പുകളിലും താമസിക്കുന്നവർക്ക് യാതൊരു തരത്തിലുമുള്ള പരാതിക്കുമിടവരാതെ ഭക്ഷണം നൽകുന്നതിലും മാനസികമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന കാര്യത്തിലും ആരോഗ്യ വകുപ്പിന്റെ കാര്യങ്ങളിലുമൊക്കെ കുറ്റമറ്റരീതിയിൽ ഇടപെടുകയും

കാര്യങ്ങൾ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെഭാഗമായി ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവർ സംഭവസ്ഥലം സന്ദർശിച്ച് കൂട്ടായിട്ടുള്ളൊരു പ്രവർത്തനം തന്നെയാണ് അവിടെ നടത്തിയിട്ടുള്ളത്. അക്കാര്യങ്ങളെല്ലാം കൂട്ടിച്ചേർത്ത് പരിശോധിക്കപ്പെടുമ്പോൾ ദുരിതബാധിതരുടെ സ്ഥിരതാമസത്തിനുള്ള ടൗൺഷിപ്പിന്റെ കാര്യത്തിൽ അവസാനഘട്ടത്തിലേക്ക് സർക്കാർ കടക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അതേസമയം കേന്ദ്ര ഗവൺമെന്റ് വലിയ പ്രതീക്ഷയാണ് നമുക്ക് നൽകിയിട്ടുള്ളത്. പക്ഷേ, ആ പ്രതീക്ഷയെല്ലാം അസ്ഥാനത്താകുന്ന രീതിയിലുള്ള കാഴ്ചയാണ് ഇവിടെ കാണാൻ കഴിയുന്നത്. ഈ അവസരത്തിൽ തീർച്ചയായും മനുഷ്യസ്നേഹികളായ എല്ലാവരും പലതരത്തിലുള്ള വാഗ്ദാനങ്ങളും ഗവൺമെന്റിന് മുമ്പാകെ കൊണ്ടുവന്നിട്ടുണ്ട്. അതെല്ലാം ഏറെക്കുറെ ലഭ്യമാകുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. അതും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള ഇടപെടലുകളുടെയും ഭാഗമായി വളരെ വേഗത്തിൽത്തന്നെ, കുറ്റമറ്റരീതിയിൽ അവരെ മാറ്റി പാർപ്പിക്കാനുള്ള കാര്യങ്ങളിലേക്ക് കടക്കാൻ സാധിക്കുമെന്ന് തന്നെയാണ് സർക്കാർ

കരുതുന്നത്. ഈ നിമിഷംവരെ ഉണ്ടായിട്ടുള്ള എല്ലാതരത്തിലുമുള്ള സപ്പോർട്ടും കൂട്ടായ്മയും തുടർന്നും നമുക്ക് ഉണ്ടാകണമെന്നാണ് ഈ അവസരത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുകൊണ്ട് വയനാട്ടിലെ മന്ത്രി എന്ന നിലയ്ക്ക് എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തിൽ പരിമിതികൾക്ക് അകത്തുനിന്നുകൊണ്ട് കാര്യമാത്രപ്രസക്തമായ ചർച്ചയാണ് നടക്കേണ്ടത്. തെറ്റിദ്ധാരണാജനകമായ ചില കാര്യങ്ങൾ മനഃപൂർവമാകില്ല, ചിലപ്പോൾ തെറ്റിദ്ധാരണകൾകൊണ്ട് ഇവിടെ പറഞ്ഞിട്ടുണ്ടാകും. ഈ പ്രശ്നങ്ങളിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവസാനം പറഞ്ഞ പ്രധാനപ്പെട്ട കാര്യം, ഏതെങ്കിലും വിധത്തിലുള്ള തർക്കവിതർക്കങ്ങൾക്ക് പോകേണ്ടതില്ലെന്നാണ്. കേരളത്തിൽ ഇനിയും ഇങ്ങനെയുണ്ടാകാതിരിക്കാൻ, അവിടെ ദുരന്തമനുഭവിച്ച മനുഷ്യരിൽ അവസാനത്തെയാളെയും പുനരധിവസിപ്പിക്കുംവരെ നാം വഴിയിൽനിന്ന് പോകാതിരിക്കാൻ ഒരു മുന്നറിയിപ്പും കൂട്ടായ്മയുമാണ് ഈ ചർച്ചയിലൂടെ ഉണ്ടായതെന്നത് വളരെ പോസിറ്റീവായ കാര്യമാണ്. നാം ഒറ്റയ്ക്കല്ല, ഒരുമിച്ചാണ്

ഇതിനെ കാണേണ്ടത്. ലോകം മുഴുവൻ ഇത് കാണുന്നുണ്ട്. ലോകത്തിലെ മുഴുവൻ മനുഷ്യനും പ്രത്യേകിച്ച് ഭൂമി മലയാളം ഏറ്റവും ശ്രദ്ധയോടെ ഇടപെടുകയും ഓരോ ചെറിയ പ്രശ്നങ്ങളിൽപോലും വികാരപരമായി സമീപിക്കുകയും ചെയ്ത ഒരു വിഷയമായതുകൊണ്ട് മാധ്യമങ്ങളിലൂടെ ലോകം കാണുന്ന മുഴുവൻ മനുഷ്യരോടും വളരെ ഗൗരവത്തോടുകൂടി ഗവൺമെന്റിനുവേണ്ടി എല്ലാവരെയും കൂട്ടിനിർത്തി പറയാൻ നമുക്ക് കഴിയും, ഏതെങ്കിലും വിധത്തിൽ അവസാനത്തെ ദുരന്തബാധിതനെക്കൂടി അവിടെ പുനരധിവസിപ്പിച്ച് തീരാതെ ചുരമിറങ്ങില്ല ലോകമലയാളം എന്ന് അഭിമാനത്തോടുകൂടി ഗവൺമെന്റിനുവേണ്ടി പറയാനുള്ള അവസരമായി ഈ ചർച്ചയെ ഉപയോഗിക്കുകയാണ്. ഇവിടെ പോസിറ്റീവായ ചർച്ചകൾ നടക്കുമ്പോൾ ചില തെറ്റിദ്ധാരണാജനകമായ വാർത്തകൾ ലഭ്യമായിയെന്ന് തോന്നുന്നു. അതിലൊന്ന് തിരച്ചിലിനെ സംബന്ധിച്ചാണ്. പ്രധാനമന്ത്രിയുടെ സന്ദർശനത്തിനുശേഷം തിരച്ചിൽ അവസാനിപ്പിക്കപ്പെട്ടുവെന്ന് പറഞ്ഞത് വയനാട് പ്രദേശത്തെ കണക്കുകൂട്ടിയായിരിക്കും. പുഞ്ചിരിമട്ടം, മുണ്ടക്കൈ, അട്ടമല, ആറാംമല, ചൂരൽമല എന്നീ പ്രദേശങ്ങളുൾപ്പെടുന്ന

വയനാട്ടിലാണെങ്കിലും അതിന്റെ അവശിഷ്ടങ്ങൾ ലഭ്യമായത് മലപ്പുറം ജില്ലയിലെ ചാലിയാർ പുഴയുൾപ്പെടെയുള്ള പ്രദേശങ്ങളിൽനിന്നാണെന്ന് നമുക്കെല്ലാവർക്കുമറിയാം. തിരച്ചിലിന്റെ സ്ട്രാറ്റജി എങ്ങനെയായിരിക്കണമെന്ന് ഞങ്ങൾ എല്ലാവരും കൂടിയിരുന്നാണ് തീരുമാനിച്ചത്. റൂൾ 300 അനുസരിച്ച് സഭയിൽ നടത്തിയ പ്രസ്താവനയിൽ ഇക്കാര്യം സൂചിപ്പിച്ചതിനാൽ തിരച്ചിലിൽ ആരൊക്കെയുണ്ടായി, ഏതൊക്കെ സംവിധാനങ്ങളുണ്ടായി എന്ന് ഞാൻ വിശദീകരിക്കുന്നില്ല. ആദ്യദിവസംമുതൽ നാടിനെ ആറ് മേഖലകളായി തിരിച്ചുകൊണ്ട് തിരച്ചിൽ പ്രവർത്തനങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചു. അതിൽ ആദ്യസ്ഥലം മുണ്ടക്കൈ, രണ്ടാമത്തേത് അട്ടമല, മൂന്നാമത്തേത് വില്ലേജ് റോഡ്, നാലാമത്തേത് സ്കൂൾ ഏരിയ, അഞ്ചാമത്തേത് പുഞ്ചിരിമട്ടം, ആറാമത്തേത് ഡൗൺസ്ട്രീം എന്നിങ്ങനെയാണ്. നമുക്ക് ലഭ്യമായ കേന്ദ്ര-സംസ്ഥാന സേനകളെ ഓരോ സ്ക്വാഡായി തിരിച്ച് അവരെ ആദ്യം ഓരോ പ്രദേശത്തേക്ക് അയച്ചു. അക്കാര്യം ഞാൻ വിശദീകരിക്കുന്നില്ല. ഒരാഴ്ചകഴിഞ്ഞപ്പോൾ ഞങ്ങൾ എല്ലാവരുംകൂടി ആലോചിച്ച് എല്ലാ സേനകളുമടങ്ങുന്ന 20 പേരടങ്ങുന്ന സ്ക്വാഡുണ്ടാക്കി, അതിനൊരു ലീഡറെയും

വച്ചു. സ്ട്രക്ച്ചർ പിടിക്കാനും വിവരം കൊടുക്കാനും ഭക്ഷണമെത്തിക്കാനും പ്രാദേശികമായി ജനപ്രതിനിധികളോടൊപ്പം പ്രവർത്തിക്കാനുമായി 6 സ്ക്വാഡിലേക്ക് കൂടുതൽ ആളുകളെ അയച്ചു. ഒരു ഘട്ടംകഴിഞ്ഞപ്പോൾ ഇവിടെ മാത്രം തിരച്ചിൽ നടത്തിയിട്ട് കാര്യമില്ല ഡൗൺസ്ട്രീമിലേയ്ക്ക് പോകണമെന്ന് തീരുമാനിച്ചു. ഡൗൺസ്ട്രീമിൽ മലപ്പുറം ജില്ലയുടെ ഉൾപ്പെടെ 8 പൊലീസ് സ്റ്റേഷൻ അതിർത്തികളാണുള്ളത്. ആ അതിർത്തികൾ പ്രത്യേകമായി തിരിച്ച് നേവിയുൾപ്പെടെയുള്ള സകല സംവിധാനങ്ങളുടെയും സഹായത്തോടെ തിരച്ചിൽ നടത്തി. തുടർന്ന് വീണ്ടും ആലോചിച്ച് ജനകീയതിരച്ചിൽ നടത്താൻ തീരുമാനിച്ചു. ബഹുമാനപ്പെട്ട മന്ത്രിമാരും ടി. സിദ്ദിഖ് എം.എൽ.എ.-യും ആയിരക്കണക്കിനാളുകളെ പങ്കെടുപ്പിച്ചുകൊണ്ട് ജനകീയ തിരച്ചിലിന് നേതൃത്വം നൽകി. ക്യാമ്പുകളിലേയ്ക്ക് പോയ ആളുകളെയുൾപ്പെടെ ആംബുലൻസിലും മറ്റ് വാഹനങ്ങളിലും തിരിച്ചുകൊണ്ടുവരികയും എന്റെ വീട് ഇവിടെയുണ്ട്, ഇതിന്റെ താഴേക്ക് എന്റെ മകനോ അമ്മയോ അച്ഛനോ ചിലപ്പോൾ ഇറങ്ങിപ്പോയിട്ടുണ്ടാകുമെന്ന് ചൂണ്ടിക്കാണിക്കുന്നവരെ ഉൾപ്പെടെ ജനകീയതിരച്ചിലിൽ പങ്കാളികളാക്കി. സൂചിപ്പാറയിൽ മനുഷ്യസാധ്യമാകുന്ന

വിധത്തിൽ പോകാൻ കഴിയുന്നതല്ലെന്ന് അങ്ങേയ്ക്കറിയാം. അവിടേയ്ക്ക് കഡാവർ ഡോഗ്സിനെ ഹെലികോപ്റ്റർ മുഖേന താഴെയിറക്കിയും ഫോറസ്റ്റ് ഉദ്യോഗസ്ഥരെ പ്രത്യേകമായി അയച്ചും തിരച്ചിൽ നടത്തി. നമ്മൾ തിരച്ചിൽ അവസാനിപ്പിച്ചിട്ടില്ല. ആഗസ്റ്റ് 11 ആകുമ്പോഴേയ്ക്കും 226 മൃതശരീരങ്ങളും 198 ശരീരഭാഗങ്ങളും ലഭ്യമായി. 11-8-2024-ന് മൂന്ന് മൃതശരീരങ്ങളും രണ്ട് ശരീരഭാഗങ്ങളും തിരച്ചിലിൽ കണ്ടെത്തി. പന്ത്രണ്ടാം തീയതി രണ്ട് മൃതശരീരങ്ങളും അഞ്ച് ശരീരഭാഗങ്ങളും കണ്ടെത്തി. പതിമൂന്നാം തീയതി ഒരു ശരീരഭാഗം മാത്രം കണ്ടെത്തി. പതിനാലാം തീയതി അഞ്ച് ശരീരഭാഗം മാത്രം കണ്ടെത്തി. കഴിഞ്ഞ ആഗസ്റ്റ് 26-ാം തീയതി സൂചിപ്പാറയിൽനിന്ന് ഒരുമിച്ച് അഞ്ച് മൃതശരീരഭാഗങ്ങൾ കണ്ടെടുക്കാൻ ഇടയായി. ആഗസ്റ്റ് 27-ന് ഒരു ശരീരഭാഗം ലഭിച്ചു. സെപ്റ്റംബർ മാസം രണ്ടാം തീയതി രണ്ട് ശരീരഭാഗങ്ങൾ നിലമ്പൂരിൽനിന്നും ലഭ്യമായി. സെപ്റ്റംബർ നാലാം തീയതി ഒരു ശരീരഭാഗംകൂടി വീണ്ടും നിലമ്പൂരിൽനിന്ന് ലഭ്യമായി. സെപ്റ്റംബർ 30-ാം തീയതി വാളവടയിൽനിന്ന് ലഭിച്ച ഒരു ശരീരഭാഗം തിരച്ചിലിന്റെ ഭാഗമായി കിട്ടിയതല്ല. ഏതോവിധത്തിൽ ഒരു ശരീരഭാഗംകൂടി കിട്ടിയതാണ്.

അതുൾപ്പെടെ 231 മൃതശരീരങ്ങളും 222 ശരീരഭാഗങ്ങളുമാണ് ഇതുവരെയുള്ള തിരച്ചിലിന്റെ ഭാഗമായി ലഭിച്ചത്. തിരച്ചിൽ അവസാനിച്ചുവെന്ന് കരുതരുത്. ഞാൻ ഡീറ്റയിൽസ് പറയുന്നതല്ല. ഓരോ ദിവസത്തെയും കാര്യങ്ങൾ എന്റെ ഡയറിയിൽ എഴുതിവച്ചതുകൊണ്ട് സൂചിപ്പിച്ചതാണ്. ആഗസ്റ്റ് 12-ാം തീയതി ഞങ്ങളെല്ലാവരുംകൂടി ചേർന്ന് സേനാവിഭാഗത്തെ പൂർണ്ണമായി ഇവിടെ നിർത്തേണ്ടതുണ്ടോയെന്ന് ആലോചിക്കുകയും വയനാട്ടിലെയും മലപ്പുറത്തേയും ഗ്യാലറികളിൽ ആവശ്യപ്പെടുന്നതനുസരിച്ച് ആഗസ്റ്റ് 30 വരെ തിരച്ചിലിന് സേനകൾ വേണമെന്ന് തീരുമാനിച്ചു. അതനുസരിച്ച് ഒരു എൻ.ഡി.ആർ.എഫ്. ടീം, ഒരു എസ്.ഒ.ജി., ഒരു ഫയർഫോഴ്സ് ടീം, ഒരു ഫോറസ്റ്റ് ടീം, ഒരു എക്യുപ്മെന്റ് ടീം, ഒരു പൊലീസ് ടീം എന്നിവരെ രണ്ട് ജില്ലകളിലായി വിന്യസിപ്പിച്ചു.

ഈ ദുരന്തത്തിൽ 124 പേർ നഷ്ടപ്പെട്ടുവെന്നാണ് കണക്കുകളിൽനിന്നും മനസ്സിലാകാനുള്ളത്. 119 പേർ ആദ്യവും പിന്നീട് 5 പേരും ചേർന്ന് 124 പേരാണ് നഷ്ടപ്പെട്ടത്. അതിൽ 155 ശരീരഭാഗങ്ങളിൽനിന്നായി അവസാനം 77 പേരെ കണ്ടെത്താനായി. ഡി.എൻ.എ. ടെസ്റ്റും രക്തസാമ്പിളുകളുമായി

ഇനിയും കൂട്ടിയോജിപ്പിക്കാനുണ്ട്. 17 കുടുംബത്തിലെ 57 പേർക്ക് ഇനി തുടർ അവകാശികളില്ലെന്ന കാര്യം അങ്ങേയ്ക്ക് അറിയാമെന്ന് ഞാൻ കരുതുന്നു. പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ, 47 പേരുടെ ശരീരം മണ്ണിനടിയിലുണ്ടെന്നാണ് നമ്മൾ ഇപ്പോഴും കരുതുന്നത്. എന്നാൽ ചിലപ്പോൾ ആ മനുഷ്യരിൽ പലരുടെയും മൃതശരീരങ്ങൾ പുത്തുമലയിലെ ബറിയൽ ഗ്രൗണ്ടിൽ ഇതിനകം സംസ്കരിക്കപ്പെട്ടുകാണും. കാരണം കൃത്യമായ ഡി.എൻ.എ. ടെസ്റ്റ് നടത്താൻ കഴിയാത്ത വിധത്തിൽ അഴുകിപ്പോയ മൃതശരീരഭാഗങ്ങളുണ്ട്. അതുപോലെ, രക്തസാമ്പിളുകളുമായി കൂട്ടിയോജിപ്പിക്കാൻ കഴിയാത്ത മൃതശരീരഭാഗങ്ങളുണ്ട്. ഒരു പക്ഷേ ഇനിയും കണ്ടെത്താനുള്ളവർ ഇതിൽപ്പെട്ടതായിരിക്കും. ഇവിടെ പറഞ്ഞതുപോലെ, 47 മൃതശരീരങ്ങളെ സംബന്ധിച്ച് ഇനിയും ഏതെങ്കിലും വിധത്തിലുള്ള തിരച്ചിൽ വേണമെന്ന് ഈ സഭയോ ജനപ്രതിനിധികളോ ഏതെങ്കിലും വിധത്തിൽ ആലോചിച്ചാൽ ഒരു പ്രയാസവും അക്കാര്യത്തിൽ ഗവൺമെന്റിനുണ്ടാകില്ല. നമ്മുടെ കൈവശമുള്ള മുഴുവൻ സന്നാഹങ്ങളെയും അണിനിരത്തികൊണ്ട് എവിടെയെല്ലാം പോകാൻ കഴിയുമോ അവിടെയൊക്കെ തിരച്ചിൽ

നടത്തുന്നതാണ്. കർണ്ണാടകയിലുണ്ടായ ദുരന്തം പോലെയല്ല വയനാട്ടിൽ സംഭവിച്ചത്. വളരെയധികം ദൂരം വരെ ദുരന്തം വ്യാപിച്ചു. ഭൂകമ്പമുണ്ടായി രാവിലെ അഞ്ച് മണി കഴിഞ്ഞപ്പോൾ, ആ ദുരന്തഭൂമിയിലുണ്ടായിരുന്നവരാണ് ബഹുമാനപ്പെട്ട എം.എൽ.എ.-യും കളക്ടറും. ഞങ്ങൾ തമാശരൂപത്തിൽ പറയുകയുണ്ടായി ആ ദുരന്തം യഥാർഥത്തിൽ വെള്ളാർമല സ്കൂൾ തടുത്ത് നിർത്തിയില്ലായിരുന്നെങ്കിൽ ഒരുപക്ഷേ എം.എൽ.എ. ഉൾപ്പെടെയുള്ളവരെ നമുക്ക് നഷ്ടപ്പെടുമാകുന്ന വിധത്തിൽ അതിഭീകരതയുണ്ടാക്കുമായിരുന്നുവെന്ന്. ബഹുമാനപ്പെട്ട മന്ത്രിമാരായ എ. കെ. ശശീന്ദ്രനും ഒ. ആർ. കേളുവും പി. എ. മുഹമ്മദ് റിയാസും ഞാനുമുൾപ്പെടെയുള്ളവർ ദുരന്തഭൂമിയിൽ നിൽക്കുമ്പോൾ ഉച്ചയ്ക്കുശേഷം രണ്ടരമണിക്ക് വീണ്ടും ഉരുൾപൊട്ടലുണ്ടായി. അതിന്റെ പ്രദേശം എത്ര വിപുലമാണ്; ചാലിയാർപുഴ ഒഴുകി അവസാനം കോഴിക്കോട് ജില്ലയിലെ ഫറൂക്കിലൂടെ കടന്ന് കടലിലേയ്ക്ക് ലയിക്കും. ഞാൻ വേദനയോടെ മനസ്സിലാക്കുന്നത്, രാവിലെ അഞ്ചേകാൽ മണിക്ക് ഞാൻ എസ്.ഡി.എം.എ.-യിൽ നിൽക്കുമ്പോൾ മൂന്ന് മണിക്കുണ്ടായ ദുരന്തത്തിനുശേഷം പോത്തുകല്ലിൽ ആദ്യത്തെ മൂന്ന് മൃതശരീരങ്ങൾ ലഭിച്ചുവെന്ന വിവരം ലഭിച്ചു. എത്ര

വേഗതയിലാണ് മൃതശരീരങ്ങൾ ഒഴുകിപ്പോയത്. ഏതെങ്കിലും വിധത്തിൽ ബോധപൂർവമായി തിരച്ചിലിനോ അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കോ ഒരു കുറവുമുണ്ടായിട്ടില്ലെന്ന കാര്യം ഞാനിവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

Hume Center-നെക്കുറിച്ച് ഇവിടെ പറഞ്ഞു. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വയനാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന ശരിയായവിധത്തിലുള്ള ഒരന്വേഷണ ഏജൻസിയാണ് Hume Center. ഔദ്യോഗിക പ്രവചന ഏജൻസിയല്ലെങ്കിലും നേരിട്ട് പ്രവചനങ്ങൾ നടത്താൻ Hume Center-ന് സാധ്യമാകില്ല. ലഭ്യമായ മഴയുടെ അളവ് കണക്കിലെടുത്ത് ഏതെങ്കിലും വിധത്തിലുള്ള ഒരു ഉപദേശം കൊടുക്കാൻ Hume Center-ന് സാധിക്കും. ശ്രീ. ഇ. കെ. വിജയൻ എം.എൽ.എ. സൂചിപ്പിച്ചതുപോലെ, ഉരുൾപൊട്ടലിന്റെ ശ്രദ്ധേയമായ സാധ്യതാ പ്രവചനം നടത്തേണ്ട ഏജൻസി GSI (Geological Survey of India) ആണ്. എന്നാൽ ആ മൂന്നുദിവസങ്ങളിലും മഞ്ഞ അലർട്ടാണ് GSI നൽകിയിരുന്നത്. മഴ സംബന്ധിച്ച്, 29-ാം തീയതി ഉച്ചയ്ക്ക് ഓറഞ്ച് അലർട്ട് നൽകിയെന്ന വാർത്ത എം.എൽ.എ. പറഞ്ഞത് ശരിയാണ്. 29-ാം

തീയതി ഉച്ചയ്ക്ക് പ്രസിദ്ധീകരിച്ച അലർട്ടിൽ ആ ദിവസം മാത്രം വയനാടിന് ഓറഞ്ച് അലർട്ടും പിറ്റേന്നുമുതൽ സാധാരണ അലർട്ടുമാണ് ഉണ്ടായിരുന്നത്. അപകടമുണ്ട്; റെഡ് അലർട്ടാകുന്നുവെന്നവിവരം ലഭിക്കുന്നത് 30-ാം തീയതി രാവിലെ 6.00 മണിക്ക് IMD (India Meteorological Department) റിപ്പോർട്ട് വരുമ്പോഴാണ്. അപ്പോഴേയ്ക്കും എത്രയോ മനുഷ്യർ നഷ്ടപ്പെട്ടുപോയി. എം.എൽ.എ.-ഉൾപ്പെടെയുള്ള സംഘവും ജില്ലാ പഞ്ചായത്ത് പ്രസിഡന്റും പഞ്ചായത്ത് പ്രസിഡന്റും ഉൾപ്പെടെ തലേദിവസം അവിടെപ്പോയി ജനങ്ങളെ ഒഴിപ്പിക്കാൻ ശ്രമിച്ചത് ജില്ലാ ഭരണകൂടത്തിന്റെ അധികാരവും അനുവാദവും ഇല്ലാത്തതുകൊണ്ടാണെന്ന് ഞാൻ കരുതുന്നില്ല. എങ്കിലും ആളുകളോട് ഒഴിഞ്ഞുപോകാൻ പറയുമ്പോൾ പലയിടത്തും ഉണ്ടാകുന്ന ഒരു പ്രശ്നം, ഒരുപക്ഷേ അവർ ഈ പ്രശ്നം ഇത്രമാത്രം ഗൗരവമാണെന്ന് കരുതാത്തതിനാലാണ്.

2018-ലെ ദുരന്തത്തിനുശേഷം 2019-ലും 2020-ലും 2021-ലും ഇപ്പോൾ 2023-ലുമുണ്ടായ മഴപ്രവചനങ്ങൾ വന്നപ്പോൾ നമ്മുടെ മണ്ഡലങ്ങളിലെ വീടുകളിൽ പോയി ആളുകളോട് അവിടെനിന്നും ഇറങ്ങണമെന്നു പറഞ്ഞാൽ, അവരുടെ പട്ടിയെക്കൂടി കൊണ്ടുപോയാലേ വരികയുള്ളൂ എന്നുപറയുന്ന

മൃഗസ്നേഹികളുണ്ട്. ഇതിനേക്കാൾ വലിയ മഴയുണ്ടായിട്ട് ഞങ്ങളിവിടെ നിന്നവരായതിനാൽ ഞങ്ങളെ പേടിപ്പിക്കേണ്ട എന്നുപറയുന്ന മറ്റുചിലരുമുണ്ട്. അതുപോലെ ഇവിടെയും പ്രശ്നത്തിന്റെ ഗൗരവം ആളുകൾക്ക് മനസ്സിലായിട്ടുണ്ടാവില്ല. ഏതെങ്കിലും വിധത്തിൽ ഏജൻസികളുടെ കുറവുകളുണ്ടാകുമ്പോൾ.... നേരത്തെ IMD മാത്രമാണുണ്ടായിരുന്നത്. 2018-ലെ ദുരന്തം കഴിഞ്ഞപ്പോൾ IBM Weather, Skymet, GFS എന്നിവയുൾപ്പെടെ യൂറോപ്യൻ യൂണിയൻ രാജ്യങ്ങൾക്ക് ലഭ്യമാകുന്ന അറിവുകൾ നൽകാൻ കഴിയുന്നവിധത്തിലുള്ള സംവിധാനങ്ങൾ നമ്മൾ പരിശോധിച്ചെങ്കിലും പലപ്പോഴും പ്രയാസങ്ങളുണ്ടാവുകയാണ്. എം.എൽ.എ.-മാരിൽ ആരോ സൂചിപ്പിച്ചതുപോലെ, മലബാർ മേഖലയിൽ പ്രവചനങ്ങൾ നൽകാൻ കഴിയുന്ന ഒരു റഡാർ സംവിധാനമില്ലാത്തതിനാൽ അപ്രകാരമൊരു സംവിധാനം നൽകണമെന്ന ആവശ്യം വർഷങ്ങളായി കേരളം കേന്ദ്രഗവൺമെന്റ് മുമ്പാകെ അവതരിപ്പിക്കുകയാണ്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് വയനാട്ടിലെ പുൽപ്പള്ളിയിൽ പ്രത്യേകമായൊരു സ്ഥലം കണ്ടെത്തി അവിടെ അധികമായി ഒരു റഡാർ നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ, ഈ പ്രശ്നങ്ങളുടെ നടുവിലാണെങ്കിലും ദുരന്തമുന്നറിയിപ്പുകൾ നൽകാൻ കഴിയുന്നവിധത്തിൽ 'കവചം' സംവിധാനമുണ്ടാക്കി. ഇതിന്റെ ഭാഗമായി 126 സ്ഥലങ്ങളിൽ സൈറനുകളും സ്ട്രോബ് ലൈറ്റുകളും കൊണ്ടുവരുന്നവിധത്തിലുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. ഞാൻ എല്ലാകാര്യങ്ങൾക്കും മറുപടി പറയാനോ കോ-ഓർഡിനേറ്റ് ചെയ്യാനോ ഈ സന്ദർഭത്തിൽ ഉദ്ദേശിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യങ്ങളെല്ലാം കോ-ഓർഡിനേറ്റ് ചെയ്ത് ഇവിടെ സംസാരിക്കും.

മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം, ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടതാണ്. അതുസംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള കാലതാമസമുണ്ടായിട്ടില്ല. കൃത്യമായ കാര്യങ്ങൾ പരിശോധിച്ചാൽ അപ്രകാരമുണ്ടായിയെന്ന് ഞാൻ കരുതുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞതുപോലെ, ഭൂപരിഷ്കരണ നിയമം നമ്മളെല്ലാവരും ചേർന്ന് ഉണ്ടാക്കിയതാണ്. അന്ന് 15 ഏക്കറിൽ കൂടുതൽ ഭൂമി സ്വന്തമാക്കിവയ്ക്കാൻ കഴിയാത്തവർക്ക്, ഏതാവശ്യത്തിനുവേണ്ടിയാണോ കൂടുതൽ ഭൂമി കൈവശം വയ്ക്കുന്നത്, അവർക്ക്

തരംമാറ്റാൻ അധികാരമില്ലെന്ന് ഭൂപരിഷ്കരണ നിയമത്തിലൂടെ കേരളം പ്രഖ്യാപിച്ചിരുന്നു. അങ്ങനെയാണ് കൂടുതൽ ഭൂമി ലഭിച്ചത്. നമ്മളതിന്റെ തർക്കത്തിലേയ്ക്കല്ല പോകുന്നത്. സ്വാഭാവികമായും ഭൂമിയുടെ ലഭ്യതയ്ക്ക് പ്രയാസമുള്ള സ്ഥലമായ വയനാട് ജില്ലയിൽ 25 സ്ഥലങ്ങൾ പുനരധിവാസത്തിനുവേണ്ടി ആദ്യം കണ്ടുപിടിച്ചുവെങ്കിലും അത് പിന്നീട് 9 ആയി ചുരുങ്ങി. കാരണം, ആളുകൾ എല്ലാവരുടെയും സാന്നിധ്യത്തിൽ ഞങ്ങളോട് ചോദിക്കുന്നത്, ആദ്യം അവർ പുത്തുമലയിൽ താമസിച്ചുവെന്നും പിന്നീട് അവിടെനിന്നും ചൂരൽമലയിലേയ്ക്ക് പോയിയെന്നും ഇനി ഏത് മലയിലേയ്ക്കാണ് അവർ പോകേണ്ടതെന്നുമാണ്. ജനവാസത്തിനായി ഏറ്റെടുക്കുന്ന സ്ഥലം ഭൗമികശാസ്ത്ര പഠനവിഭാഗം പരിശോധിക്കാതെയും അവിടെ താമസിക്കാനുള്ള സൗകര്യമുണ്ടെന്ന് ഉറപ്പുവരുത്താതെയും ഏതെങ്കിലും വിധത്തിൽ ഏറ്റുവാങ്ങി കൊടുക്കാൻ കഴിയുമോ? അതുകൊണ്ട് ഗൗരവമായി ഭൗമികശാസ്ത്ര പഠനവിഭാഗം പരിശോധന നടത്തിയപ്പോൾ ഈ 25 സ്ഥലങ്ങളിൽ 9 സ്ഥലങ്ങൾ മാത്രമാണ് പര്യാപ്തമാണെന്ന് കണ്ടെത്തിയത്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ഒരുപക്ഷേ ഇന്ത്യയുടെ

ചരിത്രത്തിലാദ്യമാണോ എന്നറിയില്ല... കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ഈ ദുരന്തബാധിതരോട് പുനരധിവാസവുമായി ബന്ധപ്പെട്ട് നിങ്ങൾക്ക് എന്തൊക്കെ സാധ്യതകൾ വേണം; എന്തൊക്കെ നിർദ്ദേശങ്ങളുണ്ട് എന്നറിയുന്നതിനായി ആഗസ്റ്റ് 24-ാം തീയതി ബഹുമാനപ്പെട്ട രണ്ട് എം.എൽ.എ.-മാരുടെ സാന്നിധ്യത്തിൽ ചീഫ് സെക്രട്ടറി നേരിട്ട് അവിടെയുള്ള ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് അംഗങ്ങൾ, ദുരന്തബാധിതരായി 17 ക്യാമ്പുകളിൽ കഴിയുന്ന അംഗങ്ങൾ എന്നിവരുമായി ആശയവിനിമയം നടത്തി. ഇതിനേക്കാൾ വലിയ ജനകീയമായതും ജനാധിപത്യപരമായിട്ടുമുള്ള പുനർസംവിധാനം എങ്ങനെയാണ് നടപ്പാക്കാൻ കഴിയുക. ആ യോഗത്തിൽ എല്ലാവരും പറഞ്ഞത്, തൊട്ടടുത്തുള്ള മുപ്പൈനാടും അമ്പലവയലും വൈത്തിരിയും പ്രശ്നബാധിത പ്രദേശങ്ങളായതിനാൽ അവർക്ക് പരമാവധി മേപ്പാടിയിൽ തന്നെ സ്ഥലം വേണമെന്നാണ്. ശ്രീ. ഐ. സി. ബാലകൃഷ്ണൻ ബറിയൽ ഗ്രൗണ്ടിന്റെ കാര്യം പറഞ്ഞതുപോലെ, വികാരപരമായി ആളുകളുടെ പ്രശ്നമാണ് അവർക്ക് മേപ്പാടിയിൽ തന്നെ സ്ഥലം വേണമെന്നുള്ളത്. ഈ 9 സ്ഥലങ്ങളിൽ

മേപ്പാടിയിൽപ്പെട്ട സ്ഥലങ്ങളേതൊക്കെയെന്ന് അന്വേഷിക്കണം. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 പ്രകാരം സഭയിൽ പ്രസ്താവന നടത്തിയതുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ച രണ്ട് സ്ഥലങ്ങളുടെ വിശദാംശങ്ങൾ ഇവിടെ നേരത്തെ പറഞ്ഞിട്ടുള്ളതാണ്. ആ രണ്ട് സ്ഥലങ്ങളിലേയ്ക്കും നമ്മൾ എത്തിച്ചേർന്നു. അതിൽ ഏതെങ്കിലും വിധത്തിലുള്ള തർക്കമുണ്ടാക്കി ഇനിയൊരു കേസിലേയ്ക്ക് പോകണമെന്ന ഉദ്ദേശ്യം ഞങ്ങൾക്കില്ല. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിയും ഞാനും ചേർന്ന് ബന്ധപ്പെട്ട ആളുകളുമായി പ്രാഥമികമായ കൂടിയാലോചന നടത്തി. കേരളത്തിലെ ഭൗമികശാസ്ത്രസംഘം ഈ സ്ഥലങ്ങൾ താമസയോഗ്യമാണോയെന്ന് പരിശോധിച്ചു. ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം ഭൂമി ഏറ്റെടുക്കലാണ്. അത് വൈകുന്നതിന്റെ കാരണമെന്താണ്? ഭൂമി ഏറ്റെടുക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ LARR Act, 2013 പ്രകാരമാണ്. പ്രസ്തുത ആക്റ്റ് പ്രകാരം 4(1) നോട്ടിഫിക്കേഷൻ, സോഷ്യൽ ഇംപാക്റ്റ് അസസ്സ്മെന്റ്, നഷ്ടബാധിതരുമായിട്ടുള്ള ചർച്ച, എക്സ്പെർട്ട് കമ്മിറ്റി, ഭൂമിയേറ്റെടുക്കാനുള്ള

പൊതു അഭിപ്രായം, അതിനുശേഷം 11(1) നോട്ടിഫിക്കേഷൻ, ഭൂമിയിലുള്ള ചമയങ്ങൾക്ക് വില കാണിക്കുന്നവിധത്തിലുള്ള സംവിധാനം, റീഹാബിലിറ്റേഷൻ & റീ-സെറ്റിൽമെന്റ് പാക്കേജ്, 19(1) നോട്ടിഫിക്കേഷൻ, അവാർഡ് എൻക്വയറി തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ 120 ദിവസം വേണ്ടിവരും. രാവിലെ മുതൽ വൈകുന്നേരം വരെയുള്ള പ്രവൃത്തിദിനത്തിൽ ഒരു ഡെപ്യൂട്ടി കളക്ടറും സർവേയർമാരുമടക്കമുള്ള സംവിധാനം 24 മണിക്കൂറിൽ 12 മണിക്കൂർ പ്രവർത്തിച്ചാലും സ്റ്റാറ്റ്യൂട്ടറി ടൈമുണ്ട്. അതായത്, 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചാൽ 19(1)-ലേയ്ക്ക് പോകുന്നതിന് 60 ദിവസം കാത്തിരിക്കണം. ഞങ്ങൾ വീണ്ടും അക്കാര്യം ആലോചിച്ചു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഭൂവുടമ സമ്മതപത്രം തന്നാലോ?

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞതിലേയ്ക്ക് ഞാൻ വരികയാണ്. ഭൂവുടമ ഭൂമി വിട്ടുനൽകുന്നതിന് സമ്മതപത്രം നൽകിയാലും ഏറ്റെടുക്കുന്നതിന് സ്വാഭാവികമായും ഇത്രയേറെ

ദിവസം വേണ്ടിവരുന്നു. ഇതാണ് രണ്ടാമത്തെ കാര്യം. ഭൂവുടമ സമ്മതപത്രം നൽകുമ്പോൾ ഏറ്റെടുക്കാവുന്നവിധത്തിലുള്ള ഭൂമികളെല്ലാം 2015-ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ രാജമാണിക്കം കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റിസംപ്ഷനുമായി ബന്ധപ്പെട്ട കേസുകൾ ചാർജ് ചെയ്ത സ്ഥലങ്ങളാണ്. ആ സ്ഥലങ്ങളിൽ സർക്കാർ ഇക്കാര്യത്തിനുവേണ്ടി വിട്ടുവീഴ്ച നടത്തിയാൽ അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ടാകും. അങ്ങ് പറഞ്ഞത് ശരിയായ കാര്യമാണ്. ഞങ്ങൾ അക്കാര്യം പരിശോധിച്ചു. പക്ഷേ ഇത് 2015-ൽ എടുത്ത ധാരണയുടെ അടിസ്ഥാനത്തിലാണ്. 120 ദിവസം കാത്തിരിക്കാതെ ഭൂമി എളുപ്പത്തിൽ ഏറ്റെടുക്കാൻ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്റ്റിലൂടെ മാത്രമേ സാധ്യമാകൂ. പ്രസ്തുത ആക്റ്റിന്റെ സെക്ഷൻ (2)-ൽ റീഹാബിലിറ്റേഷൻ ആൻഡ് റീ-കൺസ്ട്രക്ഷൻ വളരെ പ്രധാനമായിട്ടുള്ള കാര്യമായി പ്രതിപാദിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ അവതരിപ്പിച്ചാൽ സമയമെടുക്കുമെന്നുള്ളതുകൊണ്ട് ഞാനതിലേയ്ക്ക് കടക്കുന്നില്ല. ഡിസാസ്റ്റർ മാനേജ്മെന്റ് ആക്റ്റിന്റെ സെക്ഷൻ 30(1), 30(2), 38, overriding effect ആയിട്ടുള്ള Section 72 എന്നിവ ഉപയോഗിച്ച് ഏറ്റെടുക്കാനാണ് ശ്രമിക്കുന്നത്.

അതൊരു ബലം പ്രയോഗിച്ചുള്ള ഏറ്റെടുക്കലല്ല; ഡിസാസ്റ്റർ മാനേജ്മെന്റ് ആക്റ്റനുസരിച്ച് ഏറ്റെടുക്കുന്നത് 120 ദിവസം എന്ന കാലതാമസം മറികടക്കാനാണ്. പക്ഷേ അവരുടെ നഷ്ടപരിഹാരം LARR Act, 2013 അനുസരിച്ചായിരിക്കും. അക്കാര്യത്തിൽ ഒരു പ്രയാസവുമില്ല. പക്ഷേ LARR Act, 2013 പാലിക്കണമെങ്കിൽ ഈ സ്റ്റാറ്റ്യൂട്ടറി ടൈം വേണ്ടിവരും. ഇവിടെ പ്രതിപക്ഷ ഉപനേതാവ് പറഞ്ഞതുപോലെ ഉപതിരഞ്ഞെടുപ്പിന്റെ നോട്ടിഫിക്കേഷൻ വന്നാലും പ്രശ്നമില്ല. കാരണം, ഡിസാസ്റ്റർ മാനേജ്മെന്റ് ആക്റ്റിന് പെരുമാറ്റച്ചട്ടം ബാധകമല്ല. അതിനാൽ ഒരു ദുരന്തനിവാരണപ്രക്രിയയുണ്ടായാൽ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്റ്റിന്റെ സാധ്യതയുപയോഗിച്ച് ഇക്കാര്യത്തിൽ മുന്നോട്ടുപോകണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. അതുകൊണ്ട് അക്കാര്യത്തിൽ ഏതെങ്കിലും വിധത്തിലുള്ള കുറവുകളോ പ്രയാസങ്ങളോ ഉണ്ടായിട്ടില്ല.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ, 17 ക്യാമ്പുകളിലായാണ് ആളുകളെ താമസിപ്പിച്ചത്. ഇപ്പോഴും ആനുകൂല്യത്തിനായി പുതുതായി ധാരാളം ആളുകൾ വരുന്നുണ്ട്. അവിടത്തെ പഞ്ചായത്ത് വൈസ്

പ്രസിഡന്റ് ശ്രീമതി രാധ, സ്റ്റാൻഡിംഗ് കമ്മിറ്റി മെമ്പർമാരായ ശ്രീ. രാജു, ശ്രീ. നാസർ തുടങ്ങിയവർ എന്റെ ഓഫീസിൽ വരികയും ഏതാണ്ട് ഒരു മണിക്കൂർ അവരുമായി സംസാരിക്കുകയും ചെയ്തു. കുറേ പുതിയ ആളുകൾ വരുന്നുണ്ടെന്ന് അവർ പറഞ്ഞപ്പോൾ ഞാൻ അവരോട് നമുക്കെങ്ങനെ അതെടുക്കാൻ കഴിയുമെന്ന് ചോദിച്ചു. ക്യാമ്പുകളുടെ ലിസ്റ്റ്, ദുരന്തബാധിതരുടെ യഥാർത്ഥ ലിസ്റ്റ്, അന്ന് രജിസ്റ്റർ ചെയ്തവരുടെ ലിസ്റ്റ് എന്നിവയെടുത്താലും ചിലതിൽ കൃത്യമായ കണക്കിന്റെ പ്രയാസങ്ങളുണ്ടാകാം. ബഹുമാനപ്പെട്ട ശ്രീ. ഐ. സി. ബാലകൃഷ്ണൻ എം.എൽ.എ.യ്ക്കും അതറിയാം. പത്താം വാർഡ്  മെമ്പറായ ശ്രീ. സുകുമാരൻ, പതിനൊന്നാം വാർഡ് മെമ്പറായ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബാബു, പന്ത്രണ്ടാം വാർഡ് മെമ്പറായ ശ്രീ. നൂറുദ്ദീൻ എന്നിവരോടെല്ലാം ഇനി ആർക്കെങ്കിലും സഹായം നൽകേണ്ടതായിട്ടുണ്ടോയെന്ന് ഞങ്ങൾ ചോദിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഇക്കാര്യങ്ങളെല്ലാം പറയേണ്ടതെങ്കിലും ഈ സഭയോട് ഞാൻ പറയട്ടെ, പുനരധിവാസത്തിനുശേഷം അവിടത്തെ അസിസ്റ്റന്റ് കളക്ടർ നോഡൽ ഓഫീസറായ ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്. ഈ വാർഡുകളിലെ ലിസ്റ്റിലുൾപ്പെട്ട് വീടുകൾ ഒഴിവായി

പോകേണ്ടവരോ ഇനിയും ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ ലഭിക്കേണ്ടവരോ ഉണ്ടെങ്കിൽ ഹെൽപ്പ് ഡെസ്കിൽ അപേക്ഷ നൽകിയാൽ പരിശോധിച്ച് സർക്കാർ പ്രഖ്യാപിച്ച എല്ലാ ആനുകൂല്യങ്ങളും അർഹരായവർക്ക് നൽകുന്നതാണ്. വലിയൊരു ദുരന്തമാണ് അവിടെയുണ്ടായത്; 1031 പേർക്ക് പതിനായിരം രൂപ വീതം നൽകിയിട്ടുണ്ട്. ഇനിയും ആളുകളുണ്ടെങ്കിലും ഇത് നൽകുന്നതാണ്. 813 പേർക്ക് ഇപ്പോൾ ആറായിരം രൂപ വീതം വാടക നൽകിവരുന്നുണ്ട്. ഓരോ മാസത്തെയും കണക്കനുസരിച്ച് 46,96,200 രൂപ വാടകയിനത്തിൽ ചെലവുവരുന്നുണ്ട്. ഇവിടെ പറഞ്ഞത് ശരിയാണ്, ഒരു ഗവൺമെന്റിന് ധനാശ്വാസസഹായം നൽകാൻ സാധിച്ചാൽ 300 രൂപവീതം ഒരു കുടുംബത്തിലെ രണ്ടുപേർക്ക് 30 ദിവസംവരെ എസ്.ഡി.എം.എ.-യ്ക്ക് കൊടുക്കാൻ സാധിക്കുകയുള്ളൂ.

ബഹുമാനപ്പെട്ട പ്രധാനമന്ത്രി വയനാട് സന്ദർശിച്ച് പോയതിനുശേഷം 17-ാം തീയതി നൽകിയ ധനസഹായത്തെ സംബന്ധിച്ചും മെമ്മോറാണ്ടത്തിന്റെ പേരിലും എന്തെല്ലാം ആരോപണങ്ങളാണ് പ്രതിപക്ഷം ഉന്നയിച്ചത്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഉൾപ്പെടെയുള്ളവർ ഇക്കാര്യങ്ങൾ പറഞ്ഞുകൊണ്ട്

ഞാനതിലേക്ക് കടക്കുന്നില്ല. പക്ഷേ രണ്ടുകാര്യങ്ങളെ സംബന്ധിച്ചുപോലും കേന്ദ്ര ഗവൺമെന്റിന് ഇതുവരെ പറയാൻ സാധിച്ചിട്ടില്ല. ഒന്ന്, ഈ ദുരന്തത്തെ എൽ-സീറോ, എൽ-വൺ, എൽ-ടു, എൽ-ത്രീ എന്നതിൽ ഏത് വിഭാഗത്തിൽ ഉൾപ്പെടുത്തുമെന്നുള്ളതാണ്. എൽ-ത്രീയിൽ ഉൾപ്പെടുത്തണമെന്നാണ് ഞങ്ങൾ അഭ്യർഥിക്കുന്നത്. ഡിസാസ്റ്റർ ഓഫ് സിവിയർ നേച്ചറിൽ ഉൾപ്പെടുത്തിയാൽ എം.പി.-മാർക്ക് അവരുടെ പാർലമെന്റ് മണ്ഡലങ്ങളിൽനിന്ന് വിവിധ തരത്തിലുള്ള സഹായം നൽകുന്നത് ഉൾപ്പെടെ നിരവധി ആനുകൂല്യങ്ങൾ നമുക്ക് ലഭ്യമാകും. രണ്ട്, 300 രൂപവീതം മൂന്ന് മാസത്തേയ്ക്ക് നിശ്ചയിക്കാൻ ദേശീയ ദുരന്തനിവാരണ അതോറിറ്റിക്ക് ഒരു പ്രയാസവുമില്ല. ഇതുവരെ അവർ ഇത് നൽകാമെന്ന് സമ്മതിച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇത് സൂചിപ്പിക്കുന്നതാണ്. അങ്ങനെയെങ്കിൽ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റികൂടി ഇനിയും ഒരു മാസത്തേയ്ക്കുകൂടി നൽകാൻ സാധിക്കുമോയെന്നാണ് ഞങ്ങൾ ആലോചിക്കുന്നത്. തൊഴിൽധനാശ്വാസ സഹായമായി ഒരു മാസംകൂടി 300 രൂപ വീതം നൽകണമെന്നുതന്നെയാണ് ഈ ഗവൺമെന്റിന്റെ തീരുമാനം. ഇക്കാര്യത്തെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് ഒന്നും മിണ്ടുന്നില്ല. ഒരു

ചെലവുമില്ലാത്ത കാര്യമാണിത്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദീർഘവീക്ഷണത്തെക്കുറിച്ച് ആലോചിക്കുകയാണ്. ഈ ദുരന്തമുണ്ടായി മൂന്നാം ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെ വന്നപ്പോൾ ഞങ്ങൾക്ക് ചില നിർദേശങ്ങൾ നൽകിയിരുന്നു. അതിലൊന്ന്, സ്കൂൾ തുറക്കുന്നതിനെ സംബന്ധിച്ചും കുട്ടികളെ പഠിപ്പിക്കുന്നതിനെ സംബന്ധിച്ചുമാണ്. ഞങ്ങൾ പോലും പ്രതീക്ഷിക്കാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ രണ്ടാമത്തെ കാര്യം, ആ മൂന്ന് വാർഡുകളിലെ ആളുകൾക്ക് ഏതെല്ലാം ബാങ്കുകളിലാണ് ബാധ്യതയുള്ളതെന്ന് കണ്ടെത്തണമെന്നാണ്. ഇത് ഇന്ന് തയ്യാറാക്കിയ റിപ്പോർട്ടല്ല; ഈ ദുരന്തമുണ്ടായി ഏഴാം ദിവസം തയ്യാറാക്കിയ റിപ്പോർട്ടാണ്. ബാങ്ക് ഓഫ് ബറോഡ മുതൽ വൈത്തിരി പി.സി.എ.ആർ.ഡി.ബി. (Primary Cooperative Agriculture & Rural Development Bank) വരെ പതിനേഴ് ബാങ്കുകൾ മുഖേന 1947 ലോണുകൾ 650 കുടുംബങ്ങളിലെ 905 പേർക്കുണ്ട്. ഇത് കൃത്യമായുള്ള കണക്കാണ്. ആ പതിനേഴ് ബാങ്കുകളിൽ കേരള ബാങ്ക് അവരുടെ 6,41,37,076 രൂപ എഴുതിത്തള്ളാൻ തീരുമാനിച്ചു. ദിവസങ്ങൾക്കുള്ളിൽ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റികൂടി, ബഹുമാനപ്പെട്ട

മുഖ്യമന്ത്രി നേരിട്ട് പങ്കെടുത്തുകൊണ്ട് അവരുടെ കടങ്ങൾ എഴുതിത്തള്ളണമെന്ന് അഭ്യർത്ഥിക്കുകയും നമ്മൾ ഒരുമിച്ച് പാസാക്കിയ കേരള റവന്യൂ റിക്കവറി ആക്റ്റിന്റെ ഭേദഗതി പ്രകാരം ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ മൊറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്തു. ഡിസാസ്റ്റർ മാനേജ്മെന്റ് ആക്റ്റിന്റെ സെക്ഷൻ പതിമൂന്ന് പ്രകാരം എസ്.ഡി.എം.എ. അഭ്യർത്ഥിച്ചതനുസരിച്ച് നമ്മൾ നൽകിയ മെമ്മോറാണ്ടത്തിൽ കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുത്താൽ ദേശീയ ദുരന്തനിവാരണ അതോറിറ്റിക്ക് ഈ കടങ്ങൾ പൂർണ്ണമായും എഴുതിത്തള്ളാൻ സാധിക്കും. അതിന് ഡിസാസ്റ്റർ മാനേജ്മെന്റ് ആക്റ്റിൽ വ്യവസ്ഥയുണ്ട്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പുറമെ ഞാനും ബഹുമാനപ്പെട്ട മന്ത്രിമാരായ എ. കെ. ശശീന്ദ്രനും ശ്രീ. ഒ. ആർ. കേളുവും ശ്രീ. പി. എ. മുഹമ്മദ് റിയാസും, ശ്രീ. ടി. സിദ്ദിഖ് എം.എൽ.എ.-യും ഉൾപ്പെടെയുള്ളവർ പങ്കെടുത്തു. 1979-ൽ നടന്ന ഒരു ദുരന്തത്തിൽ സ്വയം സേവകനായി അദ്ദേഹം പങ്കെടുത്തതിന്റെ വികാരപരമായ അനുഭവപ്രകടനങ്ങൾ നടത്തി മുഖം തുടച്ചപ്പോൾ ഞങ്ങൾ എല്ലാവരും

പ്രതീക്ഷിച്ചത് പത്ത് ദിവസത്തിനുള്ളിൽ ധനസഹായം നൽകുമെന്നാണ്. അത് ഞങ്ങളുടെ കുറവല്ല. സ്വാഭാവികമായും മനുഷ്യരല്ലേ; ഈ ദുരന്തം കണ്ട് അങ്ങനെ സമാനദുരന്തം ഓർമ്മിച്ച ഒരാൾ ധനസഹായം നൽകുമെന്ന് ഞങ്ങൾ ഇപ്പോഴും പ്രതീക്ഷിക്കുകയാണ്. ഒക്ടോബർ 18-നുള്ളിൽ ഈ രണ്ടുകാര്യങ്ങളിലും ഒരു നിലപാടെടുക്കാൻ കോടതി പറഞ്ഞിട്ടുണ്ട്. പുനരധിവാസത്തെ സംബന്ധിച്ച് ഞങ്ങൾ അന്നുമുതൽ പറഞ്ഞതാണ്. അത് കേവലം ഭൂമിയോ വീടോ നൽകലല്ല. സമഗ്രമായ പുനരധിവാസമാണ് സർക്കാർ ലക്ഷ്യമിടുന്നത്. എന്റെ കൈയിലുള്ള ഡോക്യുമെന്റ്, ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെകൂടി അനുവാദത്തോടെ കുടുംബശ്രീ തയ്യാറാക്കിയ പാക്കേജ് സംബന്ധിച്ചാണ്. വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിലെ ഉരുൾപൊട്ടൽ ബാധിത കുടുംബങ്ങൾക്കുവേണ്ടി മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ. ഞാനതിന്റെ വിശദാംശങ്ങൾ പറയുന്നില്ല. അവിടെയുള്ള ഓരോ കുടുംബത്തിന്റെയും പശ്ചാത്തലം; അവരെ ഭൂമിശാസ്ത്രപരമായി എങ്ങനെ തിട്ടപ്പെടുത്തണം, ഡാറ്റാ ഭൂമിയുടെ ക്രമീകരണം, ജനപ്രതിനിധികളുടെ

ശിൽപ്പശാലകൾ, ഗ്രൂപ്പ് ചർച്ചകൾ എന്നിവയെക്കുറിച്ചുള്ള മൈക്രോപ്ലാൻ കേരളം തയ്യാറാക്കും. അതുകൊണ്ട് ഇവിടെ നടന്ന ചർച്ചകളിൽ ഈ രണ്ടുകാര്യങ്ങളിൽ വളരെ കൃത്യതയോടുകൂടിയുള്ള കാര്യങ്ങൾ ചെയ്തുപോരുന്നുണ്ട്. അന്വേഷണത്തിലും കണ്ടെത്തലിലും പ്രവചനത്തിലും ഏതെങ്കിലും വിധത്തിലുള്ള കാര്യങ്ങൾ ചെയ്യാനുണ്ടെങ്കിൽ നമുക്ക് കൂട്ടായി ആലോചിച്ച് ചെയ്യാം. എനിക്ക് ഈ ചർച്ചയിൽ ഒറ്റ കാര്യത്തിൽ മാത്രമെ വിയോജിപ്പുള്ളൂ. ബഹുമാനപ്പെട്ട ടി. സിദ്ദിഖ് എം.എൽ.എ. പറഞ്ഞതുപോലെ, അവിടെ കളക്ടർമാരെ നിയോഗിക്കുന്നത് കൃത്യമായി ഒരോരുത്തരുടെയും കാലാവധി അവസാനിക്കുമ്പോഴോ അവർക്ക് സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ ഉണ്ടാകുമ്പോഴോ ആണ്. അവിടെ ഉദ്യോഗസ്ഥർ ആരുവന്നാലും ഏതാണ്ട് ഒരുപോലെയാണ്. നമ്മളാണ് ആ പ്രവർത്തനങ്ങൾക്കെല്ലാം നേതൃത്വം നൽകുന്നത്. നല്ലതുപോലെ അവരും പ്രവർത്തിച്ചുവെന്നാണ് പൊതുവായ ധാരണ. ആ വിധത്തിൽ ഉദ്യോഗസ്ഥരെ നമ്മൾ കാണേണ്ടകാര്യമില്ല. ഗവൺമെന്റ് അതെല്ലാം നോക്കാനും ഇടപെടാനുമുണ്ട്. അങ്ങനെയാകും അദ്ദേഹം കരുതിയതെന്ന് ഞാൻ കരുതുന്നു. എപ്പോഴാണ് പ്രകൃതിദുരന്തങ്ങൾ

ഉണ്ടാകുന്നതെന്ന് ആർക്കാണ് പറയാൻ കഴിയുന്നത്. ഒന്നരക്കൊല്ലമായി ജില്ലയിലുണ്ടായിരുന്ന രണ്ട് കളക്ടർമാരായിരുന്നു കൊക്കയാറിലും കൂട്ടിക്കലും ദുരന്തമുണ്ടാകുമ്പോൾ ഉണ്ടായിരുന്നത്. മറ്റൊന്ന് വെള്ളാർമല സ്കൂളിന്റെ കാര്യമാണ്. ആഗസ്റ്റ് 24 -ന് രാവിലെയാണ് ഞാനും ശ്രീ. ടി. സിദ്ദിഖുമായി യോഗം ചേരുകയും നമ്മൾ എല്ലാവരും കൂടിയാലോചിച്ച് വെള്ളാർമലയിലേയ്ക്ക് സ്കൂളുകൾ ഉത്സവാടിസ്ഥാനത്തിൽ വരണമെന്നുള്ളത്. വെള്ളാർമല സ്കൂളുകളിലെ പ്രവേശനോൽസവം എത്ര ഗംഭീരമായ പരിപാടിയുമായിരുന്നു. ഇക്കാര്യങ്ങളെല്ലാം ഞങ്ങൾ കൂട്ടായാണ് ആലോചിച്ചത്. ഇനിയും കൂട്ടായിതന്നെ മുന്നോട്ടുപോകും. ശ്രീനാരായണ ഗുരുവിന്റെ നേതൃത്വത്തിൽ നടന്ന സർവമത സമ്മേളനത്തിന്റെ നൂറാം വാർഷികമാണ്. സത്യവ്രതനെക്കൊണ്ട് അദ്ദേഹം എഴുതിപ്പിച്ചതുപോലെ, വാദിക്കാനും ജയിക്കാനും അല്ല. അറിയാനും അറിയിക്കാനുമാണ് എന്ന വിധത്തിൽ ഈ ചർച്ച വളരെ ഗുണകരമായി. ആ വിധത്തിലുള്ള പ്രമേയത്തിലേയ്ക്കും കടക്കുമെന്നാണ് ഇക്കാര്യത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഏറെക്കുറെ എല്ലാകാര്യങ്ങളും ഇവിടെ വ്യക്തമാക്കി കഴിഞ്ഞിരിക്കുകയാണ്. ഇനി വിശദമായ സംസാരത്തിന്റെ ആവശ്യകതയുണ്ടോയെന്ന സംശയത്തിലാണ് ഞാൻ തുടങ്ങുന്നത്. എങ്കിലും വയനാടിന്റെ പ്രശ്നമായതുകൊണ്ട് ചില കാര്യങ്ങൾ പറഞ്ഞുപോകുന്നതായിരിക്കും നല്ലതെന്നാണ് തോന്നുന്നത്. മേപ്പാടിയിലെ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിലുണ്ടായ ഉരുൾപൊട്ടൽ സമാനതകളില്ലാത്ത മഹാദുരന്തമായിരുന്നുവെന്നത് നമ്മളെല്ലാം അംഗീകരിക്കുന്ന കാര്യമാണ്. 251 ആളുകൾക്ക് ജീവൻ നഷ്ടപ്പെടുകയും 47 പേരെ കാണാതാവുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച എല്ലാ വിവരങ്ങളും മുമ്പുതന്നെ സഭയിൽ പരാമർശിച്ചിട്ടുള്ളതാണ്. 2024 ജൂലൈ 30-ന് പുലർച്ചെയാണ് ഉരുൾപൊട്ടലാണെന്ന് സംശയിക്കുന്ന ശബ്ദം നാട്ടുകാർ കേൾക്കുന്നത്. ഉടനെതന്നെ നാട്ടുകാരും ദുരന്തനിവാരണ അതോറിറ്റിയുടെ പരിശീലനം സിദ്ധിച്ച ആപ്ദമിത്ര സിവിൽ ഡിഫൻസ് വോളണ്ടിയർമാരും നേതൃത്വം വഹിച്ചുകൊണ്ടുള്ള രക്ഷാപ്രവർത്തനങ്ങളും ആളുകളെ ഒഴിപ്പിക്കുന്ന പ്രവർത്തനങ്ങളുമെല്ലാം അവിടെനടന്നു. സർക്കാർ സംവിധാനങ്ങൾ,

ജനപ്രതിനിധികൾ എന്നിവരെല്ലാം രക്ഷാപ്രവർത്തനങ്ങളിൽ പൂർണ്ണമായും പങ്കാളികളായി. നേതൃത്വപരമായ പങ്ക് എല്ലാവരും വഹിക്കുകയും ചെയ്തു. ഇതിനെല്ലാം നല്ല ഏകോപനത്തോടെ പ്രവർത്തനം നടത്താൻ കഴിഞ്ഞുവെന്നതുതന്നെയാണ് നമ്മുടെ നാടിന്റെ ഒരു പ്രത്യേകത. മുൻകൂറായി വിന്യസിച്ചിരുന്ന ദേശീയ ദുരന്തനിവാരണസേന 4.30-ഓടുകൂടി രക്ഷാപ്രവർത്തനം ആരംഭിച്ചിരുന്നു. അതോടൊപ്പം ആർമിയും വ്യോമസേനയും അവരുടെ സഹായം ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചു. അങ്ങനെയാണ് ബെയ്‌ലി പാലം അവിടെ നിർമ്മിക്കാൻ സാധിച്ചതെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഫയർ ആൻഡ് റസ്ക്യൂ വിഭാഗത്തിന്റെ നേതൃത്വത്തിൽ നല്ല രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്. ആഗസ്റ്റ് പത്തിനാണ് പ്രധാനമന്ത്രി ഈ സ്ഥലം സന്ദർശിക്കുന്നത്. അതിനുമുമ്പുതന്നെ ബഹുമാനപ്പെട്ട മന്ത്രിമാരായ സർവശ്രീ കെ. രാജൻ, എ. കെ. ശശീന്ദ്രൻ, ഒ. ആർ. കേളു, പി. എ. മുഹമ്മദ് റിയാസ് എന്നീ നാല് മന്ത്രിസഭാംഗങ്ങൾ ഒരു മന്ത്രിസഭാ ഉപസമിതിയെന്ന നിലയിൽ അവിടെ കാര്യങ്ങൾ നിർവഹിക്കുന്നുണ്ടായിരുന്നു. ഒരു ഘട്ടത്തിൽ ഏറെക്കുറെ എല്ലാ മന്ത്രിമാരും അവിടെയെത്തുന്ന

സ്ഥിതിയുണ്ടായിരുന്നു. ഒരു ദിവസംതന്നെ 14 മന്ത്രിമാർ ദുരന്തബാധിത പ്രദേശത്തുണ്ടാകുന്ന അവസ്ഥയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഉൾപ്പെടെ നമ്മുടെ സംസ്ഥാനത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും നേതാക്കന്മാർ മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള നേതാക്കന്മാർ ഇവരെല്ലാം ആദ്യഘട്ടം മുതൽതന്നെ അവിടെ സന്ദർശിക്കുകയും എല്ലാക്കാര്യങ്ങൾക്കും നല്ലരീതിയിൽ അവരുടെ പങ്ക് വഹിക്കുകയും ചെയ്തുവെന്നതാണ് കാണാൻസാധിക്കുന്നത്. ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടി നേതാക്കളും സാമുദായിക പ്രവർത്തകരുമെല്ലാം അവിടെയെത്തുകയും ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പിന്തുണ നൽകുകയും ചെയ്തിട്ടുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഏകോപനത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് മുനിസിപ്പൽ ഡയറക്ടറെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും ദുരന്തനിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ലാൻഡ് റവന്യൂ കമ്മീഷണർ, ഡെപ്യൂട്ടി കളക്ടർമാർ എന്നിങ്ങനെയുള്ള ഉന്നത ഉദ്യോഗസ്ഥർ ജില്ലയിൽ ക്യാമ്പ് ചെയ്യുകയും ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഏകോപനം, അടിസ്ഥാന വിവരശേഖരണം, വിശകലനം, അപഗ്രഥനം,

റിപ്പോർട്ടിംഗ് തുടങ്ങിയ കാര്യങ്ങൾക്കെല്ലാം നേതൃത്വം നൽകുകയും ചെയ്തു. ജില്ലാതലത്തിലും താലൂക്കുതലത്തിലും കൺട്രോൾ റൂമുകൾ കൂടുതൽ കാര്യക്ഷമമാക്കുകയും ദുരന്ത മേഖലയിൽ റവന്യൂ, പോലീസ്, ഫയർ ഫോഴ്സ് എന്നീ വകുപ്പുകളുടെ കൺട്രോൾ റൂം സജ്ജമാക്കുകയും ചെയ്തു. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ചൂരൽമലയിൽ പ്രത്യേക മെഡിക്കൽ ക്യാമ്പ് തുറന്നു. ദുരന്തബാധിതർക്കായി കളക്ടറേറ്റിൽ ഒരു സ്പെഷ്യൽ സെൽ രൂപീകരിച്ച് ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തുകയും ചെയ്തു. അവിടെനിന്ന് മാറ്റി പാർപ്പിക്കാൻ ഉദ്ദേശിച്ച ആളുകൾക്കായി 17 ദുരിതാശ്വാസ ക്യാമ്പുകളാണ് ആരംഭിച്ചത്. ക്യാമ്പുകളിൽ താമസിപ്പിച്ചിട്ടുള്ള കുടുംബങ്ങളുടെയും വ്യക്തികളുടെയും വിവരങ്ങൾ രേഖപ്പെടുത്തുകയും അതിന്റെ ഭാഗമായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും സാധനസാമഗ്രികൾ സജ്ജീകരിക്കുകയും ചെയ്തു. ദുരന്തമുണ്ടായതും രക്ഷാപ്രവർത്തനം നടന്നതുമായ സ്ഥലങ്ങളിൽ ശുചിത്വമിഷന്റെ നേതൃത്വത്തിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 102 ഹരിത സേനാംഗങ്ങളും എഴുപതോളം സന്നദ്ധ സേനാംഗങ്ങളും സഹകരിച്ചു. അവിടെ കണ്ടെത്തിയ മൃതദേഹങ്ങളിൽ

തിരിച്ചറിഞ്ഞ എല്ലാ മൃതദേഹങ്ങളും ബന്ധുക്കൾക്ക് കൈമാറുകയും തിരിച്ചറിയാത്ത മൃതദേഹങ്ങളും ശരീര ഭാഗങ്ങളും പ്രത്യേക സ്ഥലമേറ്റെടുത്ത് സംസ്കരിക്കുകയും ചെയ്തു. ദുരന്തത്തിൽ മരണപ്പെട്ടവരുടെ മരണരജിസ്ട്രേഷൻ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ദുരന്തബാധിതർക്ക് നഷ്ടപ്പെട്ട രേഖകളും സർട്ടിഫിക്കറ്റുകളും ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു. ദുരന്തബാധിതരായ 794 കുടുംബങ്ങൾക്ക് വാടകയ്ക്ക് താമസിക്കാൻ അനുയോജ്യമായ കെട്ടിടങ്ങൾ വിവിധ തദ്ദേശസ്വയംഭരണ പരിധിയിൽ കണ്ടെത്തി മുഴുവൻ കുടുംബങ്ങളെയും 28 ദിവസത്തിനുള്ളിൽ പുനരധിവസിപ്പിക്കാൻ സാധിച്ചു. ദുരിതാശ്വാസ ക്യാമ്പുകളിൽനിന്നും പുനരധിവസിപ്പിക്കുന്ന ആളുകൾക്ക് അത്യാവശ്യ ഭക്ഷണ സാധനങ്ങൾ അടങ്ങിയ കിറ്റുകൾ വിതരണം ചെയ്തു. വീടുകൾക്കാവശ്യമായ ഫർണിച്ചറുകളും മറ്റ് ഉപകരണങ്ങളും വിതരണം ചെയ്തു. ഉരുൾപൊട്ടലിൽ തകർന്ന മുണ്ടക്കൈ സർക്കാർ എൽ.പി. സ്കൂളും വെള്ളാർമല സർക്കാർ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളും മേപ്പാടിയിൽ താൽക്കാലികമായി തുറന്നു. ദുരന്തമേഖലയിലെ 607 വിദ്യാർഥികളുടെ പഠനം പുനരാരംഭിക്കുകയും സൗജന്യ

യാത്രാസൗകര്യവും പഠനസാമഗ്രികളുടെ ലഭ്യതയും ഉറപ്പുവരുത്തുകയും ചെയ്തു. 50-ാം ദിവസം തേയിലത്തോട്ടങ്ങളിൽ ജോലി പുനരാരംഭിച്ചു.

ദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതരായ 131 കുടുംബങ്ങൾക്ക് എസ്.ഡി.ആർ.എഫ്.-ൽനിന്ന് നാല് ലക്ഷം രൂപയും സി.എം.ഡി.ആർ.എഫ്.-ൽനിന്ന് രണ്ട് ലക്ഷം രൂപയും വീതം ആകെ ആറ് ലക്ഷം രൂപ ഓരോ കുടുംബങ്ങൾക്കും നൽകാൻ സാധിച്ചു. ഈയിനത്തിൽ എസ്.ഡി.ആർ.എഫ്.-ൽനിന്ന് 5,24,00,000 രൂപയും സി.എം.ഡി.ആർ.എഫ്.-ൽനിന്ന് 2,62,00,000 രൂപയും ചെലവായി. 173 പേരുടെ ശവസംസ്കാര ചടങ്ങുകൾക്കായി ഓരോ കുടുംബങ്ങൾക്കും 10,000 രൂപ വീതം നൽകി. ദുരന്തത്തിൽ ഗുരുതരമായി പരിക്കേറ്റ് ഒരാഴ്ചയിൽ കൂടുതൽ ആശുപത്രിവാസം ആവശ്യമായിവന്ന 26 പേർക്ക് 17,16,000 രൂപ സഹായമായി നൽകി. ഇതിൽ 4,16,000 രൂപ എസ്.ഡി.ആർ.എഫ്.-ൽനിന്നും 13,00,000 രൂപ സി.എം.ഡി.ആർ.എഫ്.-ൽനിന്നുമാണ് അനുവദിച്ചത്. ദുരന്തത്തിൽ ഒരാഴ്ചയിൽ താഴെമാത്രം ആശുപത്രിവാസം ആവശ്യമായ രീതിയിൽ പരിക്കേറ്റ എട്ട് പേർക്ക് എസ്.ഡി.ആർ.എഫ്.-ൽനിന്ന് 43,200 രൂപയും

സി.എം.ഡി.ആർ.എഫ്.-ൽനിന്ന് 4,00,000 രൂപയും അനുവദിച്ചു. ആകെ 4,43,200 രൂപ ഈയിനത്തിൽ നൽകിയിട്ടുണ്ട്. ദുരന്തബാധിതരായ 1013 കുടുംബങ്ങൾക്ക് അടിയന്തര ധനസഹായമായി 10,000 രൂപ നൽകി. എസ്.ഡി.ആർ.എഫ്.-ൽനിന്നും 5,000 രൂപയും സി.എം.ഡി.ആർ.എഫ്.-ൽനിന്ന് 5,000 രൂപയും വീതം ആകെ 1,01,30,000 രൂപ ഇതിനായി ചെലവഴിച്ചു. ഉപജീവന സഹായമായി ദുരന്തബാധിത കുടുംബങ്ങളിലെ 1694 പേർക്ക് ദിവസം 300 രൂപ വീതം നൽകി. 30 ദിവസത്തേയ്ക്ക് ആകെ 1,52,46,000 രൂപ ഈയിനത്തിൽ നൽകിയിട്ടുണ്ട്. ഈ സഹായം 60 ദിവസത്തേയ്ക്കുകൂടി വർധിപ്പിക്കുവാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നേരത്തെ ഇതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ സൂചിപ്പിച്ചിരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് കിടപ്പുരോഗികളായ 33 ഗുണഭോക്താക്കൾക്ക് പ്രത്യേക ധനസഹായമായി 2,97,000 രൂപ നൽകി. 722 കുടുംബങ്ങൾക്ക് പ്രതിമാസ വാടക 6,000 രൂപ വീതം നൽകിവരുന്നു. ആദ്യമാസ വാടകയായി ഇതുവരെ ഈയിനത്തിൽ 24,95,800 രൂപ ചെലവഴിച്ചു. 649 കുടുംബങ്ങൾക്ക് ഫർണിച്ചറുകൾ

ഉൾപ്പെടെയുള്ള ബാക്ക്-ടു-ഹോം കിറ്റുകൾ നൽകി. വയനാട് ഉരുൾപൊട്ടലിനെത്തുടർന്ന് മാതാപിതാക്കളെ നഷ്ടപ്പെട്ട ആറ് കുട്ടികൾക്ക് പത്ത് ലക്ഷം രൂപ വീതവും മാതാപിതാക്കളിൽ ഒരാൾ നഷ്ടപ്പെട്ട എട്ട് കുട്ടികൾക്ക് അഞ്ച് ലക്ഷം രൂപ വീതവും നൽകുന്നതിന് മന്ത്രിസഭായോഗം തീരുമാനിച്ചു. ശ്രുതിയുടെ കാര്യം ഇവിടെ പരാമർശിക്കുകയുണ്ടായി. അതുപോലെ ഒറ്റപ്പെട്ടുപോയ ഏതെങ്കിലും ആളുകൾ ഇനിയും പരിഗണിക്കപ്പെടേണ്ടതുണ്ടെങ്കിൽ അവരുടെ കാര്യം പ്രത്യേകമായിതന്നെ സർക്കാർ പരിഗണിക്കുകയും ചെയ്യും. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ 531,12,00,000 രൂപ ഇതുവരെ ലഭിച്ചു. സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ സി.എസ്.ആർ. ഫണ്ടായി മൂന്നര കോടി രൂപ ഇതുവരെ ലഭിച്ചു. ദുരന്തവേളയിൽ സർക്കാർ സംവിധാനങ്ങൾക്കൊപ്പംതന്നെ നല്ലവരായ നാട്ടുകാരും സ്ഥാപനങ്ങളും പ്രവാസി സമൂഹവും നമ്മെ സഹായിക്കാൻ മുന്നോട്ടുവന്നുവെന്നത് പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. സഹായവുമായിവന്ന എല്ലാവരുടെയും പേര് പറയാൻ ഇപ്പോൾ സാധിക്കില്ല. എങ്കിലും ചില പ്രത്യേക പേരുകൾ പറയാൻ തയ്യാറാകുകയാണ്. ശ്രീ. രാഹുൽ ഗാന്ധിയും

കെ.പി.സി.സി.-യുംകൂടി പറഞ്ഞിട്ടുള്ള 100 വീടുകൾ, ഡി.വൈ.എഫ്.ഐ. - 100 വീടുകൾ, മുസ്ലീംലീഗ് - 100 വീടുകൾ, തണൽ - 100 വീടുകൾ, നാഷണൽ സർവീസ് സ്കീം - 150 വീടുകൾ, കേരള കാത്തലിക് ബിഷപ്പ് കൗൺസിൽ - 100 വീടുകൾ, ശോഭ ഗ്രൂപ്പ് - 50 വീടുകൾ, കെ. സി. ഈപ്പൻ (കെ.ജി.എ.ഗ്രൂപ്പ്) - 50 വീടുകൾ, എ. എം. വിക്രമരാജ വണിഗർ സംഘം, തമിഴ്നാട് - 40 വീടുകൾ, ബിസിനസ് ക്ലബ്, കോഴിക്കോട് - 40 വീടുകൾ ഇങ്ങനെ ഒട്ടനേകം സ്ഥാപനങ്ങളും വ്യക്തികളും സഹായവുമായി മുന്നോട്ടുവന്നിട്ടുണ്ട്. ഇതുകൂടാതെ ടൗൺഷിപ്പിലേയ്ക്ക് മറ്റ് അടിസ്ഥാന സൗകര്യങ്ങളായ ഹോസ്പിറ്റൽ, സ്കൂൾ, ഹെൽത്ത് സെന്റർ തുടങ്ങിയവ പണിയുന്നതിനും ഓഫറുകൾ ലഭ്യമായിട്ടുണ്ട്. ടൗൺഷിപ്പിന്റെ മാസ്റ്റർപ്ലാൻ അന്തിമമാക്കിയശേഷം ഓഫറുകൾ നൽകിയവരുമായി വിശദമായ ചർച്ച സംഘടിപ്പിച്ച് പ്രായോഗികമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകും. ഇതുമായി ബന്ധപ്പെട്ട് പ്രതിപക്ഷനേതാവുമായും പ്രതിപക്ഷ ഉപനേതാവുമായും സഭാസമ്മേളനം അവസാനിക്കുന്നതിന് മുമ്പ് ചർച്ച ചെയ്യണമെന്ന് തീരുമാനിച്ചിട്ടുണ്ട്. നാളെ യോഗം സംഘടിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ദുരന്തവുമായി

ബന്ധപ്പെട്ട് മറ്റുസംസ്ഥാനങ്ങൾ നൽകിയ ധനസഹായങ്ങളും എടുത്തുപറയേണ്ടതാണ്. ആന്ധ്രാപ്രദേശ് 10 കോടിരൂപ, തമിഴ്നാട്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾ 5 കോടി രൂപ വീതം, മേഘാലയ 1 കോടി 35 ലക്ഷം രൂപ, കർണ്ണാടക 1 കോടി രൂപ നൽകാമെന്ന് അറിയിച്ചിട്ടുമുണ്ട്. വീടുകൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ധനസഹായത്തിന് പുറമേയുള്ള സഹായ വാഗ്ദാനങ്ങളാണ് ഇത്. കെ.എസ്.ഇ.ബി.എൽ. 10 കോടി രൂപയും കല്ല്യാൺ ജ്വല്ലേഴ്സ്, രവി പിള്ള ഫൗണ്ടേഷൻ, അദാനി ഗ്രൂപ്പ്, ലുലു ഗ്രൂപ്പ്, കേരളാ ബാങ്ക്, തൃശ്ശൂർ മുനിസിപ്പാലിറ്റി, കേരള നഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിൽ, കെ.എസ്.എഫ്.ഇ. എന്നിവിടങ്ങളിൽ നിന്നും 5 കോടി രൂപ വീതവും L&T 3.5 കോടി രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേയ്ക്ക് അധികസഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് നിവേദനം നൽകുകയും 27-08-2024-ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ നേരിൽകണ്ട് സഹായം അഭ്യർഥിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ മേഖലകളിലായി 1200 കോടിയിലധികം രൂപയുടെ നാശനഷ്ടമാണ് പ്രാഥമികമായി കണക്കാക്കിയിട്ടുള്ളത്. ഇത്

കണക്കിലെടുത്തുകൊണ്ടുള്ള അധിക ധനസഹായത്തിനായി കേന്ദ്ര മാനദണ്ഡങ്ങൾക്ക് അനുസൃതമായി ആഗസ്റ്റ് 17-ന് മെമ്മോറാണ്ടം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. വിശദമായ മെമ്മോറാണ്ടം സമർപ്പിച്ചെങ്കിലും ദുരന്തത്തിന്റെ ഭാഗമായി ലഭിക്കേണ്ട പ്രത്യേക ധനസഹായം ഇതുവരെ ലഭിച്ചിട്ടില്ല. ടി സാഹചര്യത്തിൽ എത്രയുംവേഗം പ്രത്യേക ധനസഹായം ലഭ്യമാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടാമെന്ന് 13-10-2024-ന് ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ച വിവരവും സഭയെ അറിയിച്ചിട്ടുണ്ട്. ദുരന്തനിവാരണ വകുപ്പ് സെക്രട്ടറി കേന്ദ്ര ആഭ്യന്തര മന്ത്രാലയവുമായി ഇതിനോടകം ചർച്ചകൾ നടത്തിയിട്ടുണ്ട്. ദുരന്തഘട്ടങ്ങളിൽ ശരിയായ രീതിയിൽ കേന്ദ്ര സഹായം ലഭിക്കാത്ത ദുരനുഭവങ്ങൾ നമുക്കുണ്ട്. ലോകശ്രദ്ധയാകർഷിച്ച, നമ്മുടെ നാടിനെ ഏറ്റവും ഗുരുതരമായി ബാധിച്ച ഈ ദുരന്തത്തിന്റെ കാര്യത്തിലും കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഇനിയും അത്തരം അനുഭവങ്ങൾ ആവർത്തിക്കാതിരിക്കുകയെന്നത് വളരെ പ്രധാനമാണ്. കേന്ദ്രസഹായം ലഭിക്കുമെന്ന ശുഭപ്രതീക്ഷയാണ് ഇപ്പോഴും നമുക്കുള്ളത്.

വയനാട് മേപ്പാടി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്വമേധയാ എടുത്തിട്ടുള്ള കേസിന്മേൽ, കേസ് നമ്പർ WP(C)28509/2024 സെപ്റ്റംബർ 6-ാം തീയതി കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധി വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. കേരളം സമർപ്പിച്ച മെമ്മോറാണ്ടത്തിന്റെ വെളിച്ചത്തിൽ ദുരന്തബാധിതരായ ആളുകളുടെ ലോണുകൾ ദുരന്തനിവാരണ നിയമം 2005, സെക്ഷൻ 13 അനുസരിച്ച് എഴുതിത്തള്ളുന്നതുസംബന്ധിച്ചും വിവിധങ്ങളായ മറ്റ് ആവശ്യങ്ങൾ മെമ്മോറാണ്ടത്തിൽ ഉന്നയിച്ചതുസംബന്ധിച്ചും പ്രസ്തുത വിധിയുടെ അവസാന ഖണ്ഡികയിൽ, കേന്ദ്രസർക്കാരിനോട് വിശദമായ മറുപടി നൽകാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാർ മറുപടി നൽകുന്നതിന് ഒക്ടോബർ 18-ാം തീയതി വരെ സമയം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതേ സുവോ മോട്ടോ കേസിൽ ഒക്ടോബർ 4-ാം തീയതിയിലെ വിധിയിൽ കേന്ദ്രസർക്കാരിനോട്, 18-ാം തീയതിക്കുള്ളിൽ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്നും അധിക സഹായം നൽകുന്നത് സംബന്ധിച്ച് അടിയന്തര തീരുമാനം കൈക്കൊണ്ട്

കോടതിയെ അറിയിക്കാനായി ആവശ്യപ്പെട്ടിട്ടുമുണ്ട്. അമിക്കസ് ക്യൂറി സമർപ്പിച്ച റിപ്പോർട്ടുകളുടെ വെളിച്ചത്തിലാണ് കേന്ദ്രസർക്കാരിനോട് ബഹുമാനപ്പെട്ട ഹൈക്കോടതി ഇത്തരം നിർദേശങ്ങൾ മുന്നോട്ടുവച്ചിട്ടുള്ളത്. ഇതിനിടയിൽ, ചില മാധ്യമങ്ങൾ മെമ്മോറാണ്ടത്തിലെ എസ്റ്റിമേറ്റ് തുകയെ വക്രീകരിച്ച് അവതരിപ്പിച്ച്, സമൂഹത്തിൽ തെറ്റിദ്ധാരണ പരത്താനുള്ള ശ്രമം നടത്തുകയാണ് ചെയ്തത്. ഇത്തരം മാധ്യമ രീതികളിലുള്ള അനിഷ്ടം കോടതിതന്നെ 10-10-2024-ൽ പുറപ്പെടുവിച്ച വിധിയിൽ പ്രകടിപ്പിച്ചിരുന്നു. മാധ്യമങ്ങളുടെ ഈ പ്രവണത അത്യന്തം അപലപനീയമാണ്. കേന്ദ്രസർക്കാർ 2024 ആഗസ്റ്റ് 14-ന് ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡത്തിൽ പുതുതായി കൊണ്ടുവന്ന ഒരു നടപടിക്രമമാണ് പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസെസ്മെന്റ്. ഈ പ്രക്രിയയുടെ ഭാഗമായുള്ള ഫീൽഡ് പഠനം കേന്ദ്ര-സംസ്ഥാന വിദഗ്ധരടങ്ങിയ സംഘം പൂർത്തീകരിച്ചു. നിലവിൽ റിപ്പോർട്ട് റിവ്യൂ ഘട്ടത്തിലാണ്. ഈ മാസം അവസാനത്തോടെ പുതിയ നടപടിക്രമം അനുസരിച്ചുള്ള റിപ്പോർട്ട് നൽകാൻ സാധിക്കും. പുനർനിർമ്മാണത്തിന് സഹായം നൽകാൻ ഈ റിപ്പോർട്ട് കേന്ദ്രസർക്കാർ പരിഗണിക്കുമെന്നാണ്

കരുതുന്നത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ഈ വർഷം ലഭിക്കേണ്ട കേന്ദ്രവിഹിതം ലഭിച്ചിട്ടുണ്ട്. ഇത് 291.2 കോടി രൂപയാണ്. കൂടാതെ മേപ്പാടി ഗ്രാമപഞ്ചായത്തിൽ അമ്പതിലധികം തൊഴിൽ ദിനങ്ങളും അനുവദിച്ചു. എന്നാൽ അധിക അടിയന്തര സാമ്പത്തിക സഹായം കേന്ദ്രത്തിൽനിന്നും നാളിതുവരെ ലഭിച്ചിട്ടില്ല. ലോകം മുഴുവൻ ശ്രദ്ധിച്ച ഒരു ദുരന്തമെന്ന നിലയിൽ കേരളത്തിന് അനുഭാവപൂർവ്വം അധികസഹായം നൽകുമെന്ന് തന്നെയാണ് ഇപ്പോഴും ഉറച്ച് വിശ്വസിക്കുന്നത്. ഉരുൾപൊട്ടലിൽ എല്ലാം നഷ്ടപ്പെട്ടവർക്ക് മികച്ച പുനരധിവാസം ഉറപ്പാക്കുന്നതിന് 29-08-2024-ന് ഒരു സർവകക്ഷി യോഗം ചേരുകയുണ്ടായി. എല്ലാ കക്ഷികളും ആ യോഗത്തിൽ ഒരേ വികാരമാണ് പ്രകടിപ്പിച്ചത്. ആഗസ്റ്റ് 23-ന് മേപ്പാടിയിൽ എം.എൽ.എ.-മാർ, ദുരന്തബാധിത പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടെയുള്ള മുഴുവൻ ജനപ്രതിനിധികൾ, ദുരിതാശ്വാസ ക്യാമ്പിലുള്ളവർ, തുടങ്ങിയവരെയെല്ലാം പങ്കെടുപ്പിച്ചുകൊണ്ട് പുനരധിവാസം സംബന്ധിച്ച് അവരുടെ അഭിപ്രായം അറിയുന്നതിന് ഒരു ജനകീയ യോഗം സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ചീഫ് സെക്രട്ടറി

ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ പങ്കെടുത്തു. പുനരധിവാസത്തെക്കുറിച്ച് ജനങ്ങളുടെ അഭിപ്രായംകൂടി കേൾക്കാൻ തയ്യാറാകുന്ന ആദ്യ അനുഭവമായിരുന്നു ഇത്. സമഗ്രവും സർവതലസ്പർശിയുമായ പുനരധിവാസമാണ് സർക്കാർ വിഭാവന ചെയ്യുന്നത്. ജനങ്ങൾ പങ്കുവച്ച നിർദേശങ്ങൾകൂടി പരിഗണിച്ചാകും അന്തിമരൂപം തയ്യാറാക്കുന്നത്. ദുരന്തം ബാക്കിയാക്കിയവരെ ചേർത്തുപിടിച്ച് അവർക്ക് കൂടുതൽ മെച്ചപ്പെട്ടതും സുരക്ഷിതവുമായ ജീവിതം വീണ്ടെടുത്ത് നൽകാനുള്ള അശ്രാന്ത പരിശ്രമത്തിലാണ് സർക്കാർ. മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എച്ച്.എം.എൽ. എസ്റ്റേറ്റും കൽപറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റൺ എസ്റ്റേറ്റും ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി മാതൃകാ ടൗൺഷിപ്പ് നിർമ്മിക്കുന്നതിന് ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ദുരന്തനിവാരണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചാണ് ടി സ്ഥലങ്ങൾ ഏറ്റെടുക്കുന്നത്. കാലതാമസംകൂടാതെ ആ സ്ഥലങ്ങൾ ഏറ്റെടുക്കുമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇവിടെ വിശദമാക്കിക്കഴിഞ്ഞു. ഭാവിയിൽ രണ്ടാമത്തെ നിലകൂടി പണിയുന്നതിന് സൗകര്യമുള്ള രീതിയിൽ, 1000 സ്ക്വയർ

ഫീറ്റിൽ ഒറ്റനില വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. പുനരധിവാസ പാക്കേജിൽ ജീവനോപാധികളും ഉറപ്പാക്കുന്നു. വനിതകൾക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിനുള്ള പരിശീലനവും ഇതോടൊപ്പം നൽകും. കർഷകർക്ക് കൃഷി ചെയ്യാനുള്ള സൗകര്യവും പാക്കേജിന്റെ ഭാഗമായി പരിഗണിക്കും. ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ടമായും വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിലുൾപ്പെടുന്ന മറ്റ് കുടുംബങ്ങളെ രണ്ടാം ഘട്ടമായും പുനരധിവസിപ്പിക്കും. ഒന്നും രണ്ടും ഘട്ടങ്ങളിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ കരട് പട്ടിക ജില്ലാ കളക്ടർ പ്രസിദ്ധീകരിക്കും. പട്ടിക അന്തിമമാക്കുന്നത് സംബന്ധിച്ച വിശദമായ നിർദേശങ്ങൾ പുറപ്പെടുവിക്കാൻ റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുനരധിവാസ പാക്കേജിൽ ജീവനോപാധികൾ ഉറപ്പാക്കും. തൊഴിലെടുക്കാൻ കഴിയുന്ന പരമാവധി പേർക്ക് തൊഴിൽ ഉറപ്പുവരുത്തുകയാണ് ലക്ഷ്യം. എല്ലാ സ്ത്രീകൾക്കും അവർക്ക് താൽപര്യമുള്ള തൊഴിലിൽ ഏർപ്പെടുന്നതിനാവശ്യമായ പരിശീലനം നൽകും. വാടക കെട്ടിടങ്ങളിൽ കച്ചവടം നടത്തുന്നവരെക്കൂടി പുനരധിവാസത്തിന്റെ ഭാഗമായി സംരക്ഷിക്കും. പുനരധിവാസ പദ്ധതികളുടെ പ്രോജക്ട് മാനേജ്മെന്റ്

കൺസൾട്ടന്റായി (പി.എം.സി.), സർക്കാർ അംഗീകരിച്ച നിലവിലെ വ്യവസ്ഥകളനുസരിച്ച് കിഫ്ബി മുഖേന മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. വിവിധ മേഖലകളിൽ ആവശ്യമായി വരുന്നപക്ഷം വിദഗ്ധരുടെ സേവനവും ഉപയോഗിക്കുന്നതാണ്. ഇതിനായി, കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി.എൽ., പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം, ടൗൺ പ്ലാനിംഗ്, ഡിസാസ്റ്റർ മാനേജ്മെന്റ് എന്നീ വകുപ്പുകളിൽനിന്നുമുള്ള അഭിപ്രായങ്ങൾ സമന്വയിപ്പിച്ച് ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെയായിരിക്കും പദ്ധതികളുടെ നിർവഹണം നടത്തുന്നത്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു ഉന്നതാധികാര സമിതിയായിരിക്കും പദ്ധതിക്ക് മേൽനോട്ടം നൽകുന്നത്.

രണ്ട് ടൗൺഷിപ്പിലുംകൂടി ഏകദേശം ആയിരം വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യം വയ്ക്കുന്നത്. എന്നാൽ ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളിൽ പാർക്കുന്ന സമ്പൂർണ്ണ പുനരധിവാസം വേണ്ടിവരുന്ന കുടുംബങ്ങളുടെ എണ്ണം പൂർണ്ണമായും തിട്ടപ്പെടുത്തിയതിനുശേഷം കൂടുതൽ വീടുകൾ നിർമ്മിക്കേണ്ട ആവശ്യം വന്നാൽ അതിനുവേണ്ടി പ്രത്യേക പദ്ധതികൾ തയ്യാറാക്കാനാണ്

ഉദ്ദേശിക്കുന്നത്. പദ്ധതി നിർവഹണ സമയം ചുരുക്കുവാനായി ടൗൺഷിപ്പുകൾ നിർമ്മിക്കാനുദ്ദേശിക്കുന്ന രണ്ട് ലൊക്കേഷനുകളുടെയും ടോട്ടൽ സ്റ്റേഷൻ സർവേയും ലിഡാർ സർവേയുമുള്ള കരാർ ഉടൻ നൽകുന്നതാണ്. പദ്ധതികൾ ടെണ്ടർവഴി നൽകുന്നതിന് മുന്നോടിയായി സർവേകൾ പൂർത്തീകരിക്കുന്നു. അതുവഴി മൊത്തം നിർവഹണ സമയത്തും മൂന്നുമാസം സമയം ലാഭിക്കാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്. Engineering, Procurement and Construction (EPC) മാതൃകയിലാണ് പദ്ധതികൾ നിർവഹിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി EPC ടെണ്ടർ രേഖകൾ 2024 നവംബർ 15-നകം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. പരിസ്ഥിതിലോല പ്രദേശങ്ങളിൽ നിർദേശിച്ചിട്ടുള്ള പാരിസ്ഥിതിക സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചായിരിക്കും എല്ലാ നിർമ്മാണങ്ങളും നടത്തുന്നത്. നിലവിൽ സർവേ നടപടികൾക്കായി ടെണ്ടർ ക്ഷണിച്ചുകഴിഞ്ഞു. സർക്കാർ അനുമതി ലഭ്യമായശേഷം ഒരാഴ്ചക്കകം പദ്ധതികൾ ടെണ്ടർ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഡിസംബർ 31-ഓടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് കരുതുന്നു. പദ്ധതിക്കായി സാധന സാമഗ്രികളായി സഹായങ്ങൾ വാഗ്ദാനങ്ങൾ ചെയ്ത

സ്പോൺസർമാരിൽനിന്നും അവ സ്വീകരിക്കുന്നതിന് പ്രത്യേക സൗകര്യങ്ങൾ സൃഷ്ടിക്കും. രണ്ട് ടൗൺഷിപ്പുകളിലെയും വീടുകളുടെയോ മറ്റ് സൗകര്യങ്ങളുടെയോ പൂർത്തീകരണത്തിന് പണമായി സംഭാവന നൽകാൻ സന്മനസ് പ്രകടിപ്പിച്ചിട്ടുള്ള സ്പോൺസർമാർക്ക് അവരുടെ സഹായം നൽകുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തും. അവരുമായി വിശദമായി ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കും. ആ ഘട്ടമെത്താത്തതുകൊണ്ടാണ് അവരുമായി ചർച്ച നടത്താത്തത്. ദുരന്തത്തിൽ ജീവനോപാധികളും ബന്ധുമിത്രാദികളും നഷ്ടപ്പെട്ട അതിജീവിതത്തിൽ ഇവർ നേരിടുന്ന മാനസിക സമ്മർദ്ദം പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്. ഈ അവസ്ഥ മറികടക്കാനായി Psychosocial Counselling നൽകാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ ദുരന്തസാധ്യത സംബന്ധിച്ച അറിവ് അവയുടെ സാധ്യത സംബന്ധിച്ച പ്രവചനം എന്നിവ നൽകാൻ രാജ്യത്ത് ചുമതലപ്പെടുത്തിയിരിക്കുന്നത് Geological Survey of India (GSI) എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തെയാണ്. ജൂലൈ 29-ന് ഉച്ചയ്ക്ക് 2 മണിവരെയോ

അതിനുമുമ്പേയുള്ള ദിവസങ്ങളിലോ ജൂലൈ 29, 30 തീയതികളിൽ ഔദ്യോഗിക സംവിധാനങ്ങളിൽനിന്ന് ഉരുൾപൊട്ടൽ പ്രവചിക്കപ്പെട്ടിട്ടില്ല. മഴയുടെ കാര്യത്തിൽ പ്രവചനം നൽകുന്നത് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ ഉത്തരവാദിത്വമാണ്. ഓരോ ദിവസവും ജില്ലാടിസ്ഥാനത്തിലുള്ള അടുത്ത അഞ്ച് ദിവസത്തേയ്ക്കുള്ള മഴ സാധ്യത പ്രവചനമാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് സംസ്ഥാന സർക്കാരിന് ലഭ്യമാക്കുന്നത്. ഇതുപ്രകാരം ജൂലൈ 27-ന് പുറപ്പെടുവിച്ച അഞ്ച് ദിവസത്തെ മഴ സാധ്യത പ്രവചനപ്രകാരം ജൂലൈ 28-ന് വയനാട് ജില്ലയ്ക്ക് മഞ്ഞ അലർട്ടും കോഴിക്കോട് ജില്ലയ്ക്ക് ഓറഞ്ച് അലർട്ടും നൽകിയിരുന്നു. ജൂലൈ 28-ന്റെ പ്രവചനത്തിലും മുന്നറിയിപ്പ് അതേപടി തുടരുകയും ജൂലൈ 29, 30 തീയതികളിലേയ്ക്ക് കോഴിക്കോട്, വയനാട് ജില്ലകൾക്ക് മഞ്ഞ അലർട്ട് മാത്രം നൽകുകയും ചെയ്തു. ശ്രദ്ധിക്കേണ്ട കാര്യം ദുരന്തത്തിനുമുമ്പ് റെഡ് അലർട്ട് നൽകപ്പെട്ടിരുന്നില്ലെന്നതാണ്. മേൽക്കാര്യങ്ങൾ വെളിവാക്കുന്നത് നമ്മുടെ ദുരന്ത പ്രവചന സംവിധാനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തലും ശാക്തീകരണവും അനിവാര്യമാണെന്നാണ്. ഇക്കാര്യം 10-08-2024-ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് നൽകിയ കത്തിൽ

പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്. തുടർനടപടികൾക്കായി കേന്ദ്ര സർക്കാരുമായി ചർച്ചകൾ നടത്താനും ഉദ്ദേശിക്കുകയാണ്. ദുരന്തബാധിതരുടെ പുനരധിവാസത്തിനായി എം.പി.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും ഇരുപത്തിയഞ്ച് ലക്ഷം രൂപവരെ വിനിയോഗം ചെയ്യാൻ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്. എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും ദുരിതാശ്വാസത്തിനായി തുക വിനിയോഗിക്കുന്നത് സംബന്ധിച്ച് പ്രത്യേകം ആലോചിക്കേണ്ടതുണ്ട്.

ദുരന്തബാധിത കുടുംബങ്ങൾക്കായുള്ള മൈക്രോ പ്ലാനിനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഓരോ കുടുംബങ്ങളുടെയും ജീവിതാവസ്ഥ മെച്ചപ്പെട്ട സ്ഥിതിയിലേയ്ക്ക് അതിവേഗം എത്തിക്കുന്നതിനായി കുടുംബാധിഷ്ഠ മൈക്രോ പ്ലാനാണ് തയാറാക്കിവരുന്നത്. ജില്ലാഭരണകൂടം, കുടുംബശ്രീ മിഷൻ, വിവിധ വകുപ്പിലെ ഉദ്യോഗസ്ഥർ, വിദഗ്ധർ എന്നിവരെ പങ്കെടുപ്പിച്ച് സെപ്റ്റംബർ 9-ന് വയനാട് കൽപ്പറ്റയിൽവച്ച് consultation ശിൽപശാല സംഘടിപ്പിച്ചു. എല്ലാ കുടുംബങ്ങൾക്കും മൈക്രോ പ്ലാൻ ഉടൻതന്നെ തയ്യാറാക്കാൻ സാധിക്കും.

സഹായധന വിതരണത്തിൽ ചില വ്യക്തികൾ ഒഴിവാക്കപ്പെട്ടുവെന്നതിനെക്കുറിച്ച് നേരത്തെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറയുകയുണ്ടായി. ഇക്കാര്യത്തിൽ നാം ശ്രദ്ധിക്കേണ്ടത് ഇത് സംബന്ധിച്ച് കോടതിയുടെ മേൽനോട്ടവും ഉണ്ടെന്ന വസ്തുതയാണ്. കഴിഞ്ഞ ദിവസം ഹൈക്കോടതി ജില്ലാ ലീഗൽ സർവീസ് അതോറിറ്റി തയാറാക്കിയ റിപ്പോർട്ട് പരിശോധിക്കുകയുണ്ടായി. ഈ റിപ്പോർട്ടിൽ പതിനായിരം രൂപ കിട്ടാത്തവർ, മുന്നൂറ് രൂപയുടെ സഹായം ലഭിക്കാത്തവർ, ആറായിരം രൂപയുടെ വാടക ലഭിക്കാത്തവർ എന്നതരത്തിൽ അവർ തയ്യാറാക്കിയ റിപ്പോർട്ട് ജില്ലാഭരണ സംവിധാനത്തിന് നൽകുകയും മേൽ പരിശോധന നടത്തുകയും ചെയ്തു. പതിനായിരം രൂപ ലഭിച്ചില്ലെന്ന് പരാതിപ്പെട്ട ഇരുപത്തിരണ്ടിൽ പതിനഞ്ച് പേർക്ക് തുക നൽകി. നാലുകേസ്സുകൾ പരിശോധനയ്ക്ക് വില്ലേജിലേയ്ക്ക് കൈമാറി. മറ്റുള്ളവർ 10, 11, 12 വാർഡുകളിൽ ഇല്ലെന്നാണ് കണ്ടത്. ഇത്തരത്തിലാണ് മറ്റു കേസ്സുകൾ. വ്യക്തമായ പരിശോധന നടത്തി മേപ്പാടിയിലെ 10, 11, 12 വാർഡുകളിലെ ദുരന്ത ബാധിതരായ ആരെയെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അവരെയെല്ലാം ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി

സ്വീകരിക്കുന്നതാണ്. വയനാടിനെയും ദുരന്തബാധിതരായ ജനങ്ങളെയും കൈപിടിച്ചുയർത്താൻ നാടിന്റെ നാനാഭാഗത്തുനിന്നും സഹായ വാഗ്ദാനങ്ങളുടെ പ്രവാഹമാണ് ഉണ്ടായിട്ടുള്ളത്. സംസ്ഥാന സർക്കാരുകൾ, രാഷ്ട്രീയ പാർട്ടികൾ, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരെല്ലാം സഹായ വാഗ്ദാനവുമായി മുന്നോട്ടുവന്നിട്ടുണ്ട്. ഇതുവരെ ലഭിച്ച സഹായ വാഗ്ദാനങ്ങളെല്ലാം പട്ടികപ്പെടുത്തിയിട്ടുണ്ട്. ഇവരെയെല്ലാം യോജിപ്പിച്ചുകൊണ്ട് ദുരന്തം അനുഭവിക്കുന്ന ഈ ജനതയെ ജീവിതത്തിന്റെ പുതിയ തലത്തിലേക്ക് കൈപിടിച്ചുയർത്തുകയെന്ന ദൗത്യമാണ് സർക്കാർ ഏറ്റെടുക്കുന്നത്. എല്ലാവർക്കും അറിയാവുന്നതുപോലെ ഇത് ഒറ്റ ദിവസംകൊണ്ട് ചെയ്തുതീർക്കാവുന്ന കാര്യമല്ല. കഴിയാവുന്നത്ര വേഗത്തിൽ ചെയ്യുകയെന്നുള്ളതാണ്, അതിൽ കാലതാമസമില്ലാതെ ചെയ്യുന്നതിനാണ് സർക്കാർ നടപടികൾ എടുത്തിട്ടുള്ളത്. ഇക്കാര്യത്തിൽ എല്ലാവരുടെയും സഹകരണമാണ് ആവശ്യം. ഇതിന്റെ വിമർശനങ്ങൾക്കല്ല ഞങ്ങൾ കൂടുതൽ പ്രാധാന്യം കൊടുത്തതെന്നകാര്യം നേരത്തെ പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് ശ്രദ്ധേയമായ ഒരു

കാര്യമാണ്. ചില കേന്ദ്രങ്ങളിൽനിന്ന് സാധാരണ ഉണ്ടാകുന്നതുപോലെ ഒരുഘട്ടം കഴിഞ്ഞ് കടുത്ത വിമർശനം ഉയർന്നുവന്നപ്പോൾ, അതേറ്റുപിടിക്കുന്നത് കാണാത്തപ്പോൾതന്നെ ആ ഒരുരീതിയാണ് നിങ്ങൾ സ്വീകരിക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു. അതൊരു സ്വാഗതാർഹമായ കാര്യമാണ്. ഇത്തരം കാര്യങ്ങളിൽ നമുക്ക് ഒന്നിച്ചുപോകാൻ സാധിക്കുകയാണ് വേണ്ടത്. കാരണം ടി വിഷയം നാടിന്റെ പ്രശ്നമാണ്; ആവശ്യമാണ്, ഭരണപക്ഷത്തിന്റെയോ പ്രതിപക്ഷത്തിന്റെയോ പ്രശ്നമല്ല. അതേസമയം, എന്തെങ്കിലും വീഴ്ചകൾ സംഭവിക്കുന്നുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കുന്നതിൽ ഒരുപിശകുമില്ല. എല്ലാവരുടെയും സഹകരണമാണ് ഇവിടെ ആവശ്യം, അത് ഏറ്റവും നല്ല രീതിയിൽ ഉണ്ടാകേണ്ട ഒരു ഘട്ടമാണിത്. പ്രതിപക്ഷ കക്ഷികൾക്ക് വലിയ പങ്ക് ഇക്കാര്യത്തിൽ വഹിക്കാൻ സാധിക്കും. പൂർണ്ണ സഹകരണം നിങ്ങളിൽനിന്ന് ഉണ്ടാകണമെന്ന് അഭ്യർഥിക്കുന്നു. കൂടുതൽ കാര്യങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഏറെക്കുറെ എല്ലാ കാര്യങ്ങളും പറഞ്ഞുകഴിഞ്ഞിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്.

**ചട്ടം 275 അനുസരിച്ചുള്ള സബ്സ്റ്റാന്റീവ് മോഷൻ**

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ താഴെപ്പറയുന്ന ചട്ടം 275 അനുസരിച്ചുള്ള സബ്സ്റ്റാന്റീവ് മോഷൻ അവതരിപ്പിക്കുന്നു.

"2024 ജൂലൈ 30-ന് മേപ്പാടി പഞ്ചായത്തിൽ പുഞ്ചിരിമട്ടം, മുണ്ടക്കൈ, ചൂരൽമല എന്നീ പ്രദേശങ്ങളെ ഗുരുതരമായി ബാധിച്ച ഉരുൾപൊട്ടൽ ദുരന്തത്തിലുണ്ടായ നാശനഷ്ടങ്ങൾ വിശദമാക്കിക്കൊണ്ട് കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുണ്ട്.

ഒരുപ്രദേശമാകെ തകർന്നുപോകുന്ന സാഹചര്യമുണ്ടായി. രാജ്യത്ത് ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ ഏറ്റവും വലിയ ഉരുൾപൊട്ടലുകളുടെ ഗണത്തിലാണ് ഈ ദുരന്തം രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്. സമാനതകളില്ലാത്ത ദുരന്തത്തിനുശേഷം അനിവാര്യമായ പുനരധിവാസ പ്രവർത്തനങ്ങൾക്കായി ആവശ്യമായ ധനസഹായമാണ് കേന്ദ്ര സർക്കാരിന് മുമ്പാകെ ആവശ്യപ്പെട്ടത്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി സംഭവസ്ഥലം സന്ദർശിച്ചവേളയിലും അതിനുശേഷം അദ്ദേഹത്തെ നേരിൽക്കണ്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഹായാഭ്യർഥന നടത്തിയിട്ടുണ്ട്.

എന്നാൽ ഇതുവരെ അടിയന്തര സഹായമൊന്നുംതന്നെ ലഭ്യമായിട്ടില്ല. ദേശീയ ദുരന്തനിവാരണ നിയമം അനുശാസിക്കുന്ന മാനദണ്ഡങ്ങൾപ്രകാരം അതിതീവ്ര ദുരന്തത്തിന്റെ (Disaster of severe nature) ഗണത്തിൽപ്പെടുന്നതാണ് മേപ്പാടിയിലുണ്ടായ ഉരുൾപൊട്ടൽ. പ്രകൃതിദുരന്തം നേരിട്ട മറ്റ് പല സംസ്ഥാനങ്ങൾക്കും നിവേദനംപോലുമില്ലാതെ തന്നെ സഹായം ലഭ്യമാക്കിയിട്ടുണ്ട്. ഈ പരിഗണന കേരളത്തിന് ലഭിച്ചില്ല എന്നത് ഖേദകരമാണ്.

‘ ’ ......ദുരന്ത ബാധിതർ ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമെടുത്ത വായ്പകൾ എഴുതിതള്ളുന്ന കാര്യം ചർച്ച ചെയ്യാൻ സംസ്ഥാന സർക്കാർ മുൻകൈ എടുത്ത് സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി 2024 ആഗസ്റ്റ് 19-ന് വിളിച്ചുകൂട്ടുകയും വിഷയം ചർച്ച ചെയ്യുകയും ചെയ്തു. ഇക്കാര്യത്തിൽ കാലവിളംബം കൂടാതെ തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്. ദേശീയ ദുരന്ത നിവാരണ നിയമം 2005-ലെ 13-ാം വകുപ്പ് പ്രകാരം ദേശീയ ദുരന്ത നിവാരണ അതോറിറ്റിക്ക് തീവ്രദുരന്തബാധിതരുടെ വായ്പകൾ എഴുതിത്തള്ളാൻ അധികാരമുണ്ട്. പ്രസ്തുത അധികാരം വിനിയോഗിക്കാൻ ആവശ്യമായ സത്വര

നടപടികൾ സ്വീകരിക്കാൻ കേന്ദ്രസർക്കാർ ഇടപെടേണ്ടതുണ്ട്. അടിയന്തര സഹായം ലഭ്യമാക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ദുരിതാശ്വാസപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ സംസ്ഥാന സർക്കാർ സമർപ്പിച്ച നിവേദനത്തിൽ ആവശ്യപ്പെട്ടതുപോലെ അടിയന്തര സാമ്പത്തികസഹായം ലഭ്യമാക്കണമെന്നും ദുരിതബാധിതരുടെ വായ്പകൾ പൂർണ്ണമായും എഴുതിതള്ളണമെന്നും ഈ സഭ ഐകകണ്ഠ്യേന കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു.' ' എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ടി. സിദ്ദിഖ്, അങ്ങയുടെ ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: സഭ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.